# പൂഞ്ഞാർ

# ഗ്രാമപഞ്ചായത്ത്



# വികസനരേഖ

SAROPLAST

# SARO PLAST

## PIPES & GARDEN HOSE

LOTUS

## LOTUS BRAND P.V.C PIPE FITTINGS

Authorised dealers:

# Universal Agencies

Erattupetta - 1. Kottayam Dt., Kerala - 686 121.
Phone: 048227- 3100. Fax: 048227-3060.



ജനകീയാസൂത്രണ സമിതിയുടെ ജനറൽ കൺവീനറും എഡിറ്റോറിയൽ ബോർഡംഗവുമായിരുന്ന ശ്രീ. ജി. ബാലചന്ദ്രമേനോൻ 24-12-96 ൽ നിര്യാതനായി. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് ഭൂപടം



# പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത്



എൻ രാമകൃഷ്ണപിള്ള
(സ്ഥാപകപഞ്ചായത്തു പ്രസിഡൻറ്)



ഇമ്മാനുവൽ തോമസ്
(രണ്ടാമത്തെ പ്രസിഡൻറ്)



രമാ മോഹനൻ
(പ്രസിഡൻറ്)



ബേബി അറക്കപറമ്പിൽ
(വൈസ് പ്രസിഡൻറ്)



വി. ടി.സുഭദ്രാമ്മ
(സ്റ്റാൻറിംഗ് കമിറ്റി ചെയർമാൻ)

| | |
|---|---|
| ഇമ്മാനുവൽ തോമസ് | (മെമ്പർ) |
| M.Rതങ്കപ്പൻ | ” |
| Adv. സതീഷ് കുമാർ | ” |
| മേരി ജോസഫ് കപ്പലുമാക്കൽ | ” |
| B. രമേഷ് | ” |
| വേണുഗോപാലൻ നായർ | (സെക്രട്ടറി) |

# പൂഞ്ഞാർ ഗ്രാമപഞ്ചായത്ത്

# വികസനരേഖ

## ഉള്ളടക്കം


1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹിക-സാംസ്കാരികചരിത്രം
4. ഭൂപ്രകൃതി ജനപ്രകൃതി
5. വികസന മേഖലകൾ

5.1 കൃഷിയും ജലസേചനവും

5.2 മൃഗസംരക്ഷണം

5.3 വ്യവസായം

5.4 വിദ്യാഭ്യാസം

5.5 പൊതുജനാരോഗ്യം, കുടിവെള്ളം

5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

5.7 സാമൂഹ്യക്ഷേമം, പാർപ്പിടം

5.8 സംസ്കാരം

5.9 വനിതാക്ഷേമം

5.10 സഹകരണം

5.11 പട്ടികജാതി- പട്ടികവർഗം

5.12 വിഭവസമാഹരണം

6. ഉപസംഹാരം

# പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് വികസന രേഖ


എഡിറ്റോറിയൽ ബോർഡ്

1 പ്രൊഫസർ. കെ.വി. ജോസഫ്

2 ജി. ബാലചന്ദ്രമേനോൻ

3 എം.കെ. വിശ്വനാഥൻ

വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

➢ കൃഷി-ജലസേചനം

ടോമി കിടങ്ങത്താഴെ

ബേബി ചിറയാത്ത്

➢ മൃഗപരിപാലനം

പി.ജി. പ്രസാദ്

➢ വിദ്യാഭ്യാസം

പ്രൊഫസർ കെ.വി. ജോസഫ്

➢ കുടിവെള്ളവും പൊതുജനാരോഗ്യവും

എം.കെ വിശ്വനാഥൻ

എൻ. ഗോപാലകൃഷ്ണൻ

➢ ഗതാഗതം ഊർജ്ജം മാർക്കറ്റ്

അഡ്വ: സിറിയക്

➢ പാർപ്പിടം സാമൂഹ്യക്ഷേമം

വി.കെ. ഗംഗാധരൻ

➢ സംസ്കാരം

പി.സി. തോമസ്

എം.കെ. വിശ്വനാഥൻ

ജി. ബാലചന്ദ്രമേനോൻ

➢ വനിതാക്ഷേമം

പോൾ ജോസഫ് പുത്തൻ പുരയ്ക്കൽ

➢ സഹകരണം

ആർ. സുനിൽകുമാർ

➢ പട്ടികജാതി പട്ടികവികസനം

എം.ആർ. തങ്കപ്പൻ

കെ.ആർ. നാരായണൻ

➢ വിഭവസമാഹകരണം

സാബു ഓലിയ്ക്കൽ

➢ ചരിത്രം

ജി. ബാലചന്ദ്രമേനോൻ

എം.കെ.വിശ്വനാഥൻ

നാട്ടറിവ്

പി.ബി. കേരളവർമ്മരാജാ

വി.ജെ. പുരുഷോത്തമൻ

പി.ആർ.ആർ. തമ്പി

എം.കെ. വിശ്വനാഥമേനോൻ

പി.കെ. നാരായണപിള്ള

കെ. ഭാർഗ്ഗവി അമ്മ

കെ. ശ്രീധരമേനോൻ

# പൂഞ്ഞാർഗ്രാമപഞ്ചായത്ത്
# വികസന രേഖ

## ആമുഖം

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അധികാരത്തിൽ വന്ന ജനകീയ ഗവൺമെൻറ് സോഷ്യലിസ്റ്റു വികസനം ലക്ഷ്യമാക്കി തെരഞ്ഞെടുത്ത മാർഗ്ഗം പഞ്ചവത്സര പദ്ധതികളുടെതായിരുന്നു. 1951 – ൽ ഒന്നാം പദ്ധതി ആരംഭിച്ച് എട്ടു പദ്ധതികൾ പിന്നിട്ടു. പിന്നോട്ടു നോക്കി ഒരു വിലയിരുത്തൽ നടത്തുമ്പോൾ നേട്ടങ്ങൾക്കുമീതെ അപചയത്തിൻെറ കുത്തൊഴുക്കുകൾ ദൃശ്യമാകും. നേട്ടങ്ങളുടെ കൂനകൾ എവിടൊക്കയോ ഉറഞ്ഞു കിടക്കുകയും ബഹുജനങ്ങൾ അല്പമാത്ര വിഭവരായി അന്യവൽക്കരിക്കപ്പെടികയും ചെയ്ത സ്ഥിതി വിശേഷം സോഷ്യലിസ്റ്റു നേട്ടമല്ല. യശ:ശരീരനായ മുൻ പ്രധാനമന്ത്രി ശ്രീ രാജീവ്ഗാന്ധി തന്നെ പദ്ധതി അടങ്കലിൻെറ 15 ശതമാനം മാത്രം ജനങ്ങളിൽ എത്തിച്ചേർന്ന ദു:ഖകരമായ സ്ഥിതി വിശേഷം ചൂണ്ടിക്കാണിക്കയുണ്ടായി. 85 ശതമാനവും ആസൂത്രണത്തിൻെറവൈകല്യത്താൽ എത്തിച്ചേർന്നത് ബഹുജനങ്ങളിലല്ല, ചൂഷണ പ്രമുഖരായ അംഗുലീപരിമിത ഇടത്തട്ടുകാരിലാണ് സാധാരണക്കാരുടെ കാര്യത്തിൽ ആഹാരം, വസ്ത്രം, പാർപ്പിടം എന്നീ പ്രാധമികാവശ്യങ്ങൾ പോലും പൂർത്തികരിയ്ക്കാൻ നമുക്ക് കഴിഞ്ഞില്ല.

കഴിഞ്ഞ പദ്ധതികളിൽ അധികാരം മുകൾത്തട്ടിൽ നിന്നും കീഴോട്ടേയ്ക്കാണ് വ്യാപരിച്ചിരുന്നത്. കേന്ദ്രപ്ലാനിംഗ് ബോർഡ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് , എന്നിങ്ങനെ ഉദ്യോഗസ്ഥ പ്രമുഖരുടെ കീഴിൽ ബ്യൂറോക്രസികളുടെ ചങ്ങലകളിൽ ബന്ധപ്പെട്ട് പദ്ധതികൾക്ക് ഗുണശോഷണം സംഭവിച്ച് ഫലപ്രാപ്തി നഷ്ടപ്പെട്ടു.

ജനങ്ങൾ പദ്ധതികളിൽനിന്ന് അകന്നുമാറുകയും വികസനം സർക്കാരിൻെറ ചുമതലയാണെന്ന വിശ്വാസം രൂഢമൂലമാകുകയും ചെയ്തു. പദ്ധതി നേട്ടങ്ങൾ ബ്യൂറോക്രസിയുടെ വരദാനമായി കാണുകയും വ്യക്തിഗതലാഭത്തിനായി അഴിമതി കൈക്കൂലി തുടങ്ങയ സാമൂഹികവിപത്തുകളെ ആശ്ലേഷിക്കുന്ന പ്രവണത ജനങ്ങളിൽ വളരുകയും ചെയ്തു.

പദ്ധതി പരാജയത്തെക്കുറിച്ച് ശാസ്ത്രീയ സോഷ്യലിസത്തിൻെറ വക്താക്കൾ ആദ്യ പദ്ധതിമുതൽ തന്നെ മുന്നറിയിപ്പ് നല്കിയിരുന്നു. പിന്നീട് ബുദ്ധി ജീവികൾ സാമ്പത്തീക വിദഗ്ധർ എന്നിവർ ഇക്കാര്യത്തിൽ ചുഴി ഞ്ഞ് ചിന്തിക്കുകയുണ്ടായി. പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹകണത്തിലും സമൂല മാറ്റം വരുത്തേണ്ടതിൻെറ ആവശ്യകത കൂടുതൽ കൂടുതൽ ബോദ്ധ്യമായി വന്നു. റോഡ്- പാലം- കോൺട്രാക്റ്റ് എന്നീ വിഷമ വൃത്തത്തിൽനിന്നും പദ്ധതി ചിന്ത സ്വതന്ത്രമായി. ജനകീയ പങ്കാളിത്തം എന്ന ആശയം ഹൃദയത്തിലേന്താൻ പുരോഗമനാശയർ നിർബന്ധിതരായി. കേരളാ ഗവ: ഈ ആശയം പ്രയോഗത്തിൽ വരുത്തി 9-ാം പദ്ധതി വിജയി പ്പിക്കാൻ എല്ലാവരുടേയും സഹായം തേടുന്നു.

പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് ജനകീയാസൂത്രണം എന്ന ലക്ഷ്യം കണക്കാക്കി ഗ്രാമ സഭകൾ എല്ലാ വാർഡുകളിലും വിളിച്ചു കൂട്ടുകയും ജനങ്ങളുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും ഈ വികസന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

തുടർന്നുള്ള പ്രവർത്തനങ്ങളിലും ജനകീയ ശക്തിയാണ് ആധാരം. കഴിഞ്ഞ കാല പ്രവർത്തനങ്ങളുടെ അനുഭവവും ജനകീയ കൂട്ടായ്മയുടെ സംഘബലവും ഗ്രാമത്തിൻെറ ഇച്ഛാ ശക്തിയും കൂടിച്ചേർന്ന് ചരിത്രത്തിൻെറ വർത്തമാന കാല ദൗത്യത്തെ അർത്ഥ പൂർണ്ണമാക്കാൻ ഈ വികസന രേഖയ്ക്കു കഴിയട്ടെ.

# ② പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വിലേജുകൾ | : | ഈരാറ്റുപേട്ട, പൂഞ്ഞാർ തെക്കേക്കര,<br>പൂഞ്ഞാർ നടുഭാഗം |
| ബ്ലോക്കു പഞ്ചായത്ത് | : | ഈരാറ്റുപേട്ട |
| താലൂക്ക് | | മീനച്ചിൽ |
| അസംബ്ലി മണ്ഡലം | : | പൂഞ്ഞാർ |
| വിസ്തീർണ്ണം | : | 12.75: ച: കി.മീറ്റർ |
| അതിരുകൾ | : | കിഴക്ക്, പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത്<br>പടിഞ്ഞാറ്, ഈരാറ്റുപേട്ട തിടനാട് പഞ്ചായത്തുകൾ<br>വടക്ക്, ഈരാറ്റുപേട്ട പഞ്ചായത്ത്<br>തെക്ക്, പാറത്തോട് പഞ്ചായത്ത് |
| ജനസംഖ്യ | : | 11360 (1991 ലെ സെൻസസ്) |
| വീടുകൾ | : | 2164 (1991 ലെ സെൻസസ്) |
| വാർഡുകൾ | : | 8 |
| പ്രസിഡൻഡ് | : | ശ്രീമതി രമാമോഹനൻ |
| വൈസ് പ്രസിഡൻഡ് | : | ശ്രീ ബേബി അറയ്ക്കപ്പറമ്പിൽ |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ: | | ശ്രീമതി വി.റ്റി. സുഭദ്രാമ്മ |
| ബ്ലോക്കു പ്രസിഡൻഡ് | : | ശ്രീ ജോർജ് ജേക്കബ് |
| നിയമസഭാ സമാജികൻ | : | ശ്രീ പി.സി. ജോർജ് |
| ലോകസഭാ സമാജികൻ | : | ശ്രീ പി.സി. തോമസ് |

## പഞ്ചായത്തിനെ നയിച്ചവർ

പ്രസിഡൻറുമാർ

| | |
|---|---|
| **1965 മുതൽ 1979 വരെ** | എൻ. രാമകൃഷ്ണപിള്ള |
| **1979 സെപ്റ്റംബർ മുതൽ 85 വരെ** | വി.ഇ. തോമസ് |
| **1988 മുതൽ 90 വരെ** | ജോർജ് ജേക്കബ് |
| **4 1990 മുതൽ 92 വരെ** | എ.ഡി.മാത്യു |
| **4 92 മുതൽ 4 93 വരെ** | കെ.സതീഷ്കുമാർ |
| **5 93 മുതൽ 8 95 വരെ** | ശ്രീമതി എത്സമ്മ ജോസഫ് |

**28.12.63 മുതൽ 79 വരെ മെമ്പർമാർ**

കെ.റ്റി തോമസ്

പി.ഔസേഫ്

പി.ജെ. മാത്യു

കെ.കുമാരമേനോൻ

റ്റി. വർക്കി

കെ.കെ. മേനോൻ

ത്രേസ്യാമ്മ സ്ക്കറിയ

ഭവാനി തമ്പുരാട്ടി

ജോർജ് അഗസ്റ്റിൻ

സി.കെ. കേശവൻ

ആർ. മോഹനൻ

റ്റി.എം. പരീതു

**1980 മുതൽ**

കെ.പി. കേശവൻ നായർ

കുര്യൻ ജോസഫ്

തങ്കമ്മ ജോർജ്

ആർ. മോഹനൻ

കെ.എം.വർക്കി

എൻ.വി. മാണി

വി.ആർ. രവീന്ദ്രനാഥ്

**88 മുതൽ 94 വരെ**

റോസമ്മ ഫിലിപ്പ്

എം.ആർ. തങ്കപ്പൻ

ബി. രമേഷ്

# 3 സാമൂഹിക സാംസ്കാരിക ചരിത്രം

കാലാവസ്ഥയാൽ അനുഗ്രഹീതവും ഫലഭൂയിഷ്ടവുമായ പൂഞ്ഞാർ പശ്ചിമഘട്ടത്തിൻെറ അടിത്തട്ടിൽ സ്ഥിതി ചെയ്യുന്നു. കേരളത്തിൻെറ ഏതാണ്ട് മധ്യഭാഗത്ത് കോട്ടയം ജില്ലയുടെ കിഴക്കരികിൽ ഇടുക്കി ജില്ലയ്ക്ക് പടിഞ്ഞാറുഭാഗത്ത് കുന്നുകളാലും മലകളാലും അനുഗ്രഹീതമായി ഹരിതാഭമായും നിലകൊള്ളുന്ന പൂഞ്ഞാർ അദ്ധ്വാനശീലരായ കർഷകരുടെ വിയർപ്പ്കണങ്ങൾ കൊണ്ട് ഇന്ന് തോട്ടവിളകളുടെ കേദാരമായി തീർന്നിരിക്കുന്നു.

പൂഞ്ഞാറിൻെറ ചരിത്രം പൂഞ്ഞാർ ഗ്രാമ പഞ്ചായത്തിൻെറ മാത്രമല്ല, പൂഞ്ഞാർ തെക്കേക്കര ഉൾപ്പടെ പൂഞ്ഞാർ എന്ന പദത്തിൻെറ വ്യാപ്തിക്കുള്ളിൽ വരുന്ന ഒരു വലിയ പ്രദേശത്തിൻെറ ചരിത്രമാണ്.

പൂഞ്ഞാറിൻെറ ഉത്ഭവത്തെക്കുറിച്ച് വ്യത്യസ്ഥ ഐതിഹ്യങ്ങൾ നിലവിൽ ഉണ്ടെങ്കിലും പുണ്യാർ പരിണമിച്ച് പൂഞ്ഞാർ ആയി എന്നതിനാണ് പ്രചാരം ലഭിച്ചിട്ടുള്ളത്. ഈ പ്രദേശത്തുകൂടി ഒഴുകുന്ന നദിയുമായി ഈ പേര് ബന്ധപ്പെട്ടു കിടക്കുന്നു. പെരിങ്ങളത്ത് കുടമുരുട്ടി എന്ന പേരിൽ ഇന്ന് അറിയപ്പെടുന്ന പണ്ട് അഗസ്ത്യയ മുനി തപസ്സ് അനുഷ്ഠിച്ചിരുന്നു. തപസ്സ് അവസാനിപ്പിച്ച് മുനി മടങ്ങുമ്പോൾ ശിഷ്യർ അനുഗ്രഹത്തിന് അപേക്ഷിക്കുകയും മുനി കൈവശമുള്ള കുടമുരുട്ടി തീർത്ഥജലം ഒഴുക്കുകയും ചെയ്തു. കുടം ഉരുട്ടിയതുകൊണ്ട് കുടമുരുട്ടി മലയും പുണ്യജലം ഒഴുകിയ ആറ് ആയതിനാൽ പുണ്യാറും അറിയപ്പെടുന്ന നാമങ്ങളായി. പുണ്യാർ പൂഞ്ഞാർ ആയി രൂപാന്തരം പ്രാപിച്ചു. ഔഷധഗുണമുള്ള സ്രോതസ്സുകളുടെ പ്രവാഹവും പുണ്യറ് എന്ന പേരിന് കാരണമായിട്ടുണ്ട്. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാല എന്ന ഗ്രന്ഥത്തിലും പൂഞ്ഞാരിനെക്കുറിച്ച് പരാമർശമുണ്ട്.

പൂഞ്ഞാറിൻെറ പ്രാദേശിക ചരിത്രം രേഖപ്പെടുത്തിയിട്ടില്ല. AD1160 – ൽ മധുര അധിപനായിരുന്ന പാണ്ഡ്യ വംശരാജാവ് മാനവിക്രമൻ പടയിൽ തോറ്റ് ഗൂഡല്ലൂർ എത്തി, അവിടം ആസ്ഥാനമാക്കി രാജ്യഭാരം നടത്തി.

തിരുവിതാംകൂർ പ്രദേശം അന്ന് കലഹവും അരാജകത്വവും മൂലം ശിഥിലമായിരുന്നു. മാനവിക്രമൻ തെക്കുംകൂർ രാജാവിൽ നിന്നും പൂഞ്ഞാർ പ്രദേശവും ഹൈറേഞ്ചും സമ്പാധിച്ച് പൂഞ്ഞാർ രാജവംശം സ്ഥാപിച്ചു. AD1750- ൽ തിരുവതാംകൂർ രാജാവ ചെറിയ രാജ്യങ്ങൾ കീഴടക്കി രാജ്യ വിസ്തൃതി വർദ്ധിപ്പിച്ചു. മീനച്ചിൽ കർത്താക്കന്മാർ കീഴടക്കപ്പെട്ടു. പൂഞ്ഞാർ രാജാവഴ്ച തിരുവതാം കൂർ രാജാവിൻെറ മേൽക്കോയ്മ അംഗീകരിച്ചു . ആദ്യകാലത്ത് പൂഞ്ഞാർ രാജ്യത്തിൻെറ വിസ്തൃതി 500 ച:മൈൽ ആയിരുന്നത് പിന്നീട് 4000 ച: മൈ ആയി വർദ്ധിക്കുകയും ഇടവക ആയതോടുകൂടി 56000 ഏക്കർ ആയി ചുരുങ്ങുകയും ചെയ്തു.

1816 –ൽ പൂഞ്ഞാർ രാജാവ് മൺട്രോ സായ്പിൻെറ തീരുമാനപ്രകാരം രാജസ്ഥാനം നഷ്ടപ്പെട്ട് ഇടപ്രഭുവായി തീർന്നു. 1934 – ൽ ഇടവക റഗുലേഷൻ നിയമപ്രകാരം പൂഞ്ഞാർ തിരുവതാംകൂറിലെ 4 ഇടവകകളിൽ ഒന്നായി തീർന്നു. 1936 – ൽ സി. പി. ഗോപാല പണിക്കർ ഇടവക കമ്മീഷണറാകുമ്പോൾ സെറ്റിൽമെൻെറ് നടത്തി ഇത് ഭൂവുടമ ബന്ധത്തിൽ ചെറു മാറ്റം ഉണ്ടാക്കി.തെക്കേക്കര, വടക്കേക്കര എന്ന് രണ്ടംശമായി നിലനിന്നിരുന്ന പൂഞ്ഞാർ സെറ്റിൽമെൻെറു കൂടി നടുഭാഗം കൂടി ഉൾപ്പെട്ട് മൂന്നംശമായ് മാറി.ഫ്യൂഡലിസത്തിൻെറ പിടിയിലമർന്നിരുന്ന പൂഞ്ഞാറിൻെറ ജന്മിത്വം അവസാനിപ്പിച്ചത് 1954 – ൽ മുഖ്യമന്ത്രി എ.ജെ ജോൺ ആയിരുന്നു.

ഇന്നു പൂഞ്ഞാറിൽ സ്ഥിതി ചെയ്യുന്ന മധുര മീനാ ക്ഷി ക്ഷേത്രത്തിലെ മീനാക്ഷി ബിംബവും സുന്ദരേശവിഗ്രഹവും മാനവിക്രമൻ മധുരയിൽ നിന്നു കൊണ്ടുവന്നതാണ്. ശാസ്താക്ഷേത്രം ഇന്നത്തെ നിലയിലല്ലെങ്കിലും ഇവിടെ ഉണ്ടായിരുന്നതായും കേൾക്കുന്നു. മധുര രാജാവിൻെറ ആഗമനത്തിനു മുമ്പ് ഇവിടെ പാർത്തിരുന്ന ജനങ്ങളിൽ പഴൂർ പണിക്കരുടേയും വെള്ളൂർ പണിക്കരുടെയും കുടുംബങ്ങൾ അറിയപ്പെട്ടവ ആയിരുന്നു. 1300 എ.ഡി. യിൽ പൂഞ്ഞാർ സെൻറ് ജോസഫ്സ് ചർച്ച് സ്ഥാപിക്കപ്പെട്ടു . വളരെ കുറച്ചു മാത്രം ക്രിസ്ത്യൻ കുടുംബങ്ങളാണ് ഇവിടെ ഉണ്ടായിരുന്നത്. പിന്നീട് അന്തീനാട് ഭരണങ്ങാനം ഇടമറ്റം പ്രവിത്താനം മുതലായ മേഖലകളിൽ നിന്ന് കുടിയേറ്റമുണ്ടായി ജനസംഖ്യ വർദ്ധിച്ചു. കുടിയേറ്റക്കാർ കഴിഞ്ഞ 200 വർഷം കൊണ്ട് കാർഷിക മേഖലയിൽ ആരോഗ്യപരമായ പരിവർത്തനമുണ്ടാക്കി പൂഞ്ഞാറിൻെറ മുഖഛായക്ക് മാറ്റം വരുത്തി. മണിയം കുന്ന്, മണിയംകുളം, ചേന്നാട് എന്നീ ഭാഗങ്ങളിൽ ക്രിസ്തീയ ദേവാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. ഏതാണ്ട് 50 വർഷം മുമ്പാണ് മുസ്ലീം ജനത ഇങ്ങോട്ട് കടന്നുവരുന്നത്. ഇപ്പോൾമറ്റയ്ക്കാട് നെല്ലിക്കച്ചാലിൽ ഭാഗങ്ങളിൽ രണ്ട് മുസ്ലീം ദേവാലയങ്ങളുണ്ട്. മതസൗ

ഹാർദ്ദത്തിൻെറയും സഹിഷ്ണുതയുടെയും ഉത്തമനിദർശനമായി പൂഞ്ഞാർ നില കൊള്ളുന്നു.

രാജഭരണകാലത്ത് പണമായും പാട്ടമായും കരം പിരിച്ചിരുന്നു. ഭരണയന്ത്രം തിരിച്ചിരുന്ന പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഔദ്യോഗിക സ്ഥാനങ്ങൾ ചുവടെ ചേർക്കുന്നു.

മുതലുപിടി, വനം വിചാരിപ്പ്, യന്ത്രക്കാരൻ സമ്പ്രദതി, അധികാരി, രായസംപിള്ള, മാസപ്പടി.

അഞ്ചലാഫീസ്, മജിസ്ട്രേറ്റ് കോർട്ട്, പകുതിക്കച്ചേരി, വിവിധയിനം കച്ചേരികൾ(ഓഫീസുകൾ) എന്നിവ അക്കാലത്തുണ്ടായിരുന്നു. ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം ഗവ: എൽ. പി. സ്കൂൾ ആണ്. അതിന് ഏതാണ്ട് 125 കൊല്ലത്തോളം പഴക്കമുണ്ട്. ആദ്യകാലത്ത്

ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം കെട്ടിടങ്ങൾ ആയിരുന്നു ഉണ്ടായിരുന്നത്.

ഗതാഗതം അധികവും ജലമാർഗമായിരുന്നു. പൂഞ്ഞാർ ആറ്റിൽ കൂടി വള്ളത്തിൻെറ സഞ്ചാരം അന്ന് സുഗമമായിരുന്നു. രാജകുടുംബാംഗങ്ങളുടെ കരമാർഗമുള്ള സഞ്ചാരത്തിന് പല്ലക്കും ഉപയോഗിച്ചിരുന്നു. ഇന്ന് കാണുന്ന കോട്ടയം - പൂഞ്ഞാർ റോഡിന് ഏതാണ്ട് 100 കൊല്ലത്തെ പഴക്കമുണ്ട്. അതാണ് ഈ നാട്ടിലെ ആദ്യത്തെ റോഡ്. 1930 - ൽ (105 ) ആയിരുന്നു ആദ്യത്തെ ബസ് സർവ്വീസ് ആരംഭിച്ചത്. 8 സീറ്റോടു കൂടിയ ആദ്യ ബസ്സിൻെറ ആദ്യ ഡ്രൈവർ അമ്പലപ്പുഴക്കാരൻ അച്യുതൻ പിള്ള ആയിരുന്നു.

പഴയകാലത്തെ ജനജീവിതത്തെക്കുറിച്ചോ സാമൂഹ്യജീവിതത്തെക്കുറിച്ചോ അവ്യക്തമായിപ്പോലും പരാമർശിക്കുന്ന രേഖകളൊന്നും ഇന്ന് ലഭ്യമല്ല. ഭാരതത്തിലും കേരളത്തിലും ഉണ്ടായ പല ചലനങ്ങളും അവയ്ക്ക് നേതൃത്വം കൊടുത്ത വ്യക്തിത്വങ്ങളുടെ മഹത് സാന്നിദ്ധ്യവും ഇ വിടെ ഉണ്ടായിട്ടുണ്ട്. 1103 - ൽ (1928 ) സാമൂഹ്യപരിഷ്കരണത്തിൻെറ സന്ദേശവുമായി ശ്രീ നാരായണ ഗുരു പൂഞ്ഞാർ സന്ദർശിക്കുകയും മങ്കുഴി ക്ഷേത്രത്തിൽ താമസിക്കുകയും ഒരു ശൂലം പ്രതിഷ്ഠിക്കുകയുമുണ്ടായി. ഇത് ജനങ്ങളുടെ പ്രത്യേകിച്ച് പിന്നോക്ക ജനങ്ങളുടെ സ്വതന്ത്ര ചിന്തയ്ക്കും അവകാശബോധത്തിനും ആത്മീയ നവോത്ഥാനത്തിനും പ്രേരകമായി. സംഘടിതമായ ജനകീയ പ്രസ്ഥാനങ്ങൾക്ക് നാന്ദിയായി തീരുകയും ചെയ്തു. സർവ്വശ്രീ സഹോദരൻ അയ്യപ്പൻ, സി. കേശവൻ , റ്റി. കെ മാധവൻ, കെ. ആർ നാരായണൻ തുടങ്ങിയ സാമൂഹ്യ രാഷ്ട്രീയ രംഗത്തെ അതികായൻമാരുടെ സന്ദർശനം സാമൂഹ്യ നവോത്ഥാനത്തിനും രാഷ്ട്രീയ വളർച്ചയ്ക്കും പ്രേരകമായിട്ടുണ്ട്. സ്റ്റേറ്റു കോൺഗ്രസ്സിൻെറ വളർച്ചയ്ക്ക് ഇവരുടെ പ്രവർത്തനം സഹായകമായി.

സ്റ്റേറ്റ് കോൺഗ്രസ്സിൻെറ സ്വാതന്ത്ര്യ സമര പ്രക്ഷോഭണത്തിൻെറ അലകൾ വിദ്യാർത്ഥികളിലും ചെന്നെത്തി. പൂഞ്ഞാർ എസ്.എം.വി.എച്ച്.എസ്.ലെ വിദ്യാർത്ഥികൾ കണ്ടത്തുങ്കര തൊമ്മൻെറ നേതൃത്വത്തിൽ നടത്തിയ പിക്കറ്റിംഗിൽ ഐ. നാരായണൻ വി. വി. സെബാസ്റ്റ്യൻ, തകടിയേൽ തങ്കച്ചൻ തുടങ്ങിയവർ സജീവ പങ്കാളിത്തം വഹിച്ചിട്ടുണ്ട്.

ഒന്നാം ലോക മഹായുദ്ധാനന്തരം ലോകം പൊതു നാണയ കുഴപ്പത്തിൽ പതിച്ചു. പൂഞ്ഞാറും പ്രതിസന്ധിയുടെ ചൂളയിൽ വെന്തുരുകി. ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യവും ദുർവ്വഹമായ നികുതിഭാരവും ജൻമിത്വത്തിനെതിരായ സമരമായി മാറി. 1108 - ൽ ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയുടെ നേതൃത്വത്തിൽ പൂഞ്ഞാർ പള്ളി മൈതാനിയിൽ ചേർന്ന യോഗം ജൻമിത്വത്തിനെതിരെയുള്ള പോരാട്ടത്തിൽ ഒരു നാഴികക്കല്ലാണ്. 1108 - ൽ പട്ടം താണു

പിള്ള ഭൂമിയിൽ സ്ഥിരാവകാശം, നികുതി കുറയ്ക്കൽ എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ശ്രീമൂലം പ്രജാസഭയിൽ നടത്തിയ ഉജ്ജ്വലമായ പ്രസംഗം ചരിത്രത്തിൻെറ ഭാഗമായി തീർന്നിട്ടുണ്ട്. 1114 -ൽ നിരോധനം ലംഘിച്ച് പാലായിൽ പ്രസംഗിച്ചതിന് സി . ജോൺ തോട്ടക്കരയെ 3 മാസത്തേയ്ക്ക് ജയിലിലടച്ചു. കർഷകരുടെ ആവശ്യങ്ങൾക്കു വേണ്ടി ധീരോദാത്തമായ സമരത്തിന് നേതൃത്വം നൽകിയ ശ്രീ ജോസഫ് തെള്ളി ഒരു തികഞ്ഞ കമ്യൂണിസ്റ്റുകാരനായി പൂഞ്ഞാറിൻെറ ചരിത്രത്തിൽ നിറഞ്ഞു നിന്നു.

ദേശീയ പ്രക്ഷോഭത്തിൻെറ ഭാഗമായി തിരുവിതാംകൂർ കമ്യൂണിസ്റ്റു പാർട്ടി സംഘടിപ്പിച്ച പട്ടിണി ജാഥയിൽ ജോസഫ് തെള്ളി, മാത്യു തെള്ളി, രാമൻ വൈദ്യർ തോട്ടപ്പള്ളി, കുമാരൻ തോട്ടപ്പള്ളി, സഹദേവൻ വാലാനിക്കൽ, മാർത്താണ്ഡൻ വാലാനിക്കൽ , പരമേശ്വരൻ വാലാനിക്കൽ , രവീന്ദൻ മങ്കുഴിയിൽ, ദേവസ്യാ അരീപ്ലാക്കൽ, ശിവരാമൻ പതീക്കുന്നേൽ, മാണി ആരംപുളിക്കൽ, നാരായണൻ വളതൂക്കിൽ, ഏ. റ്റി തോമസ് ആയിലുക്കുന്നേൽ എന്നിവർ പങ്കെടുത്തു. ഇവരെ താമ്ര പത്രവും സ്വാതന്ത്യസമര പെൻഷനും നൽകി ആദരിച്ചിട്ടുണ്ട്. 1121 - ൽ സ്വാതന്ത്യ സമരത്തോട് അനുബന്ധിച്ച് സർവ്വശ്രീ മാധവൻ ഈട്ടിക്കൽ, സി. എസ്. തോമസ് കിഴക്കേത്തോട്ടം, സിറിയക് ആരംപുളി, എന്നിവരെ അറസ്റ്റു ചെയ്തു.

പുന്നപ്ര വയലാർ സമരത്തിൽ പങ്കെടുത്തവരുൾപ്പെടെ സർവ്വശ്രീ ഇ. കെ. നായനാർ, വി. എസ് അച്യുതാനന്ദൻ, എം. എൻ. ഗോവിന്ദൻ നായർ, കെ. സി. ജോർജ്, പി. റ്റി. പുന്നൂസ്, സി. ജി. സദാശിവൻ, എസ്. കെ. ദാസ്, കെ. റ്റി. ജേക്കബ്, കൂത്താട്ടുകുളം മേരി തുടങ്ങിയ പോ

രാളികൾക്ക് പൂഞ്ഞാർ ഒളിത്താവളം നൽകി സംരക്ഷിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ രാഷ്ട്രീയ രംഗത്തു രേഖപ്പെടുത്തേണ്ട ചലനങ്ങളുണ്ടായിട്ടില്ല. കേരള പിറവിക്കുശേഷം രൂപം കൊണ്ട ഇ. എം. എസ് മന്ത്രിസഭയുടെ പുരോഗമനോമുഖമായ കാർഷിക വിദ്യാഭ്യാസ ബില്ലുകൾക്കെതിരെ 1957 – ൽ നടന്ന വിമോചന സമരത്തിൽ പൂഞ്ഞാറ്റിലെ ഒരു ജനങ്ങളിൽ ഒരു വിഭാഗം പങ്കെടുത്തിട്ടുണ്ട്. എന്നാൽ ഈ നിയമങ്ങൾ നടപ്പാക്കപ്പെട്ടപ്പോൾ അദ്ധ്യാപകർ, കർഷകർ, കുടികിടപ്പുകാർ തുടങ്ങി പൂഞ്ഞാറ്റിലെ ഒട്ടനവധി ആൾക്കാർ ഗുണഭോക്താക്കളായി മാറി.

അന്തർദേശീയ സ്പോർട്ട്സ് രംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച കേണൽ ജി. വി. രാജ, സംസ്കൃത പണ്ഡിതനും കവിയുമായിരുന്ന അവിട്ടം തിരുനാൾ, രാമവർമ്മ വലിയ രാജ, ഗായത്രീ മന്ത്രങ്ങളുടെ പഠന ഗ്രന്ഥം രചിച്ച ആലക്കോട് തമ്പുരാൻ എന്നറിയപ്പെടുന്ന പി. ആർ. രാമവർമ്മ വലിയ രാജാ, മാർക്സിസ്റ്റ് ചിന്തകനും സാഹ്യത്യകാരനുമായ ഹരിഹരൻ പൂഞ്ഞാർ, അഡ്വക്കേറ്റ് എൻ. ഗോവിന്ദ മേനോൻ, മുൻ മന്ത്രിമാരായ ടി.എ. തൊമ്മൻ, എൻ. എം. ജോസഫ് ഉദ്യോഗസ്ഥ പ്രമുഖരായ ആർ. രാമചന്ദ്രൻ നായർ, സി. പി. രാമകൃഷ്ണപിള്ള, കെ. ജെ. മാത്യു, ലഫ്റ്റനൻറ് കേണൽ ജോർജജ് മാത്യു പുല്ലാട്ട്, പ്രശസ്ത ഹൃദയ ശസ്ത്രക്രിയാ വിദഗ്ദ്ധൻ ഡോക്ടർ വി. എം. കുര്യൻ കിഴക്കേത്തോട്ടം, കായംകുളം ശ്രീരാമകൃഷ്ണ മഠാധിപതി കൈവല്യാനന്ദ സ്വാമികൾ എന്നിവർ പൂഞ്ഞാറിൻെറ പ്രശസ്തരായ സന്താനങ്ങളിൽ ചിലർ ആണ്.

1953 – ൽ പൂഞ്ഞാർ പഞ്ചായത്ത് സ്ഥാപിതമായി. 12-6-69 -ൽ പൂഞ്ഞാർ തെക്കേക്കര ഭാഗങ്ങൾ വേർപെടുത്തി പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് രൂപം കൊണ്ടു. വേർപെട്ടുപോയ ഭാഗങ്ങൾ പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത് ആയി മാറി. ഈ പ്രദേശത്തിൻെറ വികസനം ലക്ഷ്യമാക്കി പൂഞ്ഞാർ ഗ്രാമ പഞ്ചായത്തിന് രൂപം കൊടുക്കുന്നതിൽ സർവ്വശ്രീ എൻ. രാമകൃഷ്ണ പിള്ള, കെ. കുമാരമേനോൻ, കെ. ടി. തോമസ് കണിയാംകുന്നേൽ, കെ. സി. ജോസഫ് കിഴക്കേത്തോട്ടം എന്നിവർ നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. പൂഞ്ഞാർ ഗ്രാമ പഞ്ചായത്തിൻെറ ആദ്യ പ്രസിഡൻറ് എൻ. രാമകൃഷ്ണ പിള്ളയും ആദ്യ സെക്രട്ടറി പേരൂപ്പറമ്പിൽ നാരായണൻ നായരും ആയിരുന്നു.

ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭണങ്ങളും ജൻമിത്വത്തിനെതിരായ സമരങ്ങളും തൊഴിലാളി കർഷക സമരങ്ങളും അവയ്ക്ക് പൂഞ്ഞാർ നൽകിയ സംഭാവനകളും ഈ മണ്ണിൻെറ സാമൂഹ്യ ചരിത്രത്തിൽ വരുത്തിയ മാറ്റം ശ്രദ്ധേയമാണ്.

# 4 ഭൂപ്രകൃതി ജനപ്രകൃതി

### ഭൂപ്രകൃതി

മീനച്ചിലാറിൻെറ ശാഖകളിലൊന്നായ തെക്കനാറ് പൂഞ്ഞാർ ഗ്രാമത്തിലൂടൊഴുകുന്നു. ഈ പഞ്ചായത്തിൻെറ 1, 2, 3, 4, 8 എന്നി വാർഡുകളെ ആശ്ലേഷിച്ച് പൂഞ്ഞാറിൻെറ ചരിത്രത്തിന് നിത്യ സാക്ഷിയായി ഒഴുകുന്ന പുഴ ഭൂപ്രകൃതിയിലും ജീവിതത്തിലും നിർണ്ണായക സ്വാധീനം ചെലുത്തുന്നു.

കിഴക്ക് പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത്, പടിഞ്ഞാറ് തിടനാട് ഈരാറ്റുപേട്ട പഞ്ചായത്ത്, വടക്ക് ഈരാറ്റുപേട്ട പഞ്ചായത്ത്, തെക്ക് പാറത്താട് പഞ്ചായത്ത് എന്നിവകളാൽ ചുറ്റപ്പെട്ട് 12.75 ച: മൈൽ വിസ്തൃതിയിൽ പൂഞ്ഞാർ ഗ്രാമ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു.

ഒരു മലമ്പ്രദേശമായ പൂഞ്ഞാർ കുന്നുകൾ, ചെരിവുകൾ, താഴ്‌വരകൾ എന്നിവ കൊണ്ട് നിറഞ്ഞിരിക്കുന്നു. അവയുടെ ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉയർന്ന കുന്നിൻ പുറങ്ങൾ | 10% |
| ചെരിവുകൾ | 80% |
| താഴ്‌വരകൾ | 9% |
| പുഴയുടെ തീരങ്ങൾ | 1% |

ചെമ്മണ്ണ് വിഭാഗത്തിൽപ്പെട്ട മണ്ണാണ് ഗ്രാമത്തിലെമ്പാടും. കല്ലുപാറക്കൂട്ടങ്ങൾ ചില ഭാഗങ്ങളിലുണ്ട്. കൃഷിയ്ക്ക് പറ്റിയതാണെങ്കിലും ഫലഭൂയിഷ്ഠത കുറഞ്ഞതും വളപ്രയോഗം ആവശ്യമായിട്ടുള്ളതുമാണ് ഇവിടുത്തെ മണ്ണ്.

നിമ്നോന്നതമായ ഈ പ്രദേശത്തെ പ്രധാന കുന്നുകൾ.

ചേന്നാട് മാളിക, തൈനി, കരിമല, കണ്ടേത്തുമല, ആരാംപുളി, ഇടവര, പുതുവടിക്കുന്ന്, മണ്ഡപത്തിൻപാറ, തണ്ണിപ്പാറ, മണിയൻകുന്ന്.

റബ്ബർ, തെങ്ങ്, കമുക്, കാപ്പി, തേയില, കൊക്കോ, കുരുമുളക് മുതലായവയാണ് പ്രധാന കൃഷി ഇനങ്ങൾ.

കേരളത്തിൽ കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമാണ് പൂഞ്ഞാർ. കാലവർഷവും(തെക്കു- പടിഞ്ഞാറൻ മൺസൂൺ) തുലാവർഷവും(വടക്കു-കിഴക്കൻ മൺസൂൺ) നന്നായി പെയ്യുന്നു. ജൂൺ, ജൂലൈ മഴക്കാലവും ഡിസംബർ ജനുവരി മഞ്ഞുകാലവും ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് വേനൽക്കാലവുമാണ്. വേനൽക്കാലത്ത് വേനൽ മഴയുമുണ്ട്. മൺസൂൺ മഴയും വേനൽ മഴയും സമൃദ്ധമായിരുന്ന ഭൂതകാലത്തേക്കുറിച്ച് പഴമക്കാർ ഓർമ്മിക്കുന്നു. ഇപ്പോൾ ഇവ കുറഞ്ഞുകൊണ്ടടിരിക്കുന്നു.

**ഈ പഞ്ചായത്തിൽ കൂടി ഒഴുകുന്ന വലരികളും തോടുകളും**

1. പന്നിക്കാടൻ തോട്
2. നെടുന്താനം വലരി
3. മണ്ണാത്തിപ്പാറ വലരി
4. ആരാംപുളി വലരി
5. മോതിരത്താനി വലരി
6. രക്ഷാഭവൻ വലരി
7. മുക്കുഴി തോട്
8. പെരുനിലം തോട്
9. ഐക്കര തോട്
10. പുളിക്കപ്പാലം തോട്
11. കോന്തനാനി വലരി
12. വരിക്കൂർ വലരി

### ജനപ്രകൃതി

1991 -ലെ സെൻസസ് അനുസരിച്ച് പൂഞ്ഞാർ ഗ്രാമത്തിലെ ജനസംഖ്യ 11360 ആണ്. എന്നാൽ ഇപ്പോഴത്തെ സർവ്വെ പ്രകാരം ജനസംഖ്യ 14270 ആണ്. ഇതിൽ 7194 പുരുഷൻമാരും 7076 സ്ത്രീകളുമാണ്. 2160 കുടുംബങ്ങളിലായി വസിക്കുന്ന അംഗങ്ങളുടെ കുടുംബ ശരാശരി 5.5 ഉം ജനസാന്ദ്രത ചതുരശ്ര മൈലിന് 1119.2 ഉം ആണ്. പട്ടിക ജാതി - വർഗ്ഗത്തിൽപ്പെട്ട 98 കുടുംബങ്ങളിലായി 414 അംഗങ്ങളുണ്ട്. (1991 - ലെ സെൻസസ് പ്രകാരം).

സാക്ഷരതയുടെ കാര്യത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നു. പട്ടികജാതി-വർഗ്ഗ വിഭാഗവും സാക്ഷരരാണ്. സാങ്കേതിക തൊഴിൽ വിദ്യാസ്ഥാപനങ്ങൾ ഇല്ല. ഈ വിഭാഗത്തിൽ വിദ്യാഭ്യാസം നേടിയവരും കുറവാണ്.

അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർ ധാരാളമാ ണ്. പട്ടികജാതിയെ അപേക്ഷിച്ച് പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ് ജോലിയുള്ളവരിൽ കൂടുതൽ. കാർഷിക

പ്രധാന പ്രദേശമായതുകൊണ്ട് കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നവർക്കും വർഷത്തിൻെറ മുഴുവൻ ദിവസങ്ങളിലും ജോലി ലഭിക്കുന്നില്ല. കായികാദ്ധ്വാനത്തോടുള്ള യുവജനങ്ങളുടെ വീക്ഷണത്തിൽ ആരോഗ്യകരമായ മാറ്റം ഉണ്ടാകണം.

സ്ത്രീകൾ വിദ്യാസമ്പന്നർ ആണെങ്കിലും പൊതുരംഗത്തെ അവരുടെ പ്രവർത്തനം ആശാവഹമല്ല. സർക്കാർ ജോലിക്ക് ശ്രമിക്കുകയും ഗൃഹജോലിയിൽ ഒതുങ്ങുകയും ചെയ്യുന്നതിൻെറ ഒരു ചിത്രം ഗതാനുഗതികത്വത്തിൻെറ ഭാഗമായി നിലനിൽക്കുന്നു.

തുടർന്നു പോരുന്ന വികസന പ്രക്രിയകളിലെ പോരായ്മകളിലേയ്ക്കാണ് തൊഴിൽരാഹിത്യത്തിൻെറ ആധിക്യം വിരൽ ചൂണ്ടുന്നത്. 9 -ാം പഞ്ചവത്സരപദ്ധതിക്ക് വേണ്ടുന്ന തൊഴിൽ സേനയിൽ വ്യഥാവിലാകുന്ന യുവത്വങ്ങളുടെ കർമ്മശേഷി ഉപയോഗപ്പെടുത്താം.

**പഞ്ചായത്ത് സെൻസസ് 1991**

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര്: | | പൂഞ്ഞാർ |
| പഞ്ചായത്തിൻെറ വിസ്തീർണ്ണം | : | 24.16 ച:കി. മീ. |
| ആൾത്താമസമുള്ള വീട് | | 2164 |
| കുടുംബങ്ങൾ | : | 2164 |
| ജനസംഖ്യ | : | 11152 |
| പുരുഷൻമാർ | : | 5590 |
| സ്ത്രീകൾ | : | 5562 |
| 6 വയസുവരെയുള്ള കുട്ടികൾ | : | 1120 |
| ആൺകുട്ടികൾ | : | 671 |
| പെൺകുട്ടികൾ | : | 649 |
| പട്ടികജാതി | | |
| ആൺ | : | 193 |
| പെൺ | : | 183 |
| പട്ടിക വർഗ്ഗം | | |
| ആൺ | : | 22 |
| പെൺ | : | 16 |
| സാക്ഷരർ | | |
| ആൺ | : | 4770 |
| പെൺ | : | 4642 |
| തൊഴിലെടുക്കുന്നവർ | | |
| ആൺ | : | 2718 |
| പെൺ | : | 525 |

# വികസന മേഖലകൾ

## 5:1 കൃഷിയും ജലസേചനവും

പൂഞ്ഞാർ പഞ്ചായത്ത് 24.16 ച. കിമി വിസ്തൃതിയുള്ളതും 1991 ലെ സെൻസസ് പ്രകാരം ജനസംഖ്യ 11152 ഉം ജനസാന്ദ്രത ച. കി.മിറ്ററിന്462 ഉം ആകുന്നു. ഇവിടെ ഉയർന്ന കുന്നിൻ പ്രദേശങ്ങളും ചരിവുഭൂമികളും നിരപ്പായ സമതലപ്രദേശങ്ങളും ഇടകലർന്നുകിടക്കുന്നു. സാധാരണയായി കണ്ടുവരുന്ന മണ്ണ് പ്രധാനമായും 'ലാറ്ററൈറ്റ് സോയിൽ വിത്തൗട്ട് ബി ഹൊറൈസൻ' എന്ന ഇനത്തി ൽപ്പെടുന്നു. നമ്മുടെ മണ്ണിൻെറ ശരാശരി മൂല്യം 4.9 മുതൽ 5.5 വരെതാണ്. ലഭിച്ച കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ കിട്ടുന്ന മഴയുടെ അളവ് മുൻ വർഷങ്ങളിൽ

1975- ൽ- 2881 മില്ലി മീറ്റർ

1982-ൽ- 1059 മില്ലി മീറ്റർ

1994-ൽ- 3137 മില്ലി മീറ്റർ ആയിരുന്നു.

പെതുവേ ഫലപൂഷ്ടി കുറഞ്ഞ ചെമ്മണ്ണു നിറഞ്ഞ പ്രദേശങ്ങാണെങ്കിലും 85 കൃഷി യോഗ്യമായ പുരയിടങ്ങളാണ്. കർഷകർ മിക്കവാററും ചെറുകിട; ചെറുകിട പരിമിത കൃഷിക്കാരാണ്.

**വില്ലേജ് രജിസ്റ്ററിൽനിന്നും ഭൂമിയുടെ വിതരണം.**

| വില്ലേജ് | 1-10 | 10-25 | 25-50 | 50-1 | 1-2 | 2-5 | 5- |
|---|---|---|---|---|---|---|---|
| | സെ | സെ | സെ | ഏ | ഏ | ഏ | ഏ |
| പൂഞ്ഞാർ തെ-കര | 284 | 313 | 369 | 425 | 534 | 436 | 122 |
| പൂഞ്ഞാർ നടു-ഭാഗം | 327 | 306 | 139 | 181 | 76 | 37 | 7 |
| ആകെ | 611 | 619 | 508 | 606 | 610 | 473 | 129 |

പൂഞ്ഞാർപഞ്ചായത്തിൽ നിലവിലിരുന്ന കൃഷിരീതികൾ - നൂറ്റാണ്ടിൻെറ ആദ്യകാലഘട്ടങ്ങളിൽ പ്രധാനമായും കാടുകൾ വെട്ടിത്തെളിച്ച് നെല്ല് കര കൃഷിചെയ്യുന്ന കൃഷി രീതിയായിരുന്നു.അതോടൊപ്പം തെങ്ങ് കമുക് കുരുമുളക് മുതലായ വയും ഭക്ഷ്യ ആവശ്യങ്ങൾക്കായി മരച്ചീനി ചേന ചേമ്പ് തുടങ്ങിയവയും കൃഷി ചെയ്തു പോന്നു.ഇതിനോടനുബന്ധിച്ച് മൃഗസംരക്ഷണത്തിലും ആളുകൾ വ്യാപൃതരായിരുന്നു. സ്ഥലത്തിൻെറ ഉടമസ്ഥാവകാശം പൂഞ്ഞാർ രാജവംശത്തിൽ നിക്ഷിപ്തമായിരുന്നു. ഇതിനുപകരമായി ഓ ണം പോലുള്ള വിശേഷാവസരങ്ങളോടനുബന്ധിച്ച് കർഷകർ തങ്ങളുടെ ഉൽപ്പന്നങ്ങളുടെ പങ്ക് രാജാവിന് കാഴ്ച നൽകിയിരുന്നു. റബർ കൃഷിയുടെ ആവിർഭാവത്തോടെ ഇന്നത്തെ രീതിയിലുള്ള മാററത്തിന് ആരംഭം കുറിച്ചു. ഇന്ന് റബർ ആണ് പ്രധാന കൃഷി. ഇതിൻെറ കടന്ന് കയററം മററുകൃഷികൾക്ക് വിനയായി.

| വിള | വിസ്തീർണ്ണം ഹെക്ടർ | മൊത്തം ഉൽപാദനം | ഉൽപാദന ക്ഷമത ഹെക്ടറിന് |
|---|---|---|---|
| റബ്ബർ | 2325 | 5812500 | 2500 കി.ഗ്രാം |
| തെങ്ങ് | 3477.29 | 850000 എണ്ണം | |
| കുരുമുളക് | 72 | 144000 | 2000 |
| മരച്ചീനി | 72 | 118800 | 16500 |
| വാഴ | 52 | 416000 | 8000 |
| കമുക് | 42 | 1680000 എണ്ണം | 400000 എണ്ണം |
| കാപ്പി | 40 | 120000 | 3000 |
| കൊക്കൊ | 30 | 22500 | 750 |
| കശുമാവ് | 25 | 10000 | 400 |

### റബ്ബർ

ഈ നൂററാണ്ടിൻെറ ആദ്യ കാലഘട്ടങ്ങളിൽ റബർ കൃഷി ചെയ്യുന്നതിനുള്ള ഒററപ്പെട്ട ശ്രമങ്ങൾ ആരംഭിച്ചിരുന്നു. മണിയംകുളം ഭാഗത്ത് കള്ളിവയലിൽ പുരയിടത്തിലാണ് ആദ്യമായി നമ്മുടെ പഞ്ചായത്തിൽ റബർ കൃഷി ആരംഭിച്ചത്. അന്നുണ്ടായിരുന്ന പ്രധാന റബ്ബർ ഇനങ്ങൾ മലയൻ ക്ലോണൽ, പാൽക്കുളം, മാർത്താണ്ഡം മുതലായവയായിരുന്നു. ഇവയ്ക്ക് ഉല്പാദനക്ഷമത തുലോം കുറവായിരുന്നെങ്കിലും തടികൾ വളരെ വലിപ്പമുള്ളവയായിരുന്നു.

രണ്ടാംലോകമഹായുദ്ധത്തോടുകൂടി റബ്ബറിന് ആഭ്യന്തരവും ബാഹ്യവുമായി ഉണ്ടായ ഡിമാൻെ മൂലം മറ്റ് സ്ഥലങ്ങളോട് ഒപ്പം തന്നെ പൂഞ്ഞാറിലും റബ്ബർ കൃഷിക്ക് അൽപാൽപമായ പുരോഗതി ഉണ്ടായി. എങ്കിലും ഉൽപാദനക്ഷമതയോടുകൂടിയ ക്ലോണലുകളുടെ ലഭ്യതക്കുറവും നടീൽ സംരക്ഷണമുറകളിലെ അജ്ഞതയും

മൂലം കർഷകർക്ക് ഒരേക്കറിൽ നിന്നും ഒരുവെട്ടിന് ഏകദേശം 5 ഉണക്കറബ്ബർ മാത്രമേ കിട്ടിയിരുന്നുള്ളു. കമ്പിപ്പാരകൾ കൊണ്ടുണ്ടാക്കിയ ചെറിയ കുഴികളിൽ മുളപ്പിച്ച തൈകൾ നടുകയായിരുന്നു പതിവ്.

1950 കാലഘട്ടത്തിൽ റബ്ബർ ബോർഡിൻെറ രൂപീകരണത്തോടുകൂടി ഈ കൃഷിയിൽ പുതിയൊരുണർവുണ്ടായി. റബ്ബർ ബേറഡിൻെറ ശുപർശ പ്രകാരം ഉള്ള ശാസ്ത്രീയ കൃഷിരീതിയും സസ്യ സംരക്ഷണമുറകളും ശാസ്രത്രീ വളപ്രയോഗങ്ങളും കർഷകർ അനുവർത്തിക്കാൻ തുടങ്ങിയതോടുകൂടി കൃഷി അഭിവൃദ്ധിപ്പെട്ടു. തുടങ്ങിയ ബോർഡിനങ്ങളിൽപ്പെട്ട തൈകൾ കർഷകർ നടുവാൻ തുടങ്ങി.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗം കർഷകരും കൃഷി ചെയ്യുന്നത് ഇനത്തിൽ പ്പെട്ട ബഡ് മരങ്ങളാണ്. നമ്മുടെ പഞ്ചായത്ത് മേഖലയുടെ അഭിവൃദ്ധിക്ക് പ്രധാന കാരണം റബർ ആണെന്ന് പറയാം. കർഷകർ ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുകമൂലം ഉത്പാദനക്ഷമത സംസ്ഥാന ശരാശരിയുടെ മുകളിലാണ്. എങ്കിലും വിപണനത്തിന് ലോക്കൽ മാർക്കററുകളെ ആശ്രയിക്കേണ്ടി വരുന്നു.

**റബ്ബർ ഉത്പാതന ക്ഷമത**

| | | |
|---|---|---|
| സംസ്ഥാന ശരാശരി | 934 കി.ഗ്രം | 1ഹെക്ടർ |
| പഞ്ചാ. ശരാശരി | 1250 കി.ഗ്രം | 1 ഹെക്ടർ |

**റബർ പ്രശ്നങ്ങൾ രോഗങ്ങൾ.**

1. അകാല ഇല പൊഴിച്ചിൽ, പട്ടമരപ്പ്, ഫംഗസ് രോഗങ്ങൾ.
2. കാററുമൂലവും വരൾച്ചമൂലവും ഉള്ള വിള നാശം.
3. മണ്ണൊലിപ്പ് മൂലം മേൽ മണ്ണ് ഒലിച്ച് പോകുന്നു.
4. സസ്യ സംരക്ഷണം, സംസ്കരണ ഉപകരണങ്ങളുടെ ദൗർലഭ്യവും വിലവർദ്ധനയും.
5. തുരിശ് പോലുള്ള കീടനാശിനികളുടെ വിലവർദ്ധനവ്.
6. അസംന്തുലിതമാ വള പ്രയോഗം.
7. റബ്ബർ വിലയുമായി ആനുപാതികമായി അല്ലാത്ത രീതിയിലുള്ള സേവന വേതന നിരക്കുകൾ.
8. റബ്ബർ സംഭരണത്തിനുള്ള സംവിധാനം ഇല്ലായ്ക.
9. വിപണനത്തിനുള്ള സംവിധാനങ്ങളുടെ അഭാവം.
10. വിലയുടെ സ്ഥിരതയില്ലായ്ക.
11. പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ അഭാവം.
12. റബ്ബർ തോട്ട മേഖലകളിൽ രൂക്ഷമായി അനുഭവപെപടുന്ന ജലക്ഷാമം.
13. റബ്ബർ ഉണക്കുവാനുള്ള പുകപ്പുരകളുടെ അഭാവം.

**നിർദ്ദേശങ്ങൾ**

1. രോഗ പ്രതിരോധത്തിന് ആവശ്യമായ സസ്യസംരക്ഷണ ഉപകരണങ്ങൾ. മരുന്നുകൾ മുതലായവ യഥാകാലം ലഭിക്കുവാൻ സംവിധാനം
2. പരിശീലനം സിദ്ധിച്ച സസ്യസംരക്ഷണ പ്രവർത്തകരുടെയും, ടാപ്പിംഗ് തൊഴിലാളികളുടെയും സേവനം .
3. അകാല ഇലപൊഴിച്ചിലിന് പരിഹാരമായി മൈക്രോൺ സ്പ്രെയർ കൃഷിക്കാർക്കു നലകുക.
4. കൃഷിഭവൻ വളിയുള്ള മണ്ണു പരിശോധന സൗകര്യത്തെക്കുറിച്ച് കർഷകരെ ബോധവാൻമാരാക്കുക.
5. റബ്ബർ കൃഷി മേഖലയിൽ മണ്ണൊലിപ്പ്. തടയുന്നതിന് കല്ല് കയ്യാലകളും ജലസംരക്ഷണത്തിന് ആവശ്യമായ വളക്കുഴികളും , കാനകളും നിർമ്മിക്കുക.
6. റബ്ബർ തോട്ടങ്ങൾക്കു ചുറ്റും തടിക്കുംകൂടി ഉപകാരപ്രദമായ തേക്ക്, മഹാഗണി മുരലായവ വെച്ചുപിടിപ്പിച്ച ഒരു വിൻഡ് ബെൽറ്റ് തീർക്കുക.
7. റബ്ബർ ബോർഡിൻെറ ശുപാർശ പ്രകാരമുള്ള മറ്റു മരങ്ങൾ മുറിച്ചു മാറ്റുന്ന രീതി(ക്ലീൻ കൾട്ടിവേഷൻ) നിർത്തലാക്കുക.
8. കൃഷി വകുപ്പുവഴി നടപ്പാക്കുന്ന വിള ഇൻഷ്വറൻസ്. പദ്ധതി ശക്തിപ്പെടുത്തുക.
9. സഹകരണ മേഖലയിൽ റബ്ബർ വിപണനത്തിനുള്ള സംവിധാനം.
10. ഉത്തരേന്തിയൻ മോഡൽ വെയർ ഹൗസിംഗ് സൗകര്യം.
11. റബ്ബർ അധിഷ്ടിത ചെറുകിട വ്യവസായം ആരംഭിക്കുക, ഉത്പാദന, സംസ്കരണ, വിപണന രംഗങ്ങളിൽ ആർ.പി.എസ് സൊസൈറ്റികളുടെയും പ്രവർത്തനം ഊർജിതമാക്കണം.
12. ഒരു ടാപ്പിംഗ് പരിശീലന പദ്ധതി ആരംഭിക്കുക.
13. മൂന്നോ നാലോ ചെറുകിട കർഷകർക്ക് അവരുടെ കൂട്ടായ ഉടമസ്ഥതയിൽ പുകപ്പുര നിർമ്മാണത്തിനാവശ്യമായ സബ്സിഡിയും, മറ്റു സാങ്കേതിക ഉപദേശവും നല്കുക.

**തെങ്ങ്**

നമ്മുടെ നാട്ടിൽ ആദ്യകാലഘട്ടങ്ങളിൽ പ്രധാന വരുമാനം തെങ്ങിൽ നിന്നായിരുന്നുവെങ്കിലും നാട ഇനങ്ങളിൽ പെട്ടവയായിരുന്ന അവ കാര്യമായ വളപ്രയോഗമോ മറ്റു ശുശ്രൂഷകളോ ഇല്ലാതെ തന്നെ അന്ന് തെങ്ങിൽ നിന്നും നല്ല വിളവ് ലഭിച്ചിരുന്നു. റബ്ബർ കൃഷിയുടെ ആവിർഭാവത്തോടെ തെങ്ങ് കൃഷിയുടെ വിസ്തൃതി കുറഞ്ഞുവന്നു. പണ്ട് ഉണ്ടായിരുന്ന ഇത്തരം തെങ്ങുകളാണ് ഇന്ന് നമ്മുടെ

നാട്ടിൽ കെട്ടിടം പണികൾക്ക് ആവശ്യമായ തടിയുടെ അഭാവം നികത്തുന്നത്. ഇപ്പോൾ പ്രധാനമായും പതിനെട്ടാം മാസ ജാവജയൻറ്, വെസ്റ്റ്കോസ്റ്റ്, ഈഗി എന്നി ഇനങ്ങൾ കൃഷിചെയ്യുന്നു. കാറ്റുവീഴ്ച രോഗവും, കൂമ്പ് ചീയൽ, ചെല്ലി, ചെന്നിക്കുത്ത് മുതലായ രോഗങ്ങളും തെങ്ങിന് ഭീഷണിയായി തുടരുന്നു. റബ്ബർ കൃഷി ചെയ്യുന്ന പുരയിടത്തിനോട് ചേർന്നുള്ള തെങ്ങ് കൃഷി കർഷകരെ പരാജയത്തിലേയ്ക്ക് നീക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ശരാശരി ഉത്പാദന ക്ഷമത പ്രതിവർഷം ഒരു തെങ്ങിൽ നിന്നും പതിനഞ്ച് തേങ്ങ മാത്രമാണ്.

**കൃഷിഭവനിൽനിന്നും 1996 ജൂൺ മാസത്തിൽ നടത്തിയ സർവ്വെ റിപ്പോർട്ട്.**

| വാർഡ് | തെങ്ങ്കൃഷി വിസ്തീർണ്ണം | കായ്ക്കുന്നവ | കായ്ക്കാത്തവ | ആകെ | റൂട്ട് വിൽറ്റ് |
|---|---|---|---|---|---|
| 1 | 246.2 ഏ | 1575 | 2643 | 4218 | 268 |
| 2 | 228.42ഏ | 2248 | 3589 | 5837 | 273 |
| 3 | 412.23ഏ | 2074 | 4700 | 6774 | 603 |
| 4 | 229 ഏ | 2374 | 2528 | 4902 | 608 |
| 5 | 679.9ഏ | 1757 | 6779 | 8536 | 1117 |
| 6 | 718.46ഏ | 714 | 8331 | 9045 | 879 |
| 7 | 409 ഏ | 809 | 5560 | 6329 | 1428 |
| 8 | 554 ഏ | 1806 | 4715 | 6523 | 1920 |
| 9 | | | | | |

2600 ഒളം കുടുംബങ്ങൾ ഉള്ള നമ്മുടെ പഞ്ചായത്തിൽ പ്രതിവർഷം 12 ലക്ഷത്തോളം തേങ്ങ ആവശ്യമാണ്. എന്നാൽ നമ്മുടെ പ്രതിവർഷ ഉത്പാദനം 845097 തേങ്ങ മാത്രമാണ്. ഇവിടെ നമുക്ക് 340000 തേങ്ങയുടെ കുറവ് അനുഭവപ്പെടുന്നു.

ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽപ്പോലും തെങ്ങുകൾ നനയ്ക്കാറില്ല. ഇത് ഉത്പാദനത്തെ സാരമായി ബാധിക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷമായി കൃഷിഭവനിൽനിന്നും സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം 21000 രാസവളവും, 17 കിണറിനും 17 പമ്പുസെറ്റുകൾക്കും സബ്സിഡിയും നല്കി. 95-96 ൽ 21000 രാസവളവും 20 കിണറിനും 30 പമ്പുസെറ്റുകൾക്കും സബ്സിഡിയും കൊടുത്തിട്ടുണ്ട്. കൃഷിഭവൻ വഴിയുള്ള രാസവളപ്രയോഗം മാത്രമേ സാധാരണ കർഷകർ തെങ്ങിനുവേണ്ടി അവലംബിക്കാറുള്ളൂ.

**തെങ്ങ്-പ്രശ്നങ്ങൾ,രോഗങ്ങൾ**

1. രോഗപ്രതിരോധ ശേഷിയുള്ള മുന്തിയ ഇനം തെങ്ങുകളുടെ അഭാവം.

2. ഓലകരിച്ചിൽ, കൂമ്പുചീയൽ, ചെല്ലി, ചെന്നിക്കുത്ത്, കാറ്റുവീഴ്ച മുതലായവ.

3. ഉല്പന്നത്തിൻെറ വിലയിലുള്ള സ്ഥിരതയില്ലായ്ക.

4. ഈ രംഗത്ത് ആവശ്യമായ തൊഴിലാളികളുടെ ദൗർല്ലഭ്യം.

5. തെങ്ങ് നനയ്ക്കുവാനുള്ള സൗകര്യക്കുറവ്.

6. സേവന വേതന വ്യവസ്ഥകളുടെ വ്യതിയാനം.

**തെങ്ങ് –** ***നിർദ്ദേശങ്ങൾ***

1. അർഹമായ നഷ്ട പരിഹാരത്തോടെ കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുക.

2. രോഗ പ്രതിരോധ ശേഷിയുള്ള പോലുള്ള തൈകൾ കൃഷിഭവൻെറ മേൽനോട്ടത്തിൽ കർഷകർ തന്നെ ഉത്പാദിപ്പിച്ച് വിതരണം നടത്തുക.

3. കൃഷിഭവൻ വഴിയുള്ള പദ്ധതികൾ സമയബന്ധിതമായി ആവിഷ്കരിച്ച് പഞ്ചായത്തു വഴി നടപ്പാക്കുക.

4. ഒരു വീട്ടിലെ ഒരോ അംഗത്തിനും ഒരുതൈ എന്ന കണക്കിൽ തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കാൻ പ്രോത്സാഹനം കൊടുക്കുക.

5. കേന്ദ്ര സർക്കാരിൻെറ സബ്സിഡിയോടു കൂടിയുള്ള വളം വിതരണം പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കുക.

6. ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ തെങ്ങിൻ തോട്ടങ്ങൾ നനയ്ക്കുവാനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കുക.

7. കേര വികസന സമിതി സജീവമാക്കുക.

8. തെങ്ങ് രോഗ നിവാരണത്തിനുള്ള തുരിശ് സെപ്രയറുകൾ മുതലായവ കുറഞ്ഞവിലയ്ക്ക് കർഷകർക്ക് എത്തിച്ചു കൊടുക്കുക.

9. തെങ്ങ്, തേങ്ങാ, ചകിരി മുതലായവ കൊണ്ടുള്ള അനുബന്ധ വ്യവസായങ്ങൾക്ക് (ചെറുകിട കുടിൽ) ഊന്നൽ നല്കുക.

**പച്ചക്കറി കൃഷി**

ഒരു കാലത്ത് പച്ചക്കറി കൃഷിയിൽ നാം സ്വയം പര്യാപ്തരായിരുന്നു. കാര്യമായ വളപ്രയോഗത്തിൻെറ ആവശ്യമോ കീട നിയന്ത്രണമാർഗ്ഗങ്ങളോ കൂടാതെ തന്നെ ഓരോ കർഷകനും ആവശ്യമായ പച്ചക്കറികൾ ഉത്പാദിപ്പിച്ചിരുന്നു. മണ്ണൊലിപ്പ് മൂലമുള്ള മേൽമണ്ണിൻെറ നഷ്ടവും, ജൈവവളത്തിൻെറ അഭാവവും, കീടങ്ങളുടെ ആക്രമണവും, നല്ല വിത്തിനങ്ങളുടെ അഭാവവും പച്ചക്കറി

കൃഷിയെ നഷ്ടത്തിലാക്കി. ഇന്ന് നാം പ്രധാനമായും പച്ചക്കറിക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. ഈ സ്ഥിതിക്ക് ഒരു പരിഹാരം കാണേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

**കുരുമുളക്.**

ആദ്യകാലത്ത് ദീർഘകാലവിളകളിൽ പ്രധാനമായ സ്ഥാനം കുരുമുളകിനുണ്ടായിരുന്നു. അന്ന് സാർവ്വത്രികമായി ഇത് കൃഷി ചെയ്തു വന്നിരുന്നു. വളപ്രയോഗമോ, പ്രത്യേകമായ പരിരക്ഷയോ കൂടാതെ തന്നെ കുരുമുളകിൽ നിന്ന് നല്ല വിളവ് ലഭിച്ചിരുന്നു. പണ്ടുനുതൽ തന്നെ വി ദേശ മാക്കറ്റിന് അനുസൃതനായ ഒരു വിലയായിരുന്നു കുരുമുളകിന് ഉണ്ടായിരുന്നത്. വിദേശ മാർക്കറ്റിൽ നിന്ന് ഇത്രയേറ നേട്ടങ്ങളുണ്ടാക്കിയ മറ്റൊരുത്പന്നമില്ല.

ആദ്യകാലത്ത് കൃഷി ചെയ്തിരുന്ന പ്രധാന ഇനങ്ങൾ പെരുംകൊടി, നാരായക്കൊടി, കാണിയക്കാടൻ മുതലായവ ആയിരുന്നു. ഇന്ന് പുതിയ പല ഇനങ്ങളും പന്നിയൂർ 1, കരിമുണ്ട തുടങ്ങിയവ പ്രചാരത്തിലാണ്. നമ്മുടെ പഞ്ചായത്തിലെ കൃഷിക്കാരിൽ ഏറെയും കരിമുണ്ട ഇനം കൃഷി ചെയ്യുന്നു. കൃഷിഭവൻ വഴിയുള്ള കുരുമുളക് വികസന പദ്ധതി കർഷകർക്ക് ഒരു പരിധി വരെ പ്രയോജനപ്പെടു ന്നു. പഞ്ചായത്തിലെ അധികം ആളുകളുടെയും ചെറുകിട പരിമിത കൃഷിക്കാരാണ്.

**കുരുമുളക് പ്രശ്നങ്ങൾ - രോഗങ്ങൾ.**

1. കുരുമുളകിനെ ബാധിക്കുന്ന പ്രധാന രോഗം ദ്രുത വാട്ടം. ഇതുമൂലം ധാരാളം കൊടികൾ നശിച്ചു പോകുന്നു.
2. രോഗ പ്രതിരോധ ശക്തിയുള്ള ഇനങ്ങളുടെ അഭാവം മൂലം കൃഷിയോട് താൽപര്യം കുറഞ്ഞു വരുന്നു.
3. തുരിശ്, വളം, കീടനാശിനി മുതലായവയുടെ വില വർദ്ധനവും ലഭ്യതക്കുറവും.
4. വരൾച്ച, കാറ്റ് മുതലായവ മൂലം ഉണ്ടാകുന്ന വിള നഷ്ടം.
5. ഉത്പന്നത്തിന്റെ വിലയിലെ അസ്ഥിരത.
6. മൂപ്പെത്തുന്നതിന് മുമ്പുള്ള ചരടുപൊഴിച്ചിൽ, പൊള്ളു വണ്ട് മുതലായവ.
7. ഉണങ്ങിയ കുരുമുളകിന് കുത്തൽ ഉണ്ടാകുന്നു.

**കുരുമുളക് -നിർദ്ദേശങ്ങൾ.**

1. രോഗ പ്രതിരോധ ശേഷിയും, ഗുണമേൻമയും ഉള്ള പുതിയ ഇനങ്ങൾ കർഷകർക്ക് നല്കുക.
2. തുരിശ്,വളം,കീടനാശിനി തുടങ്ങിയവ സബ്സിഡിയോടുകൂടി കർഷകർക്ക് യഥാസമയം വിതരണം ചെയ്യുക.
3. പ്രകൃതിക്ഷോഭങ്ങൾക്ക് എതിരേയുള്ള വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
4. ഉണങ്ങിയ കുരുമുളക് കേടുകൂടാതെ സംഭരിച്ചു വയ്ക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

**മരച്ചീനി**

നമ്മുടെ പഞ്ചായത്തിൽ കൃഷി ആരംഭിച്ച കാലം മുതൽ തന്നെ മരച്ചീനി കൃഷി ചെയ്തിരുന്നു. ലോകമഹായുദ്ധകാലഘട്ടങ്ങളിൽ ഭക്ഷ്യക്ഷാമത്തിൽ നിന്നും രക്ഷ നേടുന്നതിന് മരച്ചീനി നമ്മെ ഒരുപരിധിവരെ സഹായിച്ചിരുന്നു. അക്കാലങ്ങളിൽ പ്രധാനമായും കവലക്കപ്പ, പൊങ്ങൻകപ്പ, പാംവേരൻ കപ്പ മുതലായ ഇനങ്ങൾ കൃഷിചെയ്തിരുന്നു.വളരെ ചിലവ് കുറഞ്ഞ കൃഷിയുടെ ചിലവുകുറവും ഉത്പന്നത്തിന്റെ സ്വാദിഷ്ടതയും ഉണങ്ങിസൂക്ഷിക്കാനുള്ള സൗകര്യവും ഈ കൃഷി വളരെ വിപുലമായ രീതിയിൽ ചെയ്യാൻ പ്രേരകമായി. സാധാ രണ രണ്ട് ഇനങ്ങളായി ആണ് മരച്ചീനി കൃഷി ചെയ്യുന്നത്. കുംഭകപ്പയും,തുലാക്കപ്പയും പ്രധാനമായും പഞ്ഞമാസങ്ങളിലെ ഉപയോഗത്തിനായും ഉണങ്ങിസൂക്ഷിക്കുന്ന ഉപയോഗത്തിനായി കുംഭക്കപ്പയും പച്ചക്കപ്പയുടെ ആവശ്യത്തിനായി തുലാക്കപ്പയും കൃഷിചെയ്യുന്നു. ഇന്ന് മരച്ചീനി സ്ഥിരമായി കൃഷിചെയ്യുന്നവർ വളരെ വിരളമാണ്. ഇന്ന് നമ്മുടെ പഞ്ചായത്തിൽ മരച്ചീനിക്ക് സാധ്യതയുള്ളത് റീപ്ലാൻറ് ചെയ്യുന്ന റബ്ബർ തോട്ടങ്ങളിലാണ്.

**മരച്ചീനി പ്രശ്നങ്ങൾ**

1. കൃഷിചെയ്യുവാനുള്ള സ്ഥലത്തിന്റെ പരിമിതി
2. ഗുണമേൻമയുള്ള ഇനങ്ങളുടെ അഭാവവും, എലി മുതലായ ക്ഷുദ്രജീവികളുടെ ആക്രമണവും.
3. ചാണകപ്പൊടി മുതലായ ജൈവവളങ്ങളുടെ അഭാവവും വിലവർദ്ധനയും.
4. സേവന വേതന വ്യവസ്ഥകളിലെ വ്യതിയാനം.

**നിർദ്ദേശങ്ങൾ**

1. റബ്ബർ റീപ്ലാൻറ് ചെയ്യുന്ന സ്ഥലങ്ങളിൽ നിർബ്ബന്ധമായും മരച്ചീനി കൃഷി പ്രോത്സാഹിപ്പിക്കുക.
2. നല്ല നടീൽ ഇനങ്ങൾ ലഭ്യമാക്കുകയും, എലി നശീകരണ കാംപെയിൻ പഞ്ചായത്തിൽ നടപ്പാക്കുക.
3. മരച്ചീനി നല്ലൊരു കാലിത്തീറ്റയായി ഉപയോഗിക്കാവുന്നതാണ്.

**വാഴ**

മരച്ചീനിയോടൊപ്പം തന്നെ വാഴയും ആദ്യകാലം മുതൽ കൃഷി ചെയ്തിരുന്നു. കദളി, പാളയം കോടൻ, ചുണ്ടില്ലാ കണ്ണൻ, പൂവൻ, ഞാലി പൂവൻ മുതലായവ

കൃഷി ചെയ്തിരുന്നു. ഇന്ന് ഏറ്റവും കൂടുതലായി കൃഷി ചെയ്യുന്നത് ഏത്തവാഴയാണ്. റബ്ബർ ആവർത്തന കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഏത്തവാഴ കൃഷിക്ക് വളരെ സാധ്യതയാണുള്ളത്.

വാഴ പ്രശ്നങ്ങൾ

1. കുറുനാമ്പ്, ഇലകരിച്ചിൽ, വണ്ടിൻെറ ആക്രമണം മുതലായവ വാഴക്ക് നാശം ചെയ്യുന്നു.

2. സ്ഥിരതയില്ലാത്ത വിപണി, സംസ്കരണത്തിനുള്ള സംവിധാനം ഇല്ലായ്ക.

3. നല്ലയിനം വിത്തുകളുടെ ദൗർലഭ്യം.

4. കീടനാശിനികളുടെ വിലവർദ്ധനവ്.

വാഴ നിർദ്ദേശങ്ങൾ

1. കീടനിയന്ത്രണത്തിനാവശ്യണായ തുരിശ്, കീടനാശിനികൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

2. ഉല്പന്നം സംസ്കരിച്ചു സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

3. ഗുണമേൻമയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുക.

4. ജലസേചന സൗകര്യമുള്ളിടത്ത് അതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

5. റബ്ബർ ആവർത്തന കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ വാഴകൃഷിക്ക് നല്ല ഭാവിയാണുള്ളത്.

കമുക്

ആദ്യകാലത്ത് ദീർഘകാല വുളകളിൽ ഒന്നായിരുന്നു കമുക് വളരെ കുറച്ചു പ്രദേശങ്ങളിൽ മാത്രമെ ഇപ്പോൾ കൃഷി ചെയ്യുന്നുള്ളൂ. തെങ്ങിനുള്ളതു പോലെ ഓല മഞ്ഞളിപ്പും, കാറ്റുവീഴ്ചയും, മറ്റു രോഗങ്ങളും മൂലം കമുകുകൾ പാടേ നശിപ്പുകൊണ്ടിരിക്കുന്നു. കമുകിന് കർഷകർ ആരും തന്നെ കീടനാശിനി പ്രയോഗമോ മറ്റു സസ്യ സംരക്ഷണ നടപടികളോ സ്വീകരിക്കുന്നില്ല. റബ്ബർ കൃഷിയുടെ ആവിർഭാവം മൂലം കൃഷി സ്ഥലത്തിൻെറ വീതി കുറഞ്ഞുവന്നു. എങ്കിലും കർഷകർ പുതിയ ഇനങ്ങളായ മംഗള കാസർകോടൻ തുടങ്ങിയവ കൃഷിചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്.

കാപ്പി

നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് ഉദ്ദേശം 40 ഹെക്ടർ സ്ഥലത്ത് കാപ്പി കൃഷി ചെയ്യുന്നു.

പ്രത്യേക വളപ്രയോഗമോ, സസ്യസംരക്ഷണ നടപടികളോ കൂടാതെ തന്നെ കാപ്പിയിൽനിന്നും സാമാന്യം വിളവ് ലഭിക്കുന്നു. കാപ്പി തൈകൾ നട്ട് മൂന്നാം വർഷം മുതൽ വിളവ് ലഭിച്ചു തുടങ്ങും. ഇപ്പോൾ നമ്മുടെ നാട്ടിൽ കൃഷി ചെയ്യുന്ന പ്രധാന ഇനങ്ങൾ അറബിക്ക, റോബസ്റ്റാ, കാവേരി , തുടങ്ങിയ ഗുണമേൻമയുള്ള ഇനങ്ങളാണ്. നമ്മുടെ പഞ്ചായത്തിൽ വിപുലമായ തോതിൽ കാപ്പി കൃഷി ചെയ്യുന്ന കർഷകർ ഇല്ലെന്നു തന്നെ പറയാം. മറ്റു വിളകളോടൊപ്പം തന്നെ കാപ്പി കൃഷി ചെയ്യുന്നവരാണധികവും. അതിനാൽ കൂടുതൽ കർഷകർക്കും കാപ്പി അവരുടെ ഗാർഹിക ഉപയോഗങ്ങൾക്ക് മാത്രമേ തികയുന്നുള്ളൂ. ഒരു കാലത്ത് നമ്മുടെ നാട്ടിൽ ഉൽപാദിപ്പിച്ചിരുന്ന കാപ്പിയടെ അളവ് വളരെ വലുതായിരുന്നു. വളപ്രയോഗം, സസ്യസംരഷണ നടപടികൾ എവയോടൊപ്പം തന്നെ കാലാവസ്ഥയും കാപ്പിയുടെ ഉൽപാദനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

കൊക്കോ

കെക്കോ കൃഷി നമ്മുടെ നാട്ടിൽ അടുത്ത കാലത്താണ് പ്രചുരമായത്. തൈകൾ നട്ട് 3,4 വർഷത്തിനുള്ളിൽ കായ്ച്ചു തുടങ്ങുന്നു. പ്രധാനമായും ജൈവവളത്തെ ആശ്രയിച്ചു കൃഷിചെയ്യുന്നു. ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ കൊക്കോ കൃഷി വലിയ ആദായമാണ്. പ്രധാനമായും ഒന്നോ, രണ്ടോ കമ്പനികൾ മാത്രമാണ് ഈ ഉൽപന്നത്തിൻെറ ആവശ്യക്കാർ. അതിനാൽ കൃഷിക്കാർക്ക് ന്യായമായ വില കൊക്കോയ്ക്ക് ലഭിക്കുന്നില്ല. കൊക്കോയുടെ പ്രധാന ശത്രുക്കൾ എലി, അണ്ണാൻ മുതലായ ചെറു ജീവികളാണ്. കൂടാതെ മൂപ്പെത്തുന്നതിന് മുമ്പ് ഉണങ്ങിപോകുന്ന ഒരു രോഗവുമുണ്ട് . ചെറുകിടകൃഷികാർക്ക് തൊഴിലാളികളുടെ സേവനം കൂടാതെ തന്നെ തോട്ടമായോ, ഇടവിളയായോ അനായാസമായി ഈ കൃഷി ചെയ്യാവുന്നതാണ്. ഇതിൻെറ കായ് (പുറന്തോട്) ഒരുകാലിത്തീറ്റയായും ഉപയോഗിക്കുന്നു.

തേയില

നമ്മുടെ പഞ്ചായത്തിൽ വളരെ അപൂർവ്വമായി മാത്രം കണ്ടുവരുന്ന ഒരു കൃഷിയാണ് തേയില. സസ്യസംരക്ഷണ നടപടികളുടെ അഭാവവും സേവന വേധന വ്യവസ്ഥകളിലുള്ള വർദ്ധനവും കൃഷിക്ക് ആനുപാതികമായ ലാഭം ലഭിക്കാത്തതു മൂലം ഈ കൃഷി ഇന്ന് വിരളമാണ്. തോട്ടമായി കൃഷി ചെയ്യാമെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇത് ഇടവിളയായി ചുരുക്കം സ്ഥലങ്ങളിൽ കൃഷി ചെയ്തുവരുന്നു. എന്നാൽ പണ്ട് ഇത്തോട്ടമായി കൃഷിചെയ്തിരുന്നു.

കശുമാവ്

കൃഷിഭവൻ റിക്കാർഡുകളിൽ 25 ഹെക്ടർ സ്ഥലത്ത് ഈ കൃഷി നടത്തുന്നു എന്നു കണക്ക്. എങ്കിലും ഇതിൽ നിന്നും വളരെ പിറകിലാണ് യാഥാർത്ഥ്യം. നമ്മുടെ പഞ്ചായത്തിൽ നെല്ലു പോലെ വളരെ അപൂർവ്വമായി മാത്രം

കണ്ടുവരുന്നതും എന്നാൽ പൂർവ്വകാലത്ത് വിപുലമായി കൃഷി ചെയ്തിരുന്നതും ആണ് കശുമാവ്. കാപ്പി പോലെ ഇതിൻെറയും ഉൽപാദനം കാലാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു.ഇന്ന് ഈ കൃഷി പാറപ്പറ്റുള്ള സ്ഥലങ്ങളിലും , റബ്ബറിന് ഉപയുക്തമല്ലാത്ത മണ്ണിലും മാത്രമേ നടത്തുന്നുള്ളൂ. സ്ഥിരമായ ഒരു വിലയില്ലാത്ത ഉൽപന്നമാണ് കശുമാവ്. പഴയ ഇനങ്ങൾ അല്ലാതെ പുതിയ ഗുണമേന്മയുള്ള ിനങ്ങൾ വേണ്ടത്ര പ്രചാരത്തിൽ വന്നിട്ടില്ല.

**കൂലി- സേവന വ്യവസ്ഥകൾ**

നമ്മുടെ പഞ്ചായത്തിൽ തൊഴിലാളികൾക്ക് ഒരു ഏകീകൃത സേവന വേതന വ്യവസ്ഥയില്ല. ഇവിടെ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികൾ തുലോം കുറവാണ്. കൂലി നിരക്ക് പുരുഷന്മാർ -8 മുതൽ 100 വരെയും സ്ത്രീകൾ 40 മുതൽ 50 വരെയും ആണ്.(മുമ്പ് കൊടുത്തിട്ടുണ്ട്)

**ഭക്ഷ്യ വിളകൾ**

ഭക്ഷ്യ വിളകൾ പ്രധാനമായവ മരച്ചീനി, നെല്ല്, വാഴ, ചേന, ചേമ്പ്, കാച്ചിൽ മുതലായവയാണ്. ഇവയിൽ മരച്ചീനി , വാഴ മുതലായവയെപ്പറ്റി മുമ്പ് പ്രതിപാദിച്ചിട്ടുണ്ടല്ലോ.

നെല്ല്: ഒരു ശരാശരി കേരളീയൻെറ പ്രധാന ഭക്ഷ്യവിളയായ നെല്ല് ഒരു കാലത്ത് നമ്മുടെ നാട്ടിൽ സുലഭമായി കൃഷിചെയ്തിരുന്നു. സ്ഥിരമായി കൃഷി ചെയ്തിരുന്ന കണ്ടങ്ങൾ ( പാടങ്ങൾ) കൂടാതെ കരകൃഷിയും ഉണ്ടായിരുന്നു. അക്കാലത്ത് മണ്ണ് നന്നായി കിളച്ച് ഒരുക്കി വിത്തു പാകി ഒന്നോ,രണ്ടോ കള എടുപ്പുകൂടി നടത്തിയാൽ നെല്ലിൻെറ കൃഷിപ്പണി തീർന്നിരുന്നു. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ നെൽകൃഷി ഇല്ലെന്ന് തന്നെ പറയാം. കൂലിചിലവിന് ആനുപാതികമായ ലാഭം ഇല്ലായ്കയും ,റബ്ബർ കൃഷിയുടെ ആഭിർഭാവവും നെൽകൃഷിക്ക് വിനയായി. ചേന,ചേമ്പ്,കാച്ചിൽ മുതലായ കൃഷികളും പണ്ടുണ്ടായിരുന്നതിൻെറ ചെറിയ ഒരുശതമാനം മാത്രമെ ഉള്ളൂ. കർഷകർ അവരുടെ ഗാർഹിക ആവശ്യത്തിനു വേണ്ടി മാത്രം കൃഷിചെയ്യുന്നു.

**സുഗന്ധവ്യജ്ഞനങ്ങൾ**

ഈ ഇനത്തിൽപ്പെടുന്നവ പ്രധാനമായും ജാതി,ഗ്രാമ്പു, ഏലം, കറുവ തുടങ്ങിയവയാണ്. ജാതി,ഗ്രാമ്പു എന്നിവ വ്യവസായ ആവശ്യത്തിനും ഗാർഹിക ആവശ്യത്തിനും വേണ്ടിയും ഏലവും, കറുവയും ഗാർഹിക ആവശ്യത്തിനു മാത്രമായും വളരെ തുച്ചരമായി മാത്രം കൃഷിചെയ്യുന്നു. ഈ കൃഷിയെ ബാധിക്കുന്ന മുഖ്യപ്രശ്നങ്ങൾ മാർക്കറ്റിൻെറ സ്ഥിരതയില്ലായ്കയും, ജലസേചന സൗകര്യത്തിൻെറ അഭാവവും ആകുന്നു.

**ഔഷധ കൃഷി**

ഔഷധ ചെടികൾ ആരും തന്നെ കൃഷിചെയ്തിരുന്നില്ല. എന്നിരുന്നാലും നമ്മുടെ നാട്ടിൽ എല്ലാത്തരം ഔഷധ ചെടികൾ ഒരുകാലത്ത് ഉണ്ടായിരുന്നു. ആടലോടകം,കൊടിവേലി, അരത്ത, നീലയാമരി, കൂവളം, ശംഖുപുഷ്പം, പൂതച്ചെടയൻ, നറുനീണ്ടി, മുയൽച്ചെവിയൻ ,മുക്കുറ്റി, ചക്കരക്കൊല്ലി തുടങ്ങിയവ അവയിൽ ചിലത് മാത്രം. ഇന്ന് ഇവയെല്ലാം തന്നെ വംശനാശഭീഷണി നേരിടുകയാണ്. കന്നുകാലി, ആടുവളർത്തൽ മുതലായവയും, മരുന്നുകളെപ്പറ്റി ആളുകൾക്കുള്ള അറിവില്ലായ്മയും ആണ് ഇതിനുപ്രധാന കാരണം. വീണ്ടും നാം ആയുർവേദത്തിലേക്ക് തിരിച്ചുപോകുന്ന ഈ കാലഘട്ടത്തിൽ ഇത്തരം ഔഷധങ്ങൾ അന്യം നിന്നുപോകാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ കൃഷി ചെയ്യേണ്ടതുമാണ്.

**കൃഷിഭവൻ**

നമ്മുടെ പഞ്ചായത്തി ഒരു കൃഷിഭവൻ ഉള്ളത് 1-9-87 ൽ പ്രവർത്തനം ആരംഭിച്ചു. ഇതുമൂലം ഗവൺമെൻറ് കൃഷിവകുപ്പിൽ കൂടി നടപ്പാക്കുന്ന വിവിധ പദ്ധതികളെ കുറിച്ചും ആനുകൂല്യങ്ങളെ കുറിച്ചും കർഷകർക്ക് ഒരു പരിധിവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൃഷിഭവൻെറ കീഴിൽ തെങ്ങുകർഷകർക്കായി കേരവികസന സമിതിയും, കുരുമുളകു കർഷകർക്കായി കുരുമുളകു വികസന സമിതിയും ഉണ്ട്. ഇവ രണ്ടിൻെറയും പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു.

കൃഷിഭവനിൽ നിന്നുകിട്ടിയ വിവരങ്ങളും നടപ്പാക്കിയ കാര്യങ്ങളും താഴെ ചാർട്ടിൽ വിവരിക്കുന്നു.

**രാസവള കീടനാശിനി വിപണനം.**

| സ്ഥാപനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| | | രാസവളം | രാസവളം |
| സഹകരണം | | 22 ടൺ | 19 ടൺ |
| സ്വകാര്യം | 12 ടൺ | 15 ടൺ | 10 ടൺ |
| | കീടനാശിയായി 500 കി.ഗ്രാം തുരിശ് | | |

**കാർഷികോപകരണങ്ങൾ**

| റോക്ക് സ്പെയർ | നാപ്സ്റ്റിക് പമ്പ് | തെങ്ങുകയറ്റ യന്ത്രം | പോർട്ടബിൾ പമ്പ് | ഇറിഗേഷൻ പമ്പ് |
|---|---|---|---|---|
| 200 | 15 | 1 | 5 | 60 |

കർഷകർ കൂടതലായും പ്രൈവറ്റ് ഏജൻസികളെയും കൂടി വളത്തിന് ആശ്രയിക്കുന്നതിനാൽ വളത്തിൻെറ കൃത്യമായ ഉപയോഗ കണക്ക് തിട്ടപ്പെടുത്തുവാനായലട്ടില്ല.

വാർഡ് അടിസ്ഥാനത്തിലുള്ള തെങ്ങുകളുടെ ലിസ്റ്റ്

| | തെങ്ങ്കൃഷി വിസ്തീർണ്ണം | കായ്ക്കുന്നവ | കായ്ക്കാത്തവ | ആകെ | റൂട്ട് വിൽറ്റ് |
|---|---|---|---|---|---|
| 1 | 246.2 ഏ | 1575 | 2643 | 4218 | 268 |
| 2 | 228.42ഏ | 2248 | 3589 | 5837 | 273 |
| 3 | 412.23ഏ | 2074 | 4700 | 6774 | 603 |
| 4 | 229 ഏ | 2374 | 2528 | 4902 | 608 |
| 5 | 679.9ഏ | 1757 | 6779 | 8536 | 1117 |
| 6 | 718.46ഏ | 714 | 8331 | 9045 | 879 |
| 7 | 409 ഏ | 809 | 5560 | 6329 | 1428 |
| 8 | 554 ഏ | 1806 | 4715 | 6523 | 1920 |

നടീൽ വസ്തുക്കളുടെ വിതരണം

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| തെങ്ങ് | 300 | 100 | 950 |
| കുരുമുളക് | – | 10000 | – |
| കൊക്കൊ | 1500 | – | 175 |
| പച്ചക്കറി | 710 പാക്കറ്റ് | 1500 പാക്കറ്റ് | 330 പാക്കറ്റ് |
| ഏത്തവാഴ | – | – | 550 |
| പയർ | 120 | – | – |

കൃഷി ഭൂമിയുടെ വിതരണം

| | | |
|---|---|---|
| ചെറുകിട പരിമിത കർഷകർ | 1ഹെക്ടർ വരെ ഉള്ളത് | 786 |
| ചെറുകിട കർഷകർ | 1ഹെക്ടർ മുതൽ 2 ഹെക്ടർ വരെ | 555 |
| വൻകിട കർഷകർ | 2 ഹെക്ടർ മുകളിൽ | 750 |
| | ആകെ | 2091 |

**കൃഷി പെതു നിർദ്ദേശങ്ങൾ**

1. കൃഷിഭവൻ പദ്ധതികൾ യഥാസമയം ജനങ്ങളെ അറിയിക്കുവാൻ ഒരോ വാർഡിലും രണ്ട് നോട്ടീസ് ബേർഡുകൾ സ്ഥാപിക്കുക.

2. ചെറുകിട കർഷകർക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ മണ്ണു പരിശോധന പദ്ധതികൾ നടപ്പിലാക്കുക.

3. കാർഷിക മേഖലയിൽ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുക.

4. റബ്ബർ ആവർത്തനകൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഇടവിളയായി മരച്ചീനി, വാഴ, ഇഞ്ചി മുതലായവ കൃഷി ചെയ്യുവാൻ ധനസഹായം ചെയ്യുക.

5. വാഴ കൃഷി പാട്ടമായി ചെയ്യുന്നവർക്ക് ഉദാരമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക.

6. സ്റ്റാൻറിംഗ് ടിമ്പറിന് ലോൺ കൊടുക്കുവാൻ സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നല്കുക.

7. ജൈവവളം, കന്നുകാലി വളർത്തൽ, ശീമക്കൊന്ന വളർത്തൽ എന്നിവയ്ക്ക് പ്രോത്സാഹനം നല്കുക.

8. പറ്റുചീട്ടടിസ്ഥാനത്തിൽ 10,000 രൂപാ വരെ പദ്ധതി വായ്പ നല്കാൻ സഹകരണ സംഘങ്ങളെ അനുവദിക്കുക.

9. വിദ്യാഭ്യാസ സമ്പ്രദായത്തിൽ കൃഷിക്ക് ഉപയുക്തമായ രീതിയിൽ സിലബസ് പരിഷ്കരിക്കുക.

10. കാർഷിക വിഭവങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്തു തലത്തിൽ വിപണി രൂപീകരിക്കുക.

**ജലസേചനം:**

നമ്മുടെ പഞ്ചായത്തിൽ ജലസേചനം നടത്തിയിട്ടുള്ള കൃഷിരീതികൾ വളരെ അപൂർവ്വമാണ്. ഭൂമിയുടെ ചെരിവും ജലസ്രോതസ്സുകളുടെ കുറവും റബ്ബർ കൃഷിയുടെ ആവിർഭാവവും മൂലം ജലസേചനം വിഷമസ്ഥിതിയിലായിരിക്കുന്നു. കുളങ്ങൾ ഉണ്ടെങ്കിലും അവ അധികവും സ്വകാര്യവ്യക്തികളുടേതാണ്.

കുളങ്ങളും കുഴൽകിണറുകളുമെല്ലാം കുടിവെള്ളത്തിന് ഉപയോഗിക്കുന്നതിനെ സാധിക്കുന്നുള്ളു. സ്ഥിരമായ തടയണക ഒന്നും തന്നെയില്ല. കഴിഞ്ഞ കുറെ വർഷങ്ങളായി വേനൽക്കാലത്ത് ജനകീയ സഹകരണത്തോടുകൂടി തടയണകൾ നിർമ്മിച്ചു വരുന്നു. ജലസേചന സൗകര്യം ലഭ്യമാക്കുകയാണെങ്കിൽ ഏതു കൃഷിയും അവിടെ ആദായകരമായി നടത്താവുന്നതാണ്.

ഈ പഞ്ചായത്തിലൂടെ പ്രധാനമായും ഒഴുകുന്നത് ഐക്കരത്തോട്, മേടയ്ക്കൽത്തോട്, പുതുവടിത്തോട്, തൈത്തോട്, പതിയിൽത്തോട്, പന്നിക്കാടൻത്തോട്, പിഞ്ഞാണിത്തോട്, നെടുന്താനം തോട്, പുളിയ്ക്കപ്പാലം തോട്, ഉപ്പുകുളം തോട്, വാഴക്കാട് തോട് ഇവയെല്ലാം നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകി മീനച്ചിൽ ആറ്റിൽ പതിക്കുന്നു.

സ്ഥിരമായ തടയണകളുടെ അഭാവം മൂലം ഈ ജലമെല്ലാം പാഴായി പോകുന്നു. കാലാവസ്ഥയുടെ വ്യതിയാനം മൂലം കാര്യമായ എന്തെങ്കിലും ചെയ്തെങ്കിലെ ഇവുടുത്തെ കൃഷി, കുടിവെള്ള പ്രശ്നങ്ങൾക്ക് ഒരു ശാശ്വത പരിഹാരമാവുകയുള്ളു.

**ജലസേചന നിർദ്ദേശങ്ങൾ:**

1. ചെക്കുഡാമുകളുടെ നിർമ്മാണം.

5-ാം വാർഡിൽ പന്നിക്കാടൻ തോട്ടിൽ എലപ്പാറഭാഗത്തും കോഴികൊത്തിയ്ക്കൽ ഭാഗത്തും മീനച്ചിൽ ആറ്റിൽ കാട്ടറാത്തു പാലം ഭാഗത്തും മുക്കുഴിയിലും, പൂഞ്ഞാർ പള്ളിവാതിൽ ഭാഗത്ത് ഇരുകരകളെയും യോജിപ്പിച്ചു കൊണ്ട് ഗതാഗത സൗകര്യത്തിനും കൂടി യോജിച്ചവിധത്തിൽ ഇത് പൂർത്തിയായാൽ മാത്രമേ മണിയൻകുന്ന് ശുദ്ധജല വിതരണ പദ്ധതിയുടെ പ്രയോജനം പൂർണ്ണമായി കിട്ടുകയുള്ളു. വെള്ളേടത്തുകടവിലും ഒരു ചെക്കുഡാമിന് സാധ്യതയുണ്ട്.

2. മൂലമറ്റം പൗവ്വർ ഹൗസിൽ നിന്നും ഒഴുകുന്ന െ വെള്ളം തുരങ്കം വഴി മീനച്ചിൽ ആറ്റിൽ എത്തിക്കുക.

3. ജലസേചനത്തിന് ആവശ്യമായ വൈദ്യുതി കാലതാമസം കൂടാതെ കുറഞ്ഞ നിരക്കിൽ എത്തിക്കുക.

4. കുളങ്ങളും കിണറുകളും പുനരുദ്ധരിക്കൽ . 3-ാം വാർഡിലെ പ്ലാത്തോട്ടം തോമ്മാച്ചൻെറ പുരയിടത്തിലെ ഉപയോഗശൂന്യമായ കുളം.

4-ാം വാർഡിൽ ഐക്കരതോട്ടിൽ വെട്ടിമറ്റം ഭാഗത്ത് പൂർത്തിയാകാതെ കിടക്കുന്ന കിണർ. പുളിക്കൽ തോട്ടിൽ കിഴക്കേതോട്ടം ഭാഗത്ത് കുളം. 5-ാം വാർഡിൽ ഹോമിയോ ആശുപത്രി ഭാഗത്ത് കള്ളിവയലിൽ പറമ്പിലുള്ള കിണർ. നീണ്ടുക്കുന്നേൽ വക്കച്ചൻെറ പുരയിടത്തിലെ കുളം.

5. 8-ാം വാർഡിൽ പ്ലാത്തോട്ടത്തിൽ മാണി ജോസഫിൻെറ പുരയിടത്തിനു സമീപമുള്ള ഇഞ്ചപിഴിയാൻ കല്ല് എന്ന സ്ഥലത്ത് ശക്തമായ വേനൽക്കാലത്തും വെള്ളം ഉണ്ട്. ശരിയായ ഒരു പ്ലാൻ ഇല്ലാത്തതുകൊണ്ട് ഈ വെള്ളം എല്ലാം ഒഴുകി പാഴാകുന്നു. ഒരു ടാങ്ക് തീർത്ത് ടാപ്പുകൂടി വച്ചാൽ ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

6. ചേന്നാട് മാളിക ഭാഗത്ത് അനുഭവപ്പെടുന്ന ജല ദൗർലഭ്യം പരിഹരിക്കുന്നതിന് കേന്ദ്രസഹായത്തോടെയുള്ള വൻ പദ്ധതികൾ നടപ്പാക്കുക.

7. ജലസേചനത്തിനായി ഓരോ വർഷവും മുൻഗണനാക്രമത്തിൽ 5 കിണറുകളും ഒരു കുളവും ഓരോവാർഡി ലും നിർമ്മിക്കുക.

8. ഓരോവാർഡിലും വേനൽക്കാലത്ത് ജലസംഭരണത്തിനായി 5 വീതം ഫെറോസിമൻറ് ടാങ്ക് പണികഴിപ്പിക്കുക.

9. കണ്ടേത്തുമല ഭാഗത്തും കരിമലഭാഗത്തും ഭൂഗർഭജലസംഭരണി സ്ഥാപിക്കുക.

പുതുപുത്തൻ ആശയങ്ങളുമായി കടന്നുവന്നിരിക്കുന്ന ജനകീയ ആസൂത്രണ പരിപാടിയിൽ ജലസേചനത്തിനും അതുവഴി കൃഷി പ്രോത്സാഹത്തിനും വഴിയൊരുങ്ങട്ടെ. ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ അവസാന കാ ലമാകുമ്പോഴത്തേക്കും നമ്മുടെ പൂഞ്ഞാർ പഞ്ചായത്ത് കൃഷികാര്യത്തിലും, വെള്ളത്തിൻെറ ദൗർലഭ്യം പരിഹരിക്കുന്നതിനും സ്വയം പര്യാപ്തത നേടിയാൽ മാത്രമെ ഈ പദ്ധതിയുടെ വിജയം പൂർണ്ണമാകൂ. അതു സാധിച്ചാൽ നാം ധന്യരായി.

# 5.2

# മൃഗസംരക്ഷണം

മൂന്നു ദശാബ്ദങ്ങൾക്കുമുമ്പ് പൂഞ്ഞാർ പഞ്ചായത്തതിർത്തിക്കുള്ളിലുള്ള എല്ലാ വീടുകളിലും നാടൻ പശുക്കളെ വളർത്തിയിരുന്നു. വിസ്തൃതമായ മേച്ചിൽ സ്ഥലങ്ങൾ ഉണ്ടായിരുന്നതിനാൽ കന്നുകാലികളെ കൂട്ടമായി അഴിച്ചുവിട്ട് വളർത്തുകയായിരുന്നു പതിവ്. പ്രസവം അടുത്തിട്ടുള്ള പശുക്കളെ മാത്രം വീട്ടുവളപ്പിൽ നിർത്തുകയും കറവ തീരുമ്പോൾ അടുത്ത പ്രസവംവരെയും അഴിച്ചുവിടുകയുംചെയ്തിരുന്നു. ഇത്തരം കാലികൾക്ക് കുടിവെള്ളം കൊടുത്തിരുന്ന വലിയ തോണികൾ - കല്ലുകൊണ്ടും -മരംകൊണ്ടും തീർത്തിട്ടുള്ളവ പുരാതനവീടുകളിൽ ഇന്നും കാണാൻ സാധിക്കും. ആടുകളെ ഒറ്റക്കും, കൂട്ടമായും വളർത്തുന്നവർ ഉണ്ടായിരുന്നു. ശാസ്ത്രീയമായ കാലിവളർത്തൽ രീതിയോ മുന്തിയ ഇനം പശുക്കളോ ഇല്ലായിരുന്നു. എങ്കിലും പുറത്തുനിന്നുമുള്ള പാൽ വിതരണം ഇവിടില്ലായിരുന്നു.

ഇപ്പോൾ പൂഞ്ഞാർ പഞ്ചായത്തിലുള്ള 25% വീടുകളിൽ മാത്രമായി കാലിവളർത്തൽ ചുരുങ്ങിയിരിക്കുന്നു. 5% വീടുകളിൽ ശരാശരി രണ്ട് ആടുകളെ വീതം വളർത്തുന്നുമുണ്ട്. കുറച്ചുവീടുകളിൽ എരുമയും പന്നിയും വളർത്തലുണ്ട്. 75% വീടുകളിലും കോഴി വളർത്തലുണ്ട്. പേരിനുമാത്രം വീടുകളിൽ മറ്റു ചില പക്ഷികളെയും വളർത്തുന്നുണ്ട്.

റബ്ബർ കൃഷി വ്യാപകമായതോടെയും, ജനങ്ങളുടെ സാമ്പത്തികവരുമാനം വർദ്ധിച്ചതിലൂടെയും, ഇന്നുള്ള ചെറുപുരയിടങ്ങൾപോലും റബ്ബർമരങ്ങൾകൊണ്ട് നിറച്ചതിനാൽ തീറ്റപ്പുൽ ഇല്ലാതായതിനാലും കാലി വളർത്തൽ കുറഞ്ഞുവരുന്നു. റബ്ബറിന്റെ റീപ്ലാന്റ് സമയത്തുപോലും കാലികൾക്ക് ദോഷകരമായ പയർവർഗ്ഗങ്ങൾ വിതക്കുകയും വിഷം അടിക്കുകയും ചെയ്യുന്നതിനാൽ കാലിവളർത്തലിൽ ഏർപ്പെട്ടിട്ടുള്ള സ്വന്തം ഭൂമി കുറവുള്ള കർഷകർക്ക് കാലികളെ വളർത്താൻ നിർവ്വാഹമില്ലാതായിട്ടുമുണ്ട്. റബ്ബർ ബോർഡിന്റെ പ്രത്യേകഇടപെടൽ ഈ രംഗത്തുള്ളതിനാൽ കാലികൾക്കും മറ്റ് മൃഗങ്ങൾക്കും പ്രയോജനമാകേണ്ട കൃഷികൾ ചെയ്യാതായതും ഈ രംഗത്ത് തകർച്ചക്ക് കാരണമായി. എങ്കിലും വളരെയകലെയുള്ള പുൽമേടുകളിൽ പോയി പുല്ലു ശേഖരിച്ച് തലച്ചുമടായികൊണ്ടുവന്ന് കാലികളെ വളർത്തി പാൽ വീടുകളിൽ വിറ്റ് ജീവിതമാർഗ്ഗമാക്കിയിട്ടുള്ളവർ ഇന്നുമുണ്ട്. കൂടുതൽ വസ്തുവകകൾ ഉള്ളവർ സ്വന്താവശ്യത്തിനുമാത്രം കാലികളെ വളർത്തുന്നു. നല്ല ജനുസ്സുകളുള്ള പശുക്കളെ പാവപ്പെട്ടവർക്ക് സബ്സിഡി നിരക്കിലും, ബാങ്ക് വായ്പ അനുയോജ്യമാക്കിയും നൽകുന്നതിനു സാധിക്കുകയും ശാസ്ത്രീയപരിപാലനവും, മൃഗ ഡോക്ടറുടെ സൗജന്യസേവനവും ലഭിക്കുകയും തീറ്റപ്പുൽ ക്ഷാമം പരിഹരിക്കുവാൻ വേണ്ട നടപടികൾ ഉണ്ടാവു

കയുംചെയ്താൽ ഇപ്പോഴുള്ള പാൽ ക്ഷാമം പരിഹരിക്കാൻ സാധിക്കും. ഓരോ വർഷവും ഉണ്ടാകുന്ന കോഴിവസന്ത രോഗംമൂലം നിലവിലുള്ള കോഴികളിൽ നിന്നും 40% കുറവു വരുന്നു. ഈ രോഗം മൂലം എല്ലാ കോഴികളും നഷ്ടപ്പെട്ടി ട്ടുള്ളവരുമുണ്ട്. തന്മൂലം കോഴിവളർത്തൽ നിർത്തിയിട്ടു ള്ളവരുമുണ്ട്. ഡോക്ടറെകൊണ്ടുവന്ന് ഇവയ്ക്കുള്ള കുത്തിവെപ്പെടുപ്പിക്കാനുള്ള സാമ്പത്തികബുദ്ധിമുട്ട് പരി ഹരിക്കുന്നതിനായി ഓരോ വാർഡിലുമുള്ള ഏതാനുമാ ളുകളെ കോഴിക്ക് പ്രതിരോധകുത്തിവെയ്പ്പെടുക്കാൻ പരി ശീലിപ്പിച്ച് അതിനുള്ള വാക്സിൻ സൗജന്യമായി കൊ ടുത്ത് എല്ലാ കോഴികൾക്കും അതാതുകാലത്ത് കുത്തി വെയ്പെടുക്കുകയും നല്ല കോഴിക്കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണംചെയ്യുകയും ചെയ്താൽ മുട്ടയുടെ ക്ഷാമം പരിഹരിക്കാവുന്നതാണ്.

പൂഞ്ഞാർ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഐ. സി ഡി. പി. സെൻററും പ്രവർത്തിക്കുന്നുണ്ടെങ്കിലും മൃഗഡോ ക്ടറെ സ്വകാര്യവാഹനത്തിൽ കൊണ്ടുവരുകയും മരുന്നു വിലയും കൈക്കൂലിയും കൊടുക്കേണ്ടിയും വരുന്നതിനാൽ ബുദ്ധിമുട്ടാവുന്നുണ്ട്. ചികിത്സ ലഭിക്കാതെയും വേണ്ടസമയത്ത് കൃത്രിമബീജലസങ്കലനത്തിന് സാധിക്കാ ത്തവർ കാലികളെ നാടൻ മൂരികളുടെ കൂട്ടത്തിൽ വി ടുന്നതായും കാണുന്നുണ്ട്. ഇതുമൂലം ഇപ്പോഴുള്ള ഇടത്തരം കാലികളുടെ കന്നുകുട്ടികൾ പാൽ ഉല്പാദന ശേഷി കുറഞ്ഞവയായിത്തീരുന്നു. ഈ രംഗത്ത് കർഷകർ ക്ക് വേണ്ട അറിവ് കൊടുക്കേണ്ടതുണ്ട്.

പൂഞ്ഞാർ പഞ്ചായത്തിൽ ഇപ്പോഴുള്ള മൃഗങ്ങളുടെ എണ്ണം പശു നാടൻ 290. പശുസങ്കരം 1210 ആട് 925, എരുമ 20, പോത്ത് 17, കോഴികൾ 11000, നായ്ക്കൾ 1200 ഒരു ദിവസം പാൽ 700 ലിറ്ററും മുട്ട 1000 എണ്ണത്തോളവും പുറത്തു നിന്നും വരുന്നു.

ക്ഷീരവികസനവകുപ്പ് പൂഞ്ഞാർ പഞ്ചായത്തിൽ നടപ്പി ലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. വാണിജ്യാടിസ്ഥാന പുൽകൃഷിവികസനം
2. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം
3. മാതൃകാ ഡയറിയൂണിറ്റ്
4. പുൽകൃഷി വികസനം
5 കർഷകസമ്പർക്കപരിപാടി
6. ബ്ളോക്ക്തല ക്ഷീരോത്സവം
7. നാടൻ ക്ഷീരോല്പന്നയൂണിറ്റ് സ്ഥാപിക്കൽ

91-92 സാമ്പത്തികവർഷം മുതൽ പൂഞ്ഞാർ പഞ്ചായത്തിൽ നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങളുടെ വിശദവിവരം അനുബന്ധം II നോക്കുക.

വരുംവർഷങ്ങളിൽ മാറ്റങ്ങളോടുകൂടി നടപ്പാക്കാവുന്ന ക്ഷീരവികസനപദ്ധതികൾ

വാണിജ്യാടിസ്ഥാനപുൽകൃഷി

നിലവിൽ നടപ്പാക്കുന്ന പദ്ധതിയിൽ നിന്നും വ്യത്യ സ്തമായി ഓരോ പഞ്ചായത്തിൽനിന്നും 25 സെൻറ് വീതം മാതൃകാ പുൽകൃഷിത്തോട്ടം നിർമ്മിക്കുവാൻ തയ്യാറുള്ള 10 ക്ഷീരകർഷകരെ കണ്ടെത്തി അവർക്ക് 1500 രൂപവരെ ധനസഹായം നൽകിക്കൊണ്ട് ഫലപ്രദമായ രീതിയിൽ നടപ്പാക്കാവുന്നതാണ്.

മാതൃകാകാലിത്തൊഴുത്ത് നിർമ്മാണത്തിന് 1250 രൂപ കൊ ടുത്തുവരുന്നത് 2500 രൂപയായും, മാതൃകാഡയറിയൂ ണിറ്റിന് കൊടുത്തുവരുന്ന 7000രൂപ 10000 രൂപയാക്കി വർ ദ്ധിപ്പിച്ചും ടി പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കാ വുന്നതാണ്. (നിലവിലുള്ള സബ്സിഡി വർദ്ധിപ്പി ക്കേണ്ടതാണ്.

ക്ഷീരസംഘങ്ങൾക്ക് നൽകുന്ന ധനസഹായം

രണ്ടോ മൂന്നോ വാർഡുകൾ കൂട്ടിച്ചേർത്ത് ക്ഷീരസംഘം രൂപീകരിച്ചാൽ പ്രവർത്തനമൂലധനമായി സംഭരിക്കുന്ന പാലിൻെറ അടിസ്ഥാനത്തിൽ 10,000രൂപവരെ സഹായം നൽകുന്നു. ഫർണിച്ചർ വാങ്ങുന്നതിന് 5000രൂപയും കെട്ടിടം നിർമ്മിക്കുന്നതിന് 20,000രൂപയും സംഘത്തിലെ ക്വാളിഫൈയ്ഡ് സെക്രട്ടറിക്ക് ശമ്പളം നൽകുന്നതിന് മാനേജീരിയൽ സബ്സിഡിയും നൽകുന്നു. സംഘത്തിൽ പാൽ നൽകുന്ന കർഷകർക്ക് സംഘം വഴി പകുതി വിലക്ക് കാലിത്തീറ്റ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

<u>നിർദ്ദേശങ്ങൾ</u>

1. ശാസ്ത്രീയരീതിയിൽ പന്നി, കോഴി, മുയൽ, ആട്,പശു എന്നിവകളെ വളർത്തുക.
2. പൗൾട്രി ക്ളബ് സ്ക്കൂളുകൾ തോറും ആരംഭിക്കുക
3. കറവ പശുക്കളെ ഇൻഷുർ ചെയ്യുക

4. ഗ്രാമീണ മൃഗാശുപത്രി കോംപ്ളക്സ് ആരംഭിക്കുക.

അനുബന്ധം II

ഗവൺമെൻറ് മൃഗാശുപത്രി പൂഞ്ഞാർ

അവലോകന റിപ്പോർട്ട് 1994-95, 95 -96, & 96-97 Upto Nov. 20

മൃഗാശുപത്രി, പൂഞ്ഞാർ വഴി ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ കഴിഞ്ഞ 3 വർഷങ്ങളിൽ നടത്തുകയുണ്ടായി.

**ചികിത്സകൾ ; ചികിത്സാവിധികൾ**

94-95 വർഷത്തിൽ, മൃഗങ്ങളും പക്ഷികളും അടക്കം 4595 കേസുകൾ കൈകാര്യം ചെയ്തു. 95-96 അത് 5498 ഉം 96-97 (നവം 20 വരെ) 2472 കേസുകൾക്ക് ചികിത്സാവിധികൾ നടത്തുക ഉണ്ടായി.

കുറിപ്പ്.

ഈ മൃഗാശുപത്രിക്ക്, ആവശ്യം വേണ്ടുന്ന മരുന്നുകൾ ലഭ്യമാകാത്തതിനാൽ കുടുതലും പുറത്തുനിന്ന് വാങ്ങേണ്ടിവരുന്നു. ആയതിനാൽ ആവശ്യംവേണ്ട മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കണം.

**കൃത്രിമബീജസങ്കലനം**

94-95 വർഷത്തിൽ 863 കുത്തിവയ്പുകളും, 95-96 ൽ 656ഉം, 96-97ൽ നവം. 20 വരെ 486 കുത്തിവയ്പുകളും ചെയ്തു കൊടുത്തിട്ടുണ്ട്.

കുറിപ്പ്

കുത്തിവച്ച പശുക്കളിൽ 50% ഗർഭധാരണം നടക്കുന്നതായാണ് കണക്ക്. ഉണ്ടാകുന്ന കിടാവുകളിൽ - 50% ആണും 50% പെൺകിടാവും ആണ്.

അതായത്, ഒരു വർഷം കൃത്രിമ ഗർഭോൽപാദനം വഴി, 175 ഓളം പശുകിടാവുകളെ, ലഭ്യമാക്കുന്നു.

**പ്രതിരോധകുത്തിവയ്പുകൾ**

മൃഗാശുപത്രി വഴി നടത്തുന്ന പ്രതിരോധ കുത്തിവയ്പ്പുകൾ 100%വും ഫലപ്രാപ്തിയിൽ എത്തിക്കുവാൻ സാധിക്കുന്നില്ല.

അതിനുള്ള കാരണങ്ങൾ ഇനിപ്പറയുന്നു:-

1. കർഷകർക്ക് താല്പര്യം ഇല്ലായ്മ. (തെറ്റായ വിശ്വാസങ്ങൾ)
2. തെരഞ്ഞെടുത്ത ജനപ്രതിനിധികളുടെ സഹകരണം ഇല്ലായ്മ.
3. സാമ്പത്തികബുദ്ധിമുട്ടുകൾ
4. യുവജനസംഘടനകളുടെ നിസ്സഹകരണം

എങ്കിലും മൃഗാശുപത്രിവഴി കഴിഞ്ഞ 3 വർഷങ്ങളിൽ നടത്തിയ പ്രതിരോധ കുത്തിവയ്പുകൾ ചുവടെ ചേർക്കുന്നു.

| പ്രതി:കുത്തിവയ്പുകൾ | 1994-95 | 95-96 | 96-97(നവം.20വരെ) |
|---|---|---|---|
| 1. കുളമ്പ് രോഗം (പശുക്കൾ) | 133 | 238 | 696 |
| 2. കൊരളടപ്പൻ (പശുക്കൾ) | - | - | 50 |
| 3. പേവിഷം (നായ്ക്കൾ) | - | 181 | 31 |
| 4. കോഴിവസന്ത (കോഴികൾ) | 400 | 1707 | 664 |

കുറിപ്പ്

കോഴിവസന്തയ്ക്ക്, എതിരെയുള്ള കുത്തിവയ്പുകൾ മൃഗാശുപത്രിയിൽ എല്ലാ ശനിയാഴ്ചയും സൗജന്യമായി ചെയ്തുകൊടുക്കാറുണ്ട്. എന്നാൽ ഈ അവസരം വിനിയോഗിക്കുന്നവർ വളരെ ചുരുക്കം മാത്രം.

**ഗവണ്മെൻറ് സ്കീമുകൾ**

94 95ൽ പ്രത്യേകസ്കീമുകൾ നടപ്പാക്കിയിട്ടില്ല. എന്നാൽ 95-96ൽ ഇനി പറയുന്ന സ്കീമുകൾ ഈ മൃഗാശുപത്രി വഴി നടപ്പാക്കിയിട്ടുണ്ട്.

**1. കോഴി വിതരണം**

പഞ്ചായത്തിലെ 59 ഗുണഭോക്താക്കൾക്ക് 5 മുന്തിയ ഇനം കോഴികളെവച്ച് (രണ്ടുമാസം പ്രായംവരുന്നവ) ആകെ 295 കോഴികളെ 95-96 വർഷത്തിൽ വിതരണം ചെയ്തു. ഇവയിൽ 80% കോഴികളും മുട്ട ഉത്പാദനം ഉള്ളവയാണ്.

**2. ആടുവിതരണം**

39 എസ്. സി. ഗുണഭോക്താക്കൾക്ക് 95-96 വർഷത്തിൽ മൃഗസംരക്ഷണവകുപ്പിലൂടെ ഓരോ പെണ്ണാട് വച്ച് 39 ആടുകളെ വിതരണംചെയ്തു. (ഓരോ ആടിന്നും 1000രൂപ വിലവരുന്നവയാണ്) ഇതിൽ 4 ആടുകൾ പലപ്പോഴായി ചത്തുപോവുകയുണ്ടായി. 11 ആടുകൾ ഇതിനോടകം പ്രസവിച്ച് പാലുൽപാദനം ഉള്ളവയാണ്. 9 ആടുകൾക്ക് ഗർഭധാരണം നടന്നിട്ടുണ്ട്. ഈ പദ്ധതി കുന്നോന്നി പട്ടി

കജാതി കോളനിയിൽ ആണ് നടപ്പാക്കിയത്.

### എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ

94-95 വർഷത്തിൽ ഒരു ഗോരക്ഷാക്യാമ്പും സെമിനാറും 95-96ൽ രണ്ട് ഗോരക്ഷാക്യാമ്പും സെമിനാറുകളും, 96-97ൽ ഇതേവരെ 1 ഗോരക്ഷാക്യാമ്പും സെമിനാറും നടത്തിയിട്ടുണ്ട്.

96-97ൽ എല്ലാ വാർഡുകളിലും കുളമ്പുരോഗപ്രതിരോധകുത്തിവയ്പുക്യാമ്പുകൾ നടത്തിയിട്ടുണ്ട്.
95-96ൽ നായ്ക്കൾക്കായി ഈ മൃഗാശുപത്രി വഴി 2 പേയ്വിഷ നിർമ്മാർജ്ജന കുത്തിവയ്പ് ക്യാമ്പുകൾ നടത്തുകയുണ്ടായി.

### മറ്റ് പ്രവർത്തനങ്ങൾ

95-96ൽ 10-ഓളം ഉരുക്കൾക്ക് Health Certificates കളും 96-97 ഇതുവരെ 39 ഉരുക്കൾക്ക് Health Certificates കളും നൽകിയിട്ടുണ്ട്.
95-96 മൂന്നു മരണസർട്ടിഫിക്കറ്റുകളും 96-97 ഇതേവരെ 10 മരണസർട്ടിഫിക്കറ്റുകളും നൽകിയിട്ടുണ്ട്.
കൂടാതെ ധാരാളം കർഷകസ്യഹൃത്തുക്കൾക്ക് വിദഗ്ദ്ധോപദേശങ്ങൾ ഈ മൃഗാശുപത്രിയിലൂടെ ദിനംപ്രതി നല്കി വരുന്നു.

### അനുബന്ധം

മൃഗാശുപത്രിയിൽ ഇപ്പോൾ വെറ്റിനറി സർജൻ കൂടാതെ, ഒരു അറ്റൻറർ മാത്രമാണ് ഉപജീവനക്കാർ ആയി ഉള്ളത്. ആയതിനാൽ മൃഗാശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾ കൂടാതെ ആഫീസ് സംബന്ധമായ ജോലികളും ഫീൽഡുവർക്കുകളും, വെറ്റിനറി സർജന് ചെയ്തു തീർക്കാവുന്നതിലും അപ്പുറമാണ്. ഈ മൃഗാശുപത്രിയിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ ഒഴിവ് നികത്തിയെങ്കിൽ മാത്രമേ ഇതിനൊരു പരിഹാരം ഉണ്ടാകൂ. ആയതിലേക്ക് വേണ്ടത്ര ശ്രദ്ധ പഞ്ചായത്ത് അധികാരികൾ എടുക്കുവാൻ താല്പര്യപ്പെടുന്നു. മാത്രമല്ല മൃഗാശുപത്രിയുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുവാൻ ജനപ്രതിനിധികളുടെ സഹകരണവും പ്രതീക്ഷിക്കുന്നു.

## അനുബന്ധം 1

ക്ഷീര വികസന വകുപ്പ് മുഖേന 91-92 സാമ്പത്തിക വർഷം മുതൽ പൂഞ്ഞാർ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ ക്ഷീരവികസന പ്രവർത്തനങ്ങളുടെ വിശദവിവരം.

| ക്രമ. നം: | പദ്ധതി | സാമ്പത്തിക വർഷം | ബ്ലോക്ക് ടാർജറ്റ് | ഗുണഭോക്താക്കളുടെ എണ്ണം. | ധനസഹായ തുക | ആകെ |
|---|---|---|---|---|---|---|
| 1. | പ്രവർത്തന മൂലധനം (ക്ഷീര സംഘങ്ങാംക്ക്) | 95 - 96 | - | ചേന്നാട് | 2300 രൂ | 2300 രൂ. |
| 2. | വാണിജ്യാടിസ്ഥാന പുൽകൃഷി വികസനം (1 ഹെക്ടർ) | 96 - 97 | 1 | - | 15,000 രൂ. | 15,000 രൂ. |
| 3. | മാതൃകാഡയറി യൂണിറ്റ് | 95 -96 | 1 | 1 | 7,000 രൂ. | 7,000 രൂ. |
| 4. | മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം | 92 - 93 | 2 | 1 | 500 രൂ. | 500 രൂ. |
| | | 94 - 95 | 9 | 1 | 333 രൂ. | 333 രൂ. |
| | | 95 - 96 | 15 | 3 | 1,250 രൂ. | 3,750 രൂ. |
| | | 96 - 97 | 22 | 8 | 1,250 രൂ | 10,000 രൂ |
| 5. | പുൽ ഉണക്കൽ | 96 - 97 | 1 മെട്രിക് ടൺ | | | |
| 6. | വൈയ്ക്കോൽ സമ്പുഷ്ടീകരണ പദ്ധതി (വാർഷിക പദ്ധതി) | 91 - 92 | 3.5 ടൺ | 1 | 200 രൂ. (.5 ടൺ) | 200 രൂ. |
| | | 92 - 93 | 3 ടൺ | 1 | 200 രൂ. (.5 ടൺ) | 200 രൂ. |
| | | 94 - 95 | 7.5 ടൺ | 3 | 500 രൂ. (.5 ടൺ) | 1,500 രൂ. |
| | കേന്ദ്രസഹായ പദ്ധതി | 95 - 96 | 13.5 ടൺ | 1 | 500 രൂ. (.5 ടൺ) | 500 രൂ. |

| ക്രമ നം: | പദ്ധതി | സാമ്പത്തിക വർഷം | ബ്ലോക്ക് ടാർജറ്റ് | ഗുണഭോ ക്താക്കളുടെ എണ്ണം. | ധനസഹായ തുക | ആകെ |
|---|---|---|---|---|---|---|
| 7. | സൈലേജ് നിർമ്മാണം | 1 | - | 1 | 125 രൂ. | - |
| 8. | ബ്ലോക്ക് ക്ഷീരോത്സവം | 1 | - | - | 900 രൂ. | - |
| 9. | കർഷക സമ്പർക്കപരിപാടി | 23 | 93-94 | 3 | 300 രൂ. | 900 രൂ. |
| | ക്ഷീരവികസന സെമിനാർ | 24 | 94 - 95 | 3 | 300 രൂ. | 900 രൂ. |
| | ക്ഷീരോൽപന്ന നിർമ്മാണ | 24 | 95 - 96 | 6 | 300 രൂ. | 1,800 രൂ. |
| | പരിശീലന ക്ലാസ്സ് | 24 | 96 - 97 | 6 | 300 രൂ. | 1,800 രൂ. |
| 10 | നാടൻ ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റ് | 15 | 95 - 96 | 5 | 21, 750 രൂ. | 1,08,750 രൂ. |
| 11. | പ്രത്യേക ഘടകപദ്ധതി - പ്രത്യേക കേന്ദ്രസഹായപദ്ധതി | 6 | 96 - 97 | 4 | 6907 രൂ. | 27,628 രൂ. |

| | പദ്ധതി | സാമ്പത്തിക വർഷം | ടാർജ്ജറ്റ് | വിസ്തീർണ്ണം | ധനസഹായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| 12. | പുൽകൃഷി വികസനം | 91 - 92 | 13. 8 ഹെ. | 0.8 ഹെ. | - | |
| | 1. പുൽപയർ മിശ്രിതം. | 93 - 94 | 32.6 ഹെ. | 4.4 ഹെ | | |
| | 2. കോംഗോ സിഗ്നൽ | 95 - 96 | 28 ഹെ | 1.6 ഹെ | | |
| | 3. ആൻഡ്രോപോഗൽ ഗിനി | 96 - 97 | 18.8 ഹെ | 2.78 ഹെ | | |
| | 4. സ്റ്റൈലോസാന്തസ് | | | | | |
| | 5. വൻപയർ 6. മക്കച്ചോളം. | | | | | |
| 13. | പുൽക്കട കൃഷി | 93 - 94 | 11 ഹെ. | 1 ഹെ | 500 രൂ | |
| | | 94 - 95 | 21.5 ഹെ | 2 ഹെ. | 2,600 രൂ. | |
| | | 95 - 96 | 14 ഹെ | 2 ഹെ. | 2,000 രൂ. | |
| | | 96 - 97 | 16 ഹെ | 5.1 ഹെ. | 5,100 രൂ. | |
| 14. | ധാതുലവണ മിശ്രിതം | 92 - 93 | 240 കി. | 25 കി. | - | |
| | | 93 - 94 | 275 കി. | 15 കി. | | |
| | | 94 - 95 | 250 കി. | 20 കി. | | |
| | | 95 - 96 | 450 കി. | 50 കി. | | |
| | | 96 - 97 | | | | |

| ക്രമ. നം. | പദ്ധതി | സാമ്പത്തിക വർഷം | ടാർജറ്റ് | പൂഞ്ഞാർ പഞ്ചായത്തിൽ ചിലവഴിച്ച അളവ് | കുറിപ്പ് | |
|---|---|---|---|---|---|---|
| | മീനെണ്ണ | 92- 93 | 80 ബോട്ടിൽ | - | | |
| | | 93-94 | 36 ബോട്ടിൽ | | | |
| | | 94 - 95 | 90 ബോട്ടിൽ | 15 ബോട്ടിൽ | - | |
| | | 95 - 96 | 180 ബോട്ടിൽ | 15 ബോട്ടിൽ | | |
| | | 96 - 97 | | | ടാർജറ്റ് മുഴുമിപ്പിച്ചില്ല. | |

## 5:3

# വ്യവസായം

കാർഷിക പ്രധാനമായ ഈ പഞ്ചായത്തിന് വ്യാവസായിക പാരമ്പര്യമില്ല. വൻകിട ചെറുകിട വ്യവസായങ്ങൾ മുളച്ചു പൊന്താൻ ഈ ഗ്രാമം കാത്തിരിക്കുന്നു.

പൂഞ്ഞാർ പാലസുമായി ബന്ധപ്പെട്ട് 12 തറികളുള്ള ഒരു നെയ്ത്തുശാല 1940 കളിൽ പ്രവർത്തിച്ചിരുന്നു. കൂടാതെ രാജേശ്വരി ഓയിൽ മില്ലും വർഷങ്ങൾക്കു മുമ്പ് ഇവിടെ ഉണ്ടായിരുന്നു.

ഇപ്പോൾ വ്യവസായ മേഖല ഇവിടെ ശുഷ്കമാണ്. നിലവിലുള്ള ഏതാനും ചെറുകിട വ്യവസായങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓയിൽ മില്ലുകൾ | : 3 |
| ധാന്യങ്ങൾ പൊടിക്കുന്ന മില്ല് | : 1 |
| സിമൻറ് ഇഷ്ടിക നിർമ്മാണ യൂണിറ്റ് | : 2 |
| കക്കാ നീറ്റു ശാല | : 1 |
| പാലൽപ്പന്ന നിർമ്മാണ കേന്ദ്രം | : 4 |
| പ്രിൻറിംഗ് പ്രസ്സ് | : 1 |
| മരം കൊണ്ടുള്ള ഫർണീച്ചർ നിർമ്മാണ ശാല | : 3 |

ഇവയൊന്നും കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകാനോ കൂടുതൽ ഉൽപ്പന്നങ്ങൾ വിപണിയിലാക്കാനോ പര്യാപ്തങ്ങളല്ല.

റബ്ബർ കൃഷിക്ക് പ്രാധാന്യമുള്ള ഈ നാട്ടിൽ റബ്ബർ അധിഷ്ടിത വ്യവസായങ്ങൾ നിലവിലില്ല. കാർഷിക വൃത്തിയിലുള്ള നൂറ്റാണ്ടുകളുടെ ബന്ധം വ്യവസായ സംസ്കാരത്തെ വെളിയിൽ നിർത്തിയിരിക്കുന്നു. ഈ ഗ്രാമ മനസ്സിനു വ്യവസായ വികസന ബോധം വളരാൻ ബോധപൂർവ്വമായ ശ്രമം ആവശ്യമാണ്. വ്യവസായത്തിനു മൂലധനം മുടക്കാൻ കഴിവുള്ളവരുണ്ട്. അവരെ കണ്ടെത്തുകയും പ്രേരണയും സഹായവും നൽകുകയും വേണം.

റബ്ബർ തോട്ടങ്ങളിൽ തേനീച്ച വളർത്തലിൻെറ സാധ്യതകൾ ഉറങ്ങുന്നു. പല കർഷകരും ഒറ്റപ്പെട്ട നിലയിൽ ഈ സംരംഭത്തിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ശാസ്ത്രീയവും സാങ്കേതികവുമായ അറിവുകൾ വേണ്ട പോലെ ഉപയോഗപ്പെടുത്തുന്നില്ല. കർഷകർക്ക് വേണ്ട പരിശീലനവും സഹായവും നൽകണം.

പട്ടുനൂൽപ്പുഴു വളർത്തലും കാർഷിക വൃത്തിയോട് അനുബന്ധിച്ച് ചെയ്യാവുന്ന ചെറുകിട വ്യവസായമാണ്. ഇക്കാര്യത്തിൽ ഖാദി ബോർഡിൻെറ സേവനം ഉപയോഗപ്പെടുത്തണം.

ചെറുകിട വൻകിട വ്യവസായങ്ങൾക്ക് തടസ്സം നിൽക്കുന്നത് ഊർജജ ദൗർലഭ്യമാണ്. സാങ്കേതിക വിദ്യയിലും വിപണനത്തിലും ഉള്ള അറിവില്ലായ്മയും തടസ്സങ്ങൾ തന്നെ. അവയ്ക്ക് പരിഹാരം വേണം. സർക്കാർ സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കണം.

**നിർദ്ദേശങ്ങൾ**

1. ഒരു വൻകിട ടയർ ഫാക്ടറി സ്ഥാപിക്കുക.
2. വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.
3. വൈദ്യുതി ലഭ്യത ഉറപ്പു വരുത്തുക.
4. വ്യവസായങ്ങൾക്ക് വിദേശ മലയാളി സംരംഭകരെ കണ്ടെത്തുകയും മൂലധന നിക്ഷേപം സാധ്യമാക്കുകയും ചെയ്യുക.
5. പ്രാദേശിക വ്യവസായ സംരംഭകരെ കണ്ടെത്തുകയും പരിശീലനം നല്കുകയും ചെയ്യുക.
6. റബ്ബർ അധിഷ്ഠിത ചെറുകിട കുടിൽ വ്യവസായങ്ങൾ തുടങ്ങുക.
7. റബ്ബർ തടി സംസ്കരണവും അവ ഉപയോഗിച്ചുളള ഉപകരണ നിർമ്മാണവും സാധ്യമാക്കുക.
8. തടി മില്ലുകൾ, അലൂമിനിയ പാത്രങ്ങൾ എണ്ണയാട്ടു മില്ലുകൾ, ഓട്ടോ ടൂ വ്ഹീലർ വർക്ക്ഷോപ്പുകൾ, റീ ട്രേഡിംഗ് സ്ഥാപനങ്ങൾ പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ എന്നിവയുടെ സാധ്യതകൾ പഠിച്ച് ആവശ്യമായവ നിർമ്മിക്കുക.
9. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, നൂൽനൂൽപ്പ്, പേപ്പർ കവർ നിർമ്മാണം, കറിപൗഡർ, മെഴുകുതിരി, സോപ്പ് തുടങ്ങിയവയുടെ നിർമ്മാണം എന്നിവ വനിതാ സഹകരണ മേഖലയിൽ ആരംഭിക്കുക.

# 5:4 വിദ്യാഭ്യാസം

മീനച്ചിൽ താലൂക്കിൻെറ കിഴക്കൻ മേഖലയിൽ നൂറ്റാണ്ടുകളായി വിദ്യാഭ്യാസത്തിൻെറയും, സംസ്കാരത്തിൻെറയും കേന്ദ്രമായി പരിലസിച്ചിരുന്ന സ്ഥലമാണ് പൂഞ്ഞാർ പനച്ചിപ്പാറ പ്രദേശം. സംസ്കാരത്തിലും,വിദ്യാവ്യസനിത്വത്തിലും സമ്പന്നമായിരുന്ന ഒരു രാജകുടുംബത്തിൻെറ സാന്നിദ്ധ്യമാണ് ആശാസ്യമായ ഈ അവസ്ഥയ്ക്ക് നിതാനമായിരുന്നത്. വിദ്യക്കും, കലകൾക്കും പ്രോത്സാഹനവും, സംരംക്ഷണവും നല്കുക എന്നത് എവിടെയും നാടുവാഴികളുടെയും, ജന്മികളുടെയും മഹത്വത്തിൻെറ മാനദണ്ഡമായി കരുതപ്പെട്ടിരുന്നു. ഇൻഡ്യയിൽ നാടുവാഴികൾ വിദ്യാപ്രോത്സാഹനത്തിൽ മത്സരബുദ്ധിയോടെ പ്രവർത്തിച്ചിരുന്ന ഒരു കാലഘട്ടമുണ്ട്.

പൂഞ്ഞാർ തമ്പുരാക്കൻമാർ ഈ നല്ല പാരമ്പര്യത്തിൻെറ പ്രയോക്താക്കളായിരുന്നു. പണ്ഡിതരായ ഗുരുക്കൻമാരെ ചിലവിന് കൊടുത്ത് താമസിപ്പിച്ച് കൊട്ടാരത്തിലെ ബാലൻമാരെയും, വിദ്യാഭിലാഷികളായ സമീപവാസികളെയും പഠിപ്പിക്കാനുള്ള ഏർപ്പാടാണ് ഇവിടെ ഉണ്ടായിരുന്നത്. പാണ്ഡിത്യം നേടിയ തമ്പുരാക്കൻമാർ സ്വയം അദ്ധ്യാപകരായി സേവനം അനുഷ്ഠിച്ച് ഈശ്വരാനുഗ്രഹം നേടാനുള്ള ശ്രമവും ശതാബ്ദങ്ങളുടെ പാരമ്പര്യമായി ഇവിടെ നിലനിന്നു. ഗുരുഭക്തിയും പഠനത്തിൽ ഉത്സാഹവും മാത്രമാണ് വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയിരുന്ന ഫീസ്.

ഇതിനു സമാന്തരമായി പൂഞ്ഞാർ ഇടവകയുടെ മറ്റു ഭാഗങ്ങളിൽ നാട്ടാശാൻമാരുടെ സേവനമാണ് കേരളത്തിൻെറ മറ്റുപ്രദേശങ്ങളിൽ എന്ന പോലെ വിദ്യാഭ്യാസ രംഗത്ത് ശക്തിസ്രോതസ്സുകളായി നിലനിന്നിരുന്നത്.അനുദിന ജീവിതത്തിനാവശ്യമുള്ളത്ര എഴുത്തും വായനയും കണക്കും പഠിപ്പിച്ചിരുന്ന ആശാൻമാർ വലിയ പണ്ഡിതൻമാർ ആയിരുന്നില്ലെങ്കിലും നാട്ടലൻ പുറങ്ങളുടെ ആദരണീയ ഗുരുഭൂതൻമാരായിരുന്നു. പ്രാകൃതമായ ദണ്ഡനീതികൾ ഉപയോഗിച്ചിരുന്നെങ്കിലും പഠിപ്പിക്കുന്നിടത്തോളം കാര്യങ്ങൾ 'വെടിപ്പായി' പഠിപ്പിക്കും എന്ന കാര്യത്തിൽ അന്നത്തെ ശിഷ്യഗണങ്ങൾക്ക് ആശാൻമാരോട് നന്ദിയും സ്നേഹവും ഉണ്ടായിരുന്നു.

## S.M.V.H.S. പൂഞ്ഞാർ

മീനച്ചിൽ താലൂക്കിൻെറ കിഴക്കൻ മേഖലയിലെ ആദ്യത്തെ ഉന്നതവിദ്യാലയമാണ് ....... 1093 ഇടവം 7-ാം തിയതിയാണ് ഇതിൻെറ ആരംഭം (80 വർഷത്തോളം ആകുന്നു) ആദ്യം ക്ലാസ്സുകൾ നടന്നത് പനച്ചിപ്പാറ പുളിമൂട്ടിലുള്ള ഒരു ചെറിയ കെട്ടിടത്തിൽ ആയിരിന്നു. മിഡിൽ സ്ക്കൂൾ കെട്ടിടം പണി തീർന്നപ്പോൾ അന്നത്തെ ദിവാൻ സർ എം. കൃഷ്ണൻ നായർ വന്ന് അതിൻെറ ഉത്ഘാടനം നടത്തി. കരിമ്പനയ്ക്കൽ കുടുംബക്കാർ നൽകിയ ഒരേക്കർ സ്ഥലവും കല്ലങ്കാട്ട് ശ്രീ. വർക്കിയെപ്പോലുള്ള അനേകം നാട്ടുകാരുടെ സംഭാവനകളും അന്നത്തെ പൂഞ്ഞാർ വലിയ തമ്പുരാനായിരുന്ന ശ്രീ. കേരളവർമ്മ രാജായുടെ ഔദാര്യവും അദ്ധ്യാപകനായിരുന്ന ശ്രീ. പുന്നവേലി പരമേശ്വരൻപിള്ള സാറിൻെറ തളരാത്ത ഉൽസാഹവുമാണ് വിദ്യാലയത്തിൻെറ ആവിർഭാവത്തിനു പിന്നിലെ മറ്റു ശക്തികൾ. പത്തു മൈൽ ചുറ്റളവിൽ ഒരു മിഡിൽ സ്ക്കൂൾ പോലുമില്ലായിരുന്ന അക്കാലത്ത് നടന്ന ഈ സ്ക്കൂളിൻെറ സ്ഥാപനം പൂഞ്ഞാർ പ്രദേശത്തിൻെറ ചരിത്രത്തിൽ ഒരു ഉജ്ജ്വല അദ്ധ്യായത്തിൻെറ പ്രാരംഭമായിരുന്നു എന്നു പറയാം.

17-വർഷങ്ങൾക്കു ശേഷം 1110- ൽ ഈ സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. അന്ന് ഹൈസ്ക്കൂളിൽ പഠിക്കുന്നവർ മാസം തോറും നൽകേണ്ടിയിരുന്ന ഫീസ് ഒരു ചാക്ക് അരിയുടെ വിലയ്ക്ക് തുല്യമായ 5.5 രൂപയാണ്.കേരളത്തിൻെറ ചരിത്രത്തിലെ ശ്രദ്ധേയ നാമങ്ങളായി തീർന്നിട്ടുള്ള കേണൽ ജി. വീ. രാജാ, ഫാ. തോമസ് അരയത്തിനാൽ, സർവശ്രീ ടി. എ. തൊമ്മൻ, സി. പി. രാമകൃഷ്ണ പിള്ള, പി. ആർ. വാസുദേവൻ നായർ, ആർ. രാമചന്ദ്രൻ നായർ, എൻ. എം. ജോസഫ്, കെ. ജെ. മാത്യു തുടങ്ങിയ അനേകം പേർ ഈ വിദ്യാലയ മാതാവിൻെറ സന്താനങ്ങളാണ്.

ഈ സ്ക്കൂളിൻെറ വകയായ വെള്ളിയേപ്പള്ളി കണ്ടം എന്ന വിശാലമായ കളിസ്ഥലം അധികം ഹൈസ്ക്കുളുകൾക്കില്ലാത്ത ഒരുഫലപ്രബ്ധിയാണ്. ഇത് അനേക സുപ്രധാന കായിക മേളകളുടെ വേദിആയിരുന്നിട്ടുണ്ട്. സ്ക്കൂൾ കലാ മേളകളിൽ പൂഞ്ഞാർ S.M.V.H.S. ജ്വലിച്ചു

നിന്ന ഒരു കാലവുമുണ്ട്.

സ്ക്കൂൾ പൂഞ്ഞാർ കൊട്ടാരം വക ആയിരുന്നു.

ഇപ്പോഴും അതെ എങ്കിലും നാടുവാഴിത്തം തല പൊക്കി നിന്ന പഴയ കാലത്തും സമ ഭാവനയുടെയും സർവ്വ മത സൗഹാർദ്ദത്തിൻെറയും അന്തരീക്ഷം നില നിന്നി രുന്നു എന്ന്. പൂർവ്വ വിദ്യാർത്ഥികൾ അനുസ്മരിക്കുന്നു.

ഇന്ന് ഈ വിദ്യാലത്തിന് പല രംഗങ്ങളിലും പഴയ പ്രതാപം കൈവിട്ടുപോയിരുന്നു.

ഗവ. ലോവർ പ്രൈമറി സ്കൂൾ പനച്ചിപ്പാറ

സ്ഥാപിതം - ഒന്നേകാൽ നൂറ്റാണ്ടു മുൻപ് സ്ഥാപിതമായ വിദ്യാലയം ഒരുപക്ഷെ മീനച്ചിൽ താലൂക്കിലെ തന്നെ ഏറ്റവും പഴക്കമുള്ള വിദ്യാലയങ്ങളിൽ ഒന്നാണ്. ആദ്യകാലത്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ കെട്ടിടങ്ങൾ ആയിരുന്നു ഉണ്ടായിരുന്നത്. കൊട്ടാരത്തിലെ കുട്ടികൾക്ക് വേണ്ടി പ്രത്യേകം സ്കൂൾ ഉണ്ടായിരുന്നതുകൊണ്ട് ഈ സ്കൂൾ നാട്ടിലെ സാധാരണക്കാരായ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്ക് വേണ്ടി യാണ് നിലനിന്നിരുന്നത്. ഇവിടുത്തെ ആൺകുട്ടികളുടെ

വിഭാഗത്തിൻെറ പ്രഥമാദ്ധ്യാപകനായിരുന്ന ശ്രീ. പുന്ന വേലി പരമേശ്വരനാണ് എസ്. എം. വി. ഹൈസ്കൂൾ സ്ഥാപനത്തിനു പിന്നിലെ പ്രധാന ശക്തി.

ഇന്ന് ഈ വിദ്യാലയത്തിൽ 121 ആൺകുട്ടികളും 122 പെൺകുട്ടികളും ഉൾപ്പെടെ 243 കുട്ടികളാണുള്ളത്. ഇതിനോട് ചേർന്ന പ്രീപ്രൈമറി ക്ലാസ്സിൽ 60 കുട്ടികൾ ഉണ്ട്. ചേരാൻ താല്പര്യമുള്ളവർ പിന്നെ ഉണ്ടെങ്കിലും സൗകര്യകുറവുമൂലം അഡ്മിഷൻ പരിമിതപ്പെടുത്തിരിക്കുകയാണ്.

ഇവിടുത്തെ പി.ടി.എ വളരെ സജീവമാണ്. സ്റ്റേജ്, ഗേറ്റ്, സ്ക്രീനുകൾ, ജലവിതരണത്തിനുള്ള സംവിധാനം എന്നിവ അവരുടെ സംഭാവനയാണ്. ജലവിതരണം പഞ്ചായത്തിൽ നിന്നാണ്.

പലവിധ പരിമിതികളുടെ മദ്ധ്യത്തിലാണ് പ്രവർത്തനമെങ്കിലും പഠനനിലവാരം തൃപ്തികരം. കലാ മത്സരങ്ങളിലും വർക്ക് എക്സ്പീരിയൻസിലും കുട്ടികൾ ധാരാളം സമ്മാനങ്ങൾ വാങ്ങുന്നു. സ്പോർട്സിൻെറ രംഗം അത്ര മെച്ചമല്ല.

ഇതിനോട് ചേർന്നുള്ള പ്രീ പ്രൈമറിയിൽ 30 പേർക്കുള്ള സൗകര്യങ്ങൾ തന്നെ കഷ്ടിയാണ്. എങ്കിലും തള്ളൽ പരിഗണിച്ച് 60 പേരെ വരെ ചേർക്കുന്നു. ഉപകരണങ്ങളും, കളിക്കോപ്പുകളും ഇനിയും ഉണ്ടാ കേണ്ടിയിരിക്കുന്നു. പ്രീ. പ്രൈമറി മലയാളം മീഡിയമാണ്.

സെൻറ്. ജോസഫ്സ് യു.പി. സ്കൂൾ മണിയംകുന്ന്

1917 -ൽ സ്ഥാപിതമായ ഈ സ്കൂൾ പനച്ചിപ്പാറ ഗവ. എൽ.പി. സ്കൂൾ കഴിഞ്ഞാൽ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന സ്കൂളാണ്. മണിയംകുന്ന് ക്ലാരമഠത്തിൻെറ ആഭിമുഖ്യത്തിൽ ആരംഭിച്ച സ്കൂൾ ഇപ്പോഴും ആ രീതിയിൽതന്നെ നടക്കുന്നു. 1945 - ൽ ആരംഭിച്ച ഇംഗ്ലീഷ് മിഡിൽ സ്കൂൾ 1947 - ൽ പൂഞ്ഞാറിലേക്ക് പറിച്ചുനടപ്പെട്ടു. പിന്നീട് യു. പി. വിഭാഗം ആരംഭിച്ചത് 1962 - ൽ ആണ്.

പഠനത്തിൽ ഈ സ്കൂൾ ഉന്നതനിലവാരം പുലർത്തുന്നുണ്ടെങ്കിലും എല്ലാസ്കൂളുകൾക്കും അനുഭവപ്പെടുന്ന വിദ്യാർത്ഥിക്ഷാമം ഇവിടെയും ഇല്ലാതില്ല. ബസ് സർവ്വിസിൻെറ അഭാവം അതിന് ഒരുകാരണമാണ്. കലാകായിക മത്സരങ്ങളിലും വർക്ക് എക്സ്പീരിയൻസിലും കുട്ടികൾക്ക് ധാരാളം സമ്മാനങ്ങൾ കിട്ടാറുണ്ട്.

**സെൻറ് ജോസഫ്സ് യു. പി. എസ് സ്കൂൾ പൂഞ്ഞാർ.**

ചരിത്രം- 1936-ൽ പൂഞ്ഞാർ പള്ളി പുതുക്കി പണിതനെ തുടർന്ന് പണിത സ്കൂൾ കെട്ടിടത്തിൽ, പിന്നീട് ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത ആയിത്തീർന്ന ഫാ. മാത്യു കാവുകാട്ടിൻെറ നേതൃത്വത്തിൽ ഒരു കേംബ്രിഡ്ജ് സ്കൂൾ സ്ഥാപിക്കപ്പെട്ടു. പിന്നീട് ഫാ. ടി. സി. ജോസഫിൻെറ നേതൃത്വത്തിൽ പ്രവർത്തിച്ചുവന്ന സ്ഥാപനം സ്വതന്ത്ര്യലബ്ധിയോടുകൂടി കേംബ്രിഡ്ജ് സിലബസിൻെ അംഗീകാരം നിർത്തൽ ചെയ്യപ്പെട്ടപ്പോൾ അവസാനിപ്പിക്കേണ്ടിവന്നു. അങ്ങനെ സ്കൂൾ കെട്ടിടം ഒഴിവായപ്പോൾ മണിയംകുന്നിൽ രണ്ടുവർഷമായി പ്രവർത്തിച്ചുവന്നതും വിചാരിച്ചവേഗത്തിൽ കെട്ടിട സൗകര്യം ഉണ്ടാകായ്കയാൽ ഞെരുക്കത്തിൽ കഴിഞ്ഞിരുന്നതുമായ ഇംഗ്ലീഷ് മിഡിൽ സ്കൂൾ ഇങ്ങോട്ട് മാറ്റി സ്ഥാപിക്കപ്പെട്ടു. (1947-ൽ) പിന്നെയും 2 കൊല്ലം കഴിഞ്ഞ് 1949 -ൽ ആണ് ഇവിടെ എൽ. പി. സ്കൂൾ പ്രവർത്തിച്ചുതുടങ്ങിയത്. അങ്ങനെ ആദ്യം യു. പി. യും പിന്നെ എൽ. പി. യും. തുടങ്ങി എന്ന ഒരു വിശേഷത ഈ സ്കൂളിൻെറ ചരിത്രത്തിനുണ്ട്. ഇന്ന് ഇത് പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷനൽ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്നു.

**സെൻറ് ജോസഫ്സ് മണിയംകുളം**

ഉദാരമതിയായ ശ്രീ. കെ. ജെ. കുര്യൻ കള്ളിവയലിൽ 1928- ൽ സ്വന്തമായി നിർമ്മിച്ച് നാട്ടുകാർക്ക് ൽകിയതാണ് ഈ പ്രൈമറി സ്കൂൾ. ഇത് മണിയംകുളം പള്ളിയുടെയും ചേന്നാട് ടൗണിൻെറയും മദ്ധ്യത്തിലായി പേട്ട- ചേന്നാട് റോഡിനു സമീപം സ്ഥിതിചെയ്യുന്നു. വ്യക്തി മാനേജുമെൻറ് വക സ്കൂളാണ്. മാനേജർ ശ്രീ. ജോസഫ് കുര്യൻ കള്ളിവയലിൽ.

പ്രൈമറിയുടെ എല്ലാ ക്ലാസ്സുകളും രണ്ടു ഡിവിഷൻ നടത്താനുള്ള സജജീകരണങ്ങൾ ഉണ്ടെങ്കിലും ഇപ്പോൾ ഓരോ ക്ലാസ്സിനുള്ള കുട്ടികളേയുള്ളൂ.

**സെൻറ് മരിയ ഗൊരേത്തീസ് എച്ച്. എസ്സ്. ചേന്നാട്.**

പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ഹൈസ്കൂളാണിത്. വിജയ ശതമാനം എന്നും 62 മേൽ. സ്ക്കൂളിനു വേണ്ട എല്ലാ സംവിധാനങ്ങളുടെയും കാര്യ ത്തിൽ തൃപ്തികരമായ അവസ്ഥയാണുള്ളത്.1954 – ൽ യു. പി. ആയി ആരംഭിച്ച ഈ സ്ക്കൂൾ 1984– ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഇപ്പോൾ ആകെ 462 കട്ടികളും 17 അദ്ധ്യാപകരും ഉണ്ട്. വിദ്യാർത്ഥികളിൽ 320 പേർ പെൺകുട്ടികളാണ്. ലൈബ്രറിയിൽ 2700 ഓളം പു 'തകങ്ങളുണ്ട്. പി. ടി. എ. സജീവമാണ്. കഴിഞ്ഞ കൊല്ലം അവർ പഴയ കെട്ടിടത്തിൻെറ ഓടുകൾ ഇളക്കി മേച്ചിൽ നടത്തി. പള്ളി വകയായിട്ടുള്ള സ്കൂൾ പാലാ കോർപ്പ റേറ്റിൻെറ കീഴിലാണ്.

**നിർമ്മല എൽ. പി. എസ്സ്. ചേന്നാട്.**

ചേന്നാട്ടുള്ള മറ്റൊരു പ്രൈമറി സ്കൂളായ സെൻറ് ജോസഫ്സ് എൽ. പി. എസ്സ്. കുറെ അകലെയായതു കൊണ്ട് സമീപ വാസികളായ കുട്ടികളുടെ സൗകര്യാർത്ഥം വരകപ്പള്ളിൽ ശ്രീ. വി. ആർ. നാരായണൻ നായർ 1963– ൽ സ്വന്തം ചെലവിൽ സ്ഥാപിച്ച വിദ്യലയമാണിത്. കെട്ടിട സൗകര്യവും ഫർണീച്ചറും ആവശ്യത്തിനുണ്ട്.ലൈബ്രറി പുസ്തകങ്ങളും പഠനോപകരണങ്ങളും വേണ്ടത്രയില്ല. 110 വിദ്യാർത്ഥികളും 4 അദ്യാപകരുമാണുള്ളത്.

വിദ്യാഭ്യാസം മനോ വികസനത്തിനും സാംസ്കാരികോ ന്നമനത്തിനും ഉപയുക്തമാകണമെന്ന് എല്ലാവർക്കും അറിയാം. എന്നാൽ ജീവിതസമ്പാദനത്തിനും വിദ്യാഭ്യാസം ഉതകണമല്ലൊ.സമൂഹത്തിൻെറപുരോഗതിക്ക് അദ്ധ്യാപകരും ഗുമസ്ഥന്മാരും മാത്രം പോരാ. സമൂഹത്തിനാവശ്യമായ വിവിധ തൊഴിലുകളിൽ പരിശീലനം നേടിയ ചെറുപ്പക്കാർ ഉണ്ടായിരിക്കക ആവശ്യമാണ്. ശാസ്ത്രപരവും മാനവീകവുമായ വിവിധ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദങ്ങൾ വരെ സമ്പാധിച്ചിട്ട്ഒരു തൊ ഴിലും കിട്ടാതെ രോഷാകുലരായി അലഞ്ഞി നടക്കുന്ന ചെറുപ്പക്കാർ പതിനായിരക്കണക്കിനുള്ള നമ്മുടെ നാട്ടിൽ കെട്ടിട നിർമ്മാണം, ഫർണീച്ചർ നിർമ്മാണം, റബ്ബർ ടാപ്പിംഗ്, തെങ്ങുകയറ്റം തുടങ്ങിയ തൊഴിലുകൾ ചെയ്യാൻ പരിശീലനവും സന്നദ്ധതയുള്ളവരുടെ ദൗർലഭ്യം ദുസ്സഹമായ അവസ്ഥയിലുമാണ്. ഈ സ്ഥിതിക്കു പരിഹാരമുണ്ടാകാൻ രണ്ടു കാര്യങ്ങൾ ആവശ്യമുണ്ട്.

**ഒന്ന്: വീക്ഷണവ്യതിയാനം രണ്ട്: പരിശീലനം.**

**വീക്ഷണവ്യതിയാനം:** ചാതുർവ്വണ്യത്തിലം ചൂഷണത്തിലും വേരൂന്നിയ ഒരു ഭൂതകാലമാണ് നമുക്കുള്ളത്. അതു മൂലം കായികാദ്ധ്വാനം മനുഷ്യൻെറ അന്തസ്സുകെടുത്തും എന്ന മിഥ്യാബോധം ജനതയിൽ വേരൂന്നി. ഈ അബദ്ധധാരണമാറ്റി, സമൂഹത്തിനാവശ്യമുള്ള ഏതു തൊഴിലിലും ആദരണീയമാണെന്ന ചിന്ത സമൂഹത്തെ കൊണ്ട് അംഗീകരിപ്പിക്കണം.

**പരീശീലനം:** സമൂഹത്തിനാവശ്യമുള്ള എല്ലാതൊഴിലി കളിലും അവ മിക്കവയിലും കായികാദ്ധ്വാനം ആവശ്യമാണ്. വിദഗ്ധമായ പരിശീലനം നൽകാനുള്ള സ്ഥാപനങ്ങൾ ഉണ്ടാകണം.

നഴ്സിംഗ് തുടങ്ങി വിദേശത്തു ജോലി കിട്ടുവാൻ ഉതകുന്ന തൊഴിലുകളിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ കേരളത്തിൽ വേണ്ടത്രയില്ല. അതിനാൽ നമ്മുടെ ചെറുപ്പക്കാർ ഭാരിച്ച തലവരി കൊടുത്തു അന്യ സ്റ്റേറ്റു കളിലുള്ള നിലവാരം കെട്ട സ്ഥാപനങ്ങളിൽ പോയി ചേർന്ന് വലിയ കഷ്ടനഷ്ടങ്ങൾ സഹിക്കുന്നുണ്ട്. ആ വിഭാഗത്തിലുള്ള നല്ല സ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്ത് വേണ്ടത്ര ഉണ്ടായെങ്കിൽ മാത്രമേ ഈ വിനയ്ക്ക് അറുതി വരൂ.

സ്കൂളുകളിലെ ലബോറട്ടറികളും, ലൈബ്രറികളും ഇപ്പോൾ വെറും നോക്കുകുത്തികളായി കലാശിച്ചിരിക്കുകയാണ്. നമ്മുടെ സെക്കൻഡറി സ്ക്കൂളുകളിൽ ലാബുകൾ ഉണ്ട്. പക്ഷേ, അവ ഉപയോഗിക്കാറില്ല. വല്ലപ്പോഴും ചില അദ്ധ്യാപകർ ചില ഉപകരണങ്ങൾ ക്ലാസ്സിൽ കൊണ്ടുപോയി കാണിക്കുകയാണെങ്കിൽ അത് അദ്ധ്യാപകൻെറ ഔദാര്യം. ഈസ്ഥിതി മാറണം. പ്രധാനപ്പെട്ട ശാസ്ത്ര വസ്തുതകൾ പരീക്ഷണങ്ങൾ വഴി വിദ്യാർത്ഥികൾക്കു ബോധപ്പെടുന്ന സാഹചര്യം ഉണ്ടാക്കണം.സ്കൂൾ ലൈബ്രറികളും പ്രവർത്തിക്കുന്നവയാകണം. യു.പി സ്കൂളുകൾ മുതലെങ്കിലും ലൈബ്രേറിയന്മാരെ നിയമിക്കുകയും പുസ്തകങ്ങൾ നഷ്ടപ്പെടാതെ നോക്കുന്നതു് അവരുടെ ചുമതലയാക്കുകയും പുസ്തക വിതരണം സ്കൂൾ സമയം മുഴുവനും നടത്തുകയും ചെയ്തെങ്കിലെ ഇക്കാര്യം സാദ്ധ്യമാകൂ. എല്ലാ പാഠ്യ വിഷയങ്ങളോടും ബന്ധപ്പെട്ട നിലവാരപ്പെട്ട ഗ്രന്ഥങ്ങൾ ഗ്രന്ഥശാലകളിൽ ലഭ്യമാക്കുകയും ചെയ്യണം.

എയിഡഡ്, അൺഎയ ിഡഡ് എന്നു രണ്ടുതരം സ്കൂളുകൾ നിലനിൽക്കുന്നത് നമ്മുടെ സമൂഹത്തിൻെറ ഭാവി നന്മക്ക് നല്ലതാണോ എന്ന് രാജ്യസ്നേഹികൾ ഉണർന്നു ചിന്തിക്കേണ്ട സമയമാണിത്. കള്ള കൗപീനങ്ങളും കട്ടപാദാവരണങ്ങളുമായി ഇംഗ്ലീഷ്മീഡിയം

സ്കൂളുകളിലേയ്ക്ക് പോകുന്ന കുട്ടികൾ തങ്ങൾ മേലേക്കിടക്കാരാണെന്നും മറ്റുള്ള കുട്ടികൾ മോശക്കാരാണെന്നും കരുതുവാൻ ഇടവരുന്നു. ഈ പുതിയ വർഗ്ഗഭേദം ആപത്താണ്. സർക്കാരിൽ നിന്നും സാമാന്യം ഭേദപ്പെട്ട ശമ്പളം വാങ്ങുന്ന അദ്ധ്യാപകർ പഠിപ്പിക്കുന്ന സ്ക്കൂളുകൾക്ക് മുൻപിൽ നിന്ന് ആ പ്രദേശത്തെ വിദ്യാർത്ഥികൾ ബസിൽ കയറി, കനത്ത ഫീസ് കൊടുക്കേണ്ടതും അദ്ധ്യാ പകർ നിസ്സാര ശമ്പളം വാങ്ങിക്കുന്നതുമായ സ്കൂളുകളിലേക്ക് പോകുന്നത് എന്തുകൊണ്ടെന്ന് അദ്ധ്യാപകരും നികുതിദായകരും ചിന്തിക്കേണ്ടതാണ്. അദ്ധ്യാപകരുടെ വേതനാദി ആനുകാല്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യം മാത്രം ചിന്തിക്കുന്ന അദ്ധ്യാപക സംഘടനകൾ നാടിന് മുതൽക്കൂട്ടുണ്ടോയെന്നും ചിന്തിക്കണം.

സ്കൂൾ ഇൻസ്പെക്ഷൻ മിക്കവാറും നിലച്ച മട്ടാ ണ്. ക്ലാസ്സിൽ വന്ന് കസേരയിൽ കയറിയിരുന്ന് യജമാനഭാവത്തിൽ അദ്ധ്യാപകൻെറ പ്രവർത്തനം പരിശോധിക്കുന്ന ഇൻസ്പെക്ടറുടെ പ്രകടനം ജനാധിപത്യ യുഗത്തിനു ചേർന്നതല്ലെങ്കിലും അദ്ധ്യാപകൻ എന്തുചെയ്യുന്നു, എങ്ങനെ ചെയ്യുന്നു എന്ന് നോക്കാനില്ലാത്ത അരാജകാവസ്ഥ അഭിലഷണീയമല്ല. ഹെഡ്മാസ്റ്ററോ, സീനിയ ർ അദ്ധ്യാപകരോ ക്ലാസ്സുകൾ നിരീക്ഷിച്ച. പോരായ്മകൾ ചൂണ്ടിക്കാണിച്ച് തിരുത്തലുകൾ നിർദ്ദേശിക്കുന്ന രീതി വേണം.

മാസത്തിലൊരിക്കലെങ്കിലും ഓരോ സ്കൂളിലും മാതൃ കാ ക്ലാസ്സുകളും വിമർശനക്ലാസ്സുകളും നടത്തുകയും എല്ലാ അദ്ധ്യാപകരും നിർബന്ധമായും നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്.അദ്ധ്യാപക സംഘടനകളുടെ വാർഷിക പൊതുയോഗങ്ങളോടനുബന്ധിച്ച് പ്രദർശനമത്സരങ്ങൾ നടത്തുകയും ഏറ്റവും നന്നായി ക്ലാസ്സെടുക്കുന്നവർക്ക് അവാർഡുകൾ നൽകുന്ന രീതി പരീക്ഷിച്ചു നോക്കാവുന്നതാണ്. അദ്ധ്യാപകൻെറ ആത്മാർത്ഥതയും അദ്ധ്യാപന കലയിലെ വൈദഗ്ദ്യത്തിനും അംഗീകാരം നർകുന്ന ഒരു പാരമ്പര്യം വളർത്തിയെടുത്തേ പറ്റൂ.

വിദ്യാഭ്യാസത്തിലെ നിലവാരത്തകർച്ച കേരളത്തിലെ ഒരു വിപത്താണ്. അഖിലേന്ത്യാ മത്സരപ്പരീക്ഷകളിൽ നമ്മുടെ ചെറുപ്പക്കാർ പുറം തള്ളപ്പെടുന്നു. വിദ്യാർത്ഥികളുടെ ലക്ഷ്യബോധമില്ലായ്മയും നൈരാശ്യവും രാഷ്ട്രീയ ഭ്രാന്തും അദ്ധ്യാപകരുടെ സംഘടിത സ്വാർത്ഥതയും ഭരണാധികാരികളുടെ ദേശസ്നേഹമില്ലായ്മയും എല്ലാം ഇതിനു കാരണങ്ങളാണ്. വിദ്യാലയ അന്തരീക്ഷം സമരവിമുക്തവും സമാധാന പൂർണ്ണമാവുകലും നിർ ദ്ധന വിദ്ധ്യാർത്ഥികളിൽ പഠനോത്സുകരായവർക്ക് സൗജന്യ ട്യൂഷൻ കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാവുകയും ചെയ്യേണ്ടത് വളരെ ആവശ്യകമാണ്. സർവ്വീസിലിരിക്കുന്ന അദ്ധ്യാപകരും മറ്റുദ്യോഗസ്ഥരും പെൻഷൻ പറ്റിയ ഉദ്യോഗസ്ഥരും അഭ്യസ്ത വിദ്യരായ ഉദ്യോഗമില്ലാത്ത ചെറുപ്പക്കാരും എല്ലാം ഒരു സമയവിവര പട്ടികയനുസരിച്ച് ആഴ്ചതോറും ഏതാനും മണിക്കൂറുകൾ ഈ രംഗത്ത് സേവനമനുഷ്ഠിക്കാൻ തയ്യാറായാൽ അതു വളരെ സദ്ഫലങ്ങൾ പുറപ്പെടുവിക്കുന്ന ഒരു പ്രസ്ഥാനമാകും.

ഗ്രന്ഥശാലകൾ പാവങ്ങളുടെ കലാശാലകളാണല്ലോ. അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും പഞ്ചായത്തിൻെറ ഊറ്റമാർന്ന പിന്തുണ അവയ്ക്ക്. ലഭ്യമാക്കുകയും ചെയ്യണം. ഉന്നത നിലവാരം പുലർത്തുന്ന സാഹിത്യം സംസ്കാരോത്തേജകമാണെങ്കിലും വിവേചനമില്ലാത്ത പൈങ്കിളി സാഹിത്യാസക്തി സമയവും ധനവും നഷ്ടപ്പെടുത്തുകയും ജീവിത വീക്ഷണത്തെ വികലമാക്കുകയും ചെയ്യും. പഞ്ചായത്ത് ഈ വിഷയത്തിൽ ബോധപൂർവ്വം പ്രവർത്തിക്കേണ്ടതുണ്ട്. നേർച്ച തികയ്ക്കും പോലെ ഒരു തുക കൊല്ലം തോറും കൊടുത്തതുകൊണ്ടായില്ല. മാച്ചിംഗ് ഗ്രാൻെറായി കൊടുക്കുന്ന രീതി കള്ള രേഖകൾ ഉണ്ടാക്കാൻ പ്രരകമാകുകയേയുള്ളൂ. വിദ്യാർത്ഥികൾക്ക് പഠനവിഷയങ്ങളെ സംബന്ധിച്ച് അനുബന്ധവായനയ്ക്കും ഉദ്യോഗാത്ഥികൾക്കു ടെസ്റ്റുകൾക്കും ഉപയുക.തമായ പുസ്തകങ്ങൾ പഞ്ചായത്തിൽ നിന്നു തന്നെ വാങ്ങിച്ച. സീലടിച്ച് ലൈബ്രറികൾക്കു നൽകുകയാണ് ഏറ്റവും ഉപയോഗപ്രദമായ കാര്യം. പുസ്തകങ്ങളുടെ സെലക്ഷന് ഒരു വിദഗ്ദ്ധ സമിതിയുടെ സേവനം ഉപയോഗപ്പെടുത്താം.

വയോജന വിദ്യാഭ്യാസമാണ് വിദ്യാഭ്യാസ രംഗത്ത്. സവിശേഷ ശ്രദ്ധയർഹിക്കുന്ന മറ്റൊരു ഘടകം. സമൂഹത്തിൻെറ ഒരു ഭാഗം അറിവില്ലായ്മയുടെ ഇരുട്ടിൽ തപ്പിത്തടയാൻ അനുവദിക്കരുത് ഒരു ക്ഷേമ രാഷ്ട്രത്തിന് ഭൂഷണമല്ല. വയോജനവിദ്യാഭ്യാസം ക്ലേശകരമായ ഒരു രംഗമാണെങ്കിലും ഇടതു മുന്നണിയുടെ കഴിഞ്ഞതവണത്തെ ഭരണകാലത്ത് ആ രംഗത്തുണ്ടായ ആവേശകരമായ മുന്നേറ്റം ആ പ്രസ്ഥാനത്തിൽ പങ്കെടുത്തവർക്കും മുൻ വിധിയില്ലാതെ അതിനെ നിരീക്ഷിച്ചവർക്കും ഹർഷോദ്വേഗത്തോടെ മാത്രമേ അനുസ്മരിക്കാൻ കഴിയൂ.

നമ്മുടെ പ്രദേശത്ത് ഈ പ്രവർത്തനം ഫലപ്രദമായിത്തന്നെ നടന്നു. അതുപോലെ തന്നെ ശക്തമായ മറ്റൊരു മുന്നേറ്റം കൂടെ നടപ്പിലാക്കാൻ കഴിഞ്ഞാൽ കേരളത്തിൽ സാക്ഷരതാ നിർമ്മാർജജനം ശരിക്കും പ്രായോഗിക മാകും.

പുളിക്കപ്പാലം ഭാഗത്ത് പഞ്ചായത്തു വകയായി ഒരു

സാംസ്കാരിക നിലയം സ്ഥാപിക്കേണ്ടതു വളരെ ആവശ്യമാണ്. 4- ാം വാർഡിൽ വിദ്യാലയമോ, സാംസ്കാരിക നിലയമോ ഒന്നുമില്ലാത്ത സാഹചര്യത്തിൽ ലക്ഷംവീടു കോളനി ഉൾപ്പെടെ ഈ ഭാഗത്ത്. ഇടതിങ്ങി താമസിക്കുന്ന 150 –ൽ അധികം വരുന്ന പാവപ്പെട്ട കുടുംബങ്ങൾക്കു സമ്മേളിക്കുവാനും വിജ്ഞാനപരവും കലാപരവുമായ പരിപാടികൾ നടത്തുാനും ഒരു കേന്ദ്രം അടിയന്തിരാവശ്യമാണ്. സാക്ഷരതയുടെയും തുടർ വിദ്യാഭ്യാസത്തിൻെറയും കേന്ദ്രമായി ഇതിനെ നിലനിർത്താം. അതിനാവശ്യമായ ഉപകരണങ്ങൾ ഇവിടെ ഉണ്ടായിരിക്കേണ്ടതാണ്.

ഇപ്രകാരം സമൂഹത്തിൻെറ നാനാമുഖമായ ആവശ്യങ്ങളെയും എല്ലാ വിഭാഗങ്ങളുടെയും അഭ്യുത്ഥാനത്തെയും ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു വിദ്യാഭ്യാസ വികസന പദ്ധതിയാണു നാം വിഭാവനം ചെയ്യേണ്ടത്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഒരു ഐ. ടി. ഐ. യും, ഒരേ നഴ്സിംഗ് പരിശീലന സ്ഥാപനവും ആരംഭിക്കുക.

2. ഫർണീച്ചർ നിർമ്മാണം കെട്ടിട നിർമ്മണം എന്നവയ്ക്ക് ആവശ്യമായ സാങ്കേതിക വിദ്യകൾ പരിശീലിപ്പിക്കുന്ന ഒരു സ്ഥാപനം തുടങ്ങുക.

3. കായികാദ്ധ്വാനം അഭിമാനകരമല്ല എന്ന മൂഢവിശ്വാസത്തിനെതിരായി ബോധവർക്കരണം നടത്തുക. റോഡ്, സ്ഥാപനങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം ഉത്ഘാടനം ചെയ്യുന്ന നേതാക്കൾ വാചക കസർത്തു കഴിഞ്ഞ സ്ഥലം വിടാതെ നിർമ്മാണത്തിനുള്ള കായികാദ്ധ്വാനത്തിൽ കുറെ സമയമെങ്കിലും പങ്കെടുക്കുന്ന പതിവുണ്ടാക്കുക.

4. സ്കൂളുകളിലെ ലൈബ്രറികളും ലബോറട്ടറികളും രപ്രവർത്തിക്കുന്നവയാക്കുക. സ്കൂളുകളിൽ ലൈബ്രേറിയന്മാരെ നിയമിക്കുക.

5. ഇംഗ്ലീഷ് മീഡിയം സ്കൂളുകളെക്കുറിച്ചുള്ള ഭ്രമത്തിനും പിഞ്ചുകുഞ്ഞുങ്ങളെ അറിവവൻെറ ഭാരം അടിച്ചേൽപ്പിച്ച തളർത്തുന്നതിനും എതിരായി ബോധവൽക്കരണം നടത്തുക.

6. അദ്ധ്യാപനത്തിൽ സാമാന്യമായ ആത്മർത്ഥതയും കാര്യക്ഷമതയും കാണിക്കുന്ന അദ്ധ്യാപകർക്ക് തക്കതായ അംഗീകാരവും പ്രോത്സാഹനവും നൽകുക സമൂഹത്തോടുള്ള പ്രതിബദ്ധത അവഗണിച്ച് കൃത്യ വിമുഖരായി പെരുമാറുന്ന അദ്ധ്യാപകരുണ്ടെങ്കിൽ അവരുടെ നയവൈകല്യം തിരുത്തുന്നതിന് സമൂഹം ജാഗരൂകരാകുക.

7. പരീക്ഷാ വിജയത്തിലും കലാ, കായിക, പ്രവൃത്തി പരിചയ മത്സരങ്ങളിലും പ്രശസ്ഥമായ സാഫല്യം നേടുന്ന വിദ്യാർത്ഥികൾക്ക് അവർക്കു പ്രചോദനം നൽകുന്ന അദ്ധ്യാപകർക്കും വിദ്യാലയങ്ങൾക്കും അംഗീകാരവും പ്രോത്സാഹനവും നൽകുക. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ വർഷം തോറും ഗ്രാമോത്സവം നടത്തിയാൽ അവയോടനുബന്ധിച്ച് ഇത്തരം പ്രോത്സാഹന പരിപാടികൾ നടത്താം.

8. മോഡൽ ക്ലാസ്സുകൾ, വിമർശന ക്ലാസ്സുകൾ മുതലായവ നടത്തി അദ്ധ്യാപനത്തിൻെറ ഗുണനിലവാരം മെച്ചപ്പെടുത്താൻ പണ്ടു നിലവിലിരുന്ന പരിപാടികൾ വീണ്ടും നടപ്പിൽ വരുത്തുക.

9. അനാവശ്യ സമരങ്ങൾ കൊണ്ട് വിദ്യാലയാന്തരീക്ഷം കലുക്ഷിതമാക്കുന്നതിനെതിരെ നാട്ടുകാർ സംഘടിക്കുക. സ്ക്കുളിൽ അച്ചടക്കം നിലനിർത്തുന്നതിന് അദ്ധ്യാപകരെ സഹായിക്കാൻ അദ്ധ്യാപക രക്ഷകർതൃ സംഘടനകൾ പ്രോത്സാഹനം നൽകുക.

10. പാവപ്പെട്ട ഉത്സാഹികളായ വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ നൽകുന്നതുന് അഭ്യസ്ത വിദ്യരായ ഉദ്ദോഗസ്ഥരുടെയും അനുദ്ദോഗസ്ഥരുടെയും സേവനം ഉപയുക്തമാക്കുക.

11. ഗ്രന്ഥശാലകൾ വിജ്ഞാന വിതരണ കേന്ദ്രങ്ങളാക്കുക. പഞ്ചായത്തില നിന്ന് വിജ്ഞാനപ്രദമായ ഗ്രന്ഥങ്ങൾ വാങ്ങി സീലടിച്ചു ഗ്രന്ഥശാലകൾക്കു നൽകുക. ഗ്രന്ഥശാലകൾക്കു മാച്ചിംഗ് ഗ്രാൻറ് നൽകുന്ന രീതി ഉപേക്ഷിക്കുക.

12. പുളിക്കപ്പാലം, വളതൂക്ക്, ചേന്നട് ഭാഗങ്ങളിൽ പാവങ്ങൾ ഇടതിങ്ങി താമസിക്കുന്ന സ്ഥലങ്ങൾക്കടുത്ത് പഞ്ചായത്ത് സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക. അവയിൽ ടി വി സെറ്റുകളുടെ ട്യൂഷൻ ക്ലാസ്സുകൾക്കും വയോജന വിദ്യാഭ്യാസിനും ഉള്ള സൗകര്യങ്ങളും വായനശാലകളും ഗ്രന്ഥശാലകളും ഏർപ്പെടുത്തുക.

## പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് സ്കൂളിൻെറ പൊതുവിവരം

| സ്കൂളിൻെറ പേര് | ഹൈസ്ക്കൂൾ യു.പി.- എൽ.പി പ്രീ. പ്രൈമറി | സ്ക്കൂളിൻെറ ഉടമസ്ഥത: സർക്കാർ | എയിഡ്സ് | കുട്ടികളുടെ എണ്ണം: ആൺ | പെൺ | ആകെ | അധ്യാപകരുടെ എണ്ണം: നിലവിലുള്ള എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | കാമ്പസിൻെറ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിൻെറ വിസ്തീർണ്ണം | ഉപയോഗശൂന്യമായ സ്ഥലത്തിൻെറ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|
| S.M.V. H.S. PJR | HS | | ✓ | 341 | 167 | 508 | 27 | – | – | 406 | 194 | – |
| Govt. L.P.S. PJR | LP | ✓ | ✓ | 121 | 122 | 243 | 9 | – | – | | | – |
| ST. Joseph's U.P.S. PJR | UP | | ✓ | 225 | 193 | 418 | 15 | – | – | | | – |
| Maria Gorithis H.S. Chennad | HS | | ✓ | 243 | 219 | 462 | 17 | – | – | | | – |
| ST. Joseph's U.P.S. Maniamkunnu | UP | | ✓ | 89 | 125 | 214 | 8 | – | – | 0.6 | 0.25 | – |
| Nirmala LPS Chennad | | | ✓ | 66 | 44 | 110 | 4 | – | – | 110 | 10 | – |
| ST. Joseph's L.P.S. Maniamkulam | | | ✓ | 72 | 85 | 157 | 4 | – | – | 100 | 15 | – |

## പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് സ്കൂളിൻെറ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്ക്കൂളിൻെറ പേര് | കെട്ടിടങ്ങൾ എണ്ണം: സ്ഥിരം | അർദ്ധസ്ഥിരം | മുറികളുടെ എണ്ണം: സ്ഥിരം | അർദ്ധസ്ഥിരം | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുരയിൽ ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | വൈദ്യുതീകരണം ഉണ്ട്-ഇല്ല | സ്റ്റാഫ്റൂം | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഉപകരണങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| S.M.V. H.S. PJR | 4 | – | 21 | – | 3 | 20 | 2 | Y | Y | 0 | 0 | 0 | 0 | 0 |
| Govt. L.P.S. PJR | 3 | – | 10 | – | 2 | 10 | 1 | Y | Y | 10 | 50 | 6 | 6 | 2 |
| ST. Joseph's U.P.S. PJR | 3 | – | 14 | – | 2 | | 2 | Y | Y | 0 | 0 | 0 | 0 | 0 |
| ST. Joseph's U.P.S. Maniamkunnu | 3 | – | 15 | – | 2 | | 2 | Y | Y | 0 | 0 | 0 | 0 | 0 |
| ST. Joseph's L.P.S. Maniamkulam | 3 | – | 9 | – | 2 | | 1 | Y | Y | 0 | 0 | 0 | 0 | 0 |
| Maria Gorithis H.S. Chennad | 3 | – | 12 | – | 2 | | 4 | Y | Y | 0 | 0 | 0 | 0 | 0 |
| Nirmala LPS Chennad | 2 | – | 8 | – | 2 | | 0 | Y | Y | 0 | 0 | 0 | 0 | 0 |

## അക്കാദമിക് സൗകര്യങ്ങൾ

| സ്ക്കൂളിൻെറ പേര് | ലൈബ്രറി ഉണ്ട്-ഇല്ല പ്രവർത്തിക്കുന്നു- ഇല്ല | ലാബറട്ടറി-സയൻസ് കോർപ്പറേഷൻ ഉണ്ട്-ഇല്ല | പഠനോപകരണങ്ങൾ | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ- എണ്ണം: റേഡിയോ | ടേപ്പ്റിക്കോർഡർ | ടിവി | വിസിആർ | കമ്പ്യൂട്ടർ | സിനിമാപ്രൊജക്ടർ | സ്ലൈഡ്പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | 95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം | ബ്ലാക്ക്ബോർഡ്: ആവശ്യമുള്ളത് | നിലവിലുള്ളത് | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| S.M.V. H.S. PJR | Y | Y | y | Y | Y | N | N | N | N | N | N | 191 | 20 | 20 | |
| Govt. L.P.S. PJR | Y ഇല്ല | N | | Y | Y | N | N | N | N | N | N | 193 | 10 | 9 | |
| ST. Joseph's U.P.S. PJR | Y 1200 | Y | 7 10 | Y | Y | N | N | N | N | N | N | 193 | 14 | 14 | |
| ST. Joseph's U.P.S. Maniamkunnu | Y 1500 | Y | 8 | N | N | N | N | N | N | N | N | 194 | 14 | 14 | |
| Maria Gorithis H.S. Chennad | Y 2700 | Y | 20 | N | N | N | N | N | N | N | N | 194 | 12 | 12 | |
| Nirmala LPS Chennad | 175 | N | 5 | Y | Y | N | N | N | N | N | N | 193 | 4 | 6 | |
| ST. Joseph's L.P.S. Maniamkulam | Y 275 | N | 8 | Y | Y | N | N | N | N | N | N | 193 | 14 | 14 | |

# 5.5 പൊതുജനാരോഗ്യവും കുടിവെള്ളവും

2610 വീടുകളും 11152 ജനങ്ങളുടെ അധിവാസവുമുള്ള പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് 12.75 സ്ക്വയർ മൈൽ വിസ്താരത്തിൽ വ്യാപിച്ചുകിടക്കുന്നു. തികച്ചും ഒരു മലമ്പ്രദേശമായ ഈ പഞ്ചായത്തിലെ ജനങ്ങാക്ക് ചികിത്സ കിട്ടുന്നതിന് ആവശ്യമായ സ്ഥാപനങ്ങാ ഒന്നും 1975 വരെ ഉണ്ടായിരുന്നില്ല. അന്നുവരെ ജനങ്ങാ ആശ്രയിച്ചിരുന്നത് പരമ്പരാഗത വൈദ്യത്തേയും പൂഞ്ഞാർ, ഈരാറ്റുപേട്ട ഗവൺമെൻറ് ആശുപത്രികളേയുമായിരുന്നു. പി. എം. മത്തായി പുളിക്കൽ ആയിരുന്നു ഈ നാട്ടിലെ ആദ്യത്തെ പരീക്ഷായോഗ്യതയുള്ള അലോപ്പതി ഡോക്ടർ. ഈരാറ്റുപേട്ടയിൽ സ്വകാര്യ ആശുപത്രി നടത്തിക്കൊണ്ടിരിക്കുന്ന അദ്ദേഹത്തിൻെറ സേവനം ഈ പഞ്ചായത്തിലെ രോഗികാ ഉപയോഗപ്പെടുത്തിയിരുന്നു. നാട്ടുകാരുടെ ശ്രമഫലമായി 10-1-1977ൽ ജി. വി. രാജാ മെമ്മോറിയൽ ആശുപത്രി സർക്കാരിൻെറ അധീനതയിൽ നിലവിൽ വന്നു. സ്പോർട്സ് രംഗത്ത് ഇന്ത്യയ്ക്കുള്ളിലും വെളിയിലും മുദ്ര പതിപ്പിച്ച കേണൽ ജി. വി. രാജായുടെ സ്മരണ നിലനിറുത്തുന്നതിനുവേണ്ടിയാണ് ആശുപത്രി അദ്ദേഹത്തിൻെറ നാമധേയത്തിൽ സ്ഥാപിക്കപ്പെട്ടത്.

പ്രതിവർഷം ഒമ്പതിനായിരത്തോളം രോഗികാ ചികിത്സ തേടിയെത്തുന്ന ഈ ആശുപത്രി ഇരുപതുവർഷം കഴിഞ്ഞിട്ടും അതിൻെറ സ്ഥാപിതനിലയിൽ നിന്നും പുരോഗമിക്കാൻ കഴിഞ്ഞിട്ടില്ല.

രോഗികാക്ക് ആശ്രയം നൽകുന്ന മറ്റൊരു സർക്കാർ സ്ഥാപനം ഗവണ്മെൻറ് ഹോമിയോ ആശുപത്രി ആണ്. ഈ പഞ്ചായത്തിൻെറ അഞ്ചാം വാർഡിൽ പെട്ട ചെറുകുന്നം എന്ന സ്ഥലത്താണ്. പ്രതിവർഷം 26000 രോഗികാ ചികിത്സയ്ക്കെത്തുന്ന ഈ സ്ഥാപനത്തിൻെറ സേവനക്ഷമതയും തുലോം അപര്യാപ്തമാണ്.

ദ്വാരക ഹോമിയോ ഡിസ്പെൻസറി, പൂഞ്ഞാർ ഹോമിയോ ഡിസ്പെൻസറി, കിഴക്കേത്തോട്ടം ഹോമിയോ ക്ലിനിക് എന്നീ ഹോമിയോ ക്ലിനിക്കുകാ പുത്തമ്പുരയ്ക്കൽ ഫാർമസി എന്ന ആയുർവേദചികിത്സാകേന്ദ്രവും വളതൂക്കിൽ വിഷചികിത്സയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള ഒരു ഹോമിയോ ചികിത്സാകേന്ദ്രം എന്നിവ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു.

കുഷ്ഠം, ക്ഷയം മലമ്പനി, മസൂരി, എയ്ഡ്സ് എന്നീ മാരക രോഗങ്ങളുടെ ആക്രമണങ്ങാ നമ്മുടെ പഞ്ചായത്തിന് ഭീഷണി ഉയർത്തിയിട്ടില്ല. എന്നാൽ നിർമാർജ്ജനം ചെയ്യപ്പെട്ട മലമ്പനി രോഗം തിരിച്ചെത്തിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെല്ലാം Imported case കാ ആണ്. അതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. കുഷ്ഠരോഗവിമുക്തമാണ് നമ്മുടെ പഞ്ചായത്ത്. വിദഗ്ദ്ധചികിത്സ നടത്തിക്കൊണ്ടിരിക്കുന്ന

നാലു ക്ഷയരോഗികൾ ഈ പഞ്ചായത്തിലുണ്ട്. ചിക്കൻപോക്സ്, മീസിൽസ് എന്നീ രോഗങ്ങൾ ചില പ്രത്യേ കാലാവസ്ഥയിൽ പടർന്നുപിടിക്കാറുണ്ട്. ജലജന്യരോഗമായ മഞ്ഞപ്പിത്തം വരൾച്ചയുടെ നാളുകളിൽ ബാധിക്കാറുണ്ട്. വായുജന്യമായ ചെങ്കണ്ണുരോഗം ചില പ്രത്യേക സീസണുകളിൽ സർവസാധാരണമാകുന്നു. ഹൃദ്രോഗികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. അതുസംബന്ധിച്ചും ഒരു കണക്ക് ലഭ്യമല്ല. ഹൃദ്രോഗം പോലെതന്നെ ആധുനികജീവിതത്തിന്റെ സന്തതികളായ പ്രമേഹം പ്രഷർ എന്നിവയും വർദ്ധിതനിലയിൽ കാണുന്നുണ്ട്.

<u>അംഗവൈകല്യമുള്ളവരുടെ കണക്ക്</u>

അന്ധർ - 2

ബധിരർ -2

മൂകർ - 1

ചലനശേഷി നഷ്ടപ്പെട്ടവർ 59

മന്ദബുദ്ധികൾ 4

ഈ പഞ്ചായത്തിൽ മരണനിരക്ക് സ്റ്റേറ്റ് ആവറേജിനേക്കാൾ കുറവാണ്. പരിസരമലിനീകരണം കുറവായതിനാലും സാംക്രമികരോഗങ്ങൾ നിയന്ത്രിക്കപ്പെട്ടതിനാലും ആരോഗ്യകരമായ ജീവിതത്തിനും പഞ്ചായത്തു നിവാസികൾക്ക് കഴിയുന്നു എന്നതാണ് മരണനിരക്ക് കുറയുവാനുള്ള പ്രധാനകരാണം.

നിലവിലുള്ള ചികിത്സാസൗകര്യങ്ങൾ അപര്യാപ്തമാണ്. വിദഗ്ദ്ധചികിത്സയ്ക്കായി താലൂക്ക് ജില്ലാ തലസ്ഥാനങ്ങളിലേയ്ക്ക് പോകേണ്ട സാഹചര്യമാണ് ഇപ്പോൾ ഉള്ളത്. ആ രോഗ്യരംഗം പരിരക്ഷിക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1) <u>ജി. വി. രാജാ മെമ്മോറിയൽ ഹോസ്പിറ്റൽ വികസിപ്പിക്കുക</u>

30 ബെഡ്ഡോടുകൂടിയ വാർഡ് സ്ഥാപിക്കുക

ആധുനിക ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തുക

വിദഗ്ദ്ധഡോക്ടറന്മാരുടെ സേവനം ഉറപ്പാക്കുക

പോസ്റ്റുമാർട്ടം ഷെഡ് നിർമിക്കുക.

മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാരുടെ ക്വാർട്ടേഴ്സ് നിർമിക്കുക

വാട്ടർ കണക്ഷൻ ഏർപ്പെടുത്തുക

കോമ്പൗണ്ട് വാൾ നിർമിക്കുക.

പി എച്ച് സി-ൽ കുറവുള്ള സ്റ്റാഫിനെ നിയമിക്കുക

സ്വന്തമായി കെട്ടിടമില്ലാത്ത സബ്സെൻററുകൾക്ക് കെട്ടിടം നിർമിക്കുക

ചേന്നാട് മാളികയിൽ പുതിയതായി സബ്സെൻററുകൾ അനുവദിക്കുക

ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടറുടെ സേവനം സബ്സെൻററുകളിൽ ലഭ്യമാക്കുക.

കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിന് പ്രത്യേക കെട്ടിടം നിർമ്മിക്കുക

<u>2. ഗവ. ഹോമിയോ ഹോസ്പിറ്റൽ</u>

10 ബെഡ്ഡോടുകൂടിയ വാർഡു നിർമിച്ച് ആശുപത്രി വിപുലീകരിക്കുക Qualified staff നെ നിയമിക്കുക

ആവശ്യത്തിനു മരുന്ന് ലഭ്യമാക്കുക. 15000 രൂപയുടെ ഇപ്പോഴുള്ള മെഡിക്കൽ അലോട്ടുമെൻറ് 50000 രൂപയാക്കി ഉയർത്തുക.

കോമ്പൗണ്ടുവാൾ നിർമിക്കുക

വെള്ളവും വെളിച്ചവും ലഭ്യമാക്കുക

3. <u>ആയുർവേദ ആശുപത്രി</u>

ഈ പഞ്ചായത്തിൽ ഗവ. ആയുർവേദ ആശുപത്രി ഇല്ല. പഞ്ചകർമ ചികിത്സയ്ക്കുള്ള സൗകര്യത്തോടുകൂടിയ ഒരു ആയുർവേദ ആശുപത്രി പഞ്ചായത്തിൽ സ്ഥാപിക്കുക.

4. ഇവ കൂടാതെ പൊതുവായ ചില നിർദ്ദേശങ്ങൾ കൂടിയുണ്ട്. ചികിത്സാ രംഗത്ത് സ്വകാര്യമേഖലയ്ക്കു ചില പ്രശ്നങ്ങൾ ഉണ്ട്. ഹോമിയോ ചികിത്സയ്ക്ക് ആവശ്യമായ Imported medicines കിട്ടുന്നില്ല. ആയുർവേദ ചികിത്സയ്ക്ക് പച്ചമരുന്നു ദൗർലഭ്യം അനുഭവപ്പെടുന്നു. വനങ്ങളിലുള്ള പച്ചമരുന്നുകളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും അവയുടെ ലഭ്യതയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന തടസ്സങ്ങൾ ഇല്ലാതാക്കുകയും വേണം.

പച്ചമരുന്നുതോട്ടങ്ങൾ വച്ചുപിടിപ്പിക്കാൻ കൃഷിക്കാർക്ക് പ്രോത്സാഹനവും പ്രചോദനവും നൽകണം. സർക്കാരിൽ നിന്ന് നടീൽ വസ്തുക്കളും സാമ്പത്തികസഹായവും ലഭ്യമാക്കണം.

ഒറ്റമൂലി പരമ്പരാഗത ചികിത്സകൾ പ്രയോഗിക്കുക്കു ഈ പഞ്ചായത്തിലുണ്ട്.അവരുടെ പേരും ചികിത്സിക്കുന്ന രോഗങ്ങളും ചുവടെ ചേർക്കുന്നു.

1. കല്യാണി മറ്റത്തിനാനിക്കൽ - മഞ്ഞപ്പിത്തം

2. പി. സി. ചാക്കോ പെരുമ്പിള്ളിക്കുന്നേൽ - അർശസ്, ഇതരരോഗങ്ങൾ

3. ടോമി തോമസ് കിടങ്ങത്താഴെ- വിഷം

4.ദേവസ്യ വടക്കേൽ - നേത്രരോഗങ്ങൾ

5. കമലാക്ഷി ചിലമ്പങ്കല്ലേൽ - പൊക്കിൾ വീർക്കുക

6. ജീത്ത നീണ്ടുക്കുന്നേൽ - പൊക്കിൾ വീർക്കുക

7. അലക്സാണ്ടർ കണിയാംപടിക്കൽ - പൊക്കിൾ വീർക്കുക

8.കൃഷ്ണൻ കുട്ടി നായർ അടയ്ക്കാപറമ്പിൽ - വിഷം

9. ഷാജു മൂശാരിപറമ്പിൽ - കൊടിഞ്ഞി, ചതവ്

സ്റ്റേറ്റ് ഒട്ടാകെ പരിശോധിച്ചാൽ ജനവിശ്വാസം ആർജ്ജിച്ച ഇത്തരം അനവധി ചികിത്സകരെ കണ്ടെത്താൻ കഴിയും. അപൂർവ്വങ്ങളായ പ്രാചീനഗ്രന്ഥങ്ങളിലും പൗരാണിക ഓലക്കെട്ടുകളിൽ ഒതുങ്ങുകയോ വാമൊഴിയായി മാത്രം നിലനില്ക്കുകയും ചെയ്യുന്ന ഈ അറിവ് ഇന്ന് ചിലരുടെ മസ്തിഷ്കത്തിൽ മാത്രം ജീവിക്കുന്നു. ഇവയെ ക്രോഡീകരിച്ച് സമൂഹത്തിൻെറ പൊതുസ്വത്താക്കി വൈദ്യവിജ്ഞാനം സമ്പന്നമാക്കാനുള്ള പ്രവർത്തനം ഉണ്ടാകണം.

## പരിസരശുചീകരണം

പരിസരശുചീകരണത്തിൻെറ പ്രധാനഘടകങ്ങളിലൊന്നാണ് കക്കൂസ്. നമ്മുടെ പഞ്ചായത്തിൽ കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണം 750 ആണ്. പരിസരശുചീകരണരംഗത്ത് നടപ്പാക്കേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു

1. കക്കൂസ് ഇല്ലാത്ത വീടുകൾ കോളനികൾ എന്നിവിടങ്ങളിൽ കക്കൂസ് നിർമിച്ചുകൊടുക്കണം.

2. കോളനികളിൽ മലിനജലം ഒഴുക്കിക്കളയുന്നതിന് സംവിധാനമുണ്ടാക്കണം. ചപ്പുചവറുകൾ നിക്ഷേപിക്കാൻ സംവിധാനം ഉണ്ടാക്കണം.

3. പനച്ചിപ്പാറയിൽ ഒരു കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കണം.

4. പനച്ചിപ്പാറ - 2 ചേന്നാട് -1 മാളിക - 1 വളതൂക്ക് -1 എന്നീ ക്രമങ്ങളിൽ ഡസ്റ്റ്ബിന്നുകൾ സ്ഥാപിക്കണം.

5. ഹോട്ടലുകളിൽ നിയമാനുസൃത ശുചീകരണം നടത്തുവാൻ സംവിധാനം ഉണ്ടാക്കണം.

6. അറവുകാർക്ക് നിയമാനുസൃതലൈസൻസ്കൾ കൊടുക്കണം. സ്ലോട്ടർ ഹൗസുകൾ പഞ്ചായത്തിൽ നിന്ന് നിർമിച്ചു കൊടുക്കണം. അസ്ഥിക്കുഴിക്ക് മൂടി ഉണ്ടാവണം.

7. റബ്ബർ മെഷീനുകൾ സ്ഥാപിക്കുന്നിടത്ത് മൂടിയുള്ള വേസ്റ്റ് വാട്ടർ ടാങ്ക് നിർബന്ധമാക്കണം.

8. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കണം.

9. പൊതുശ്മശാനങ്ങൾ സ്ഥാപിക്കണം

10. ആരോഗ്യസെമിനാറുകൾ ആറുമാസത്തിൽ ഒരിക്കലെങ്കിലും നടത്തണം. മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫിൻെറ മേൽനോട്ടത്തിൽ സെമിനാർ നടത്തുകയും സാമൂഹ്യസാംസ്ക്കാരിക പ്രവർത്തകരേയും പഞ്ചായത്തു മെമ്പറന്മാരേയും പങ്കെടുപ്പിക്കുകയും ഗ്രാമീണജനതയുടെ പങ്കാളിത്തം ഉറപ്പാക്കുകയും വേണം.

11. മലമ്പനി, ഡെംഗ്ഫീവർ, മന്ത് മുതലായ രോഗങ്ങൾ പരത്തുന്ന കൊതുകുകളെ നശിപ്പിക്കുന്നതിന് ഡി. ഡി. റ്റി തളിക്കുകയോ, ഫോഗിംഗ് നടത്തുകയോ ചെയ്യണം. റബ്ബർ തോട്ടം വ്യാപകമായിട്ടുള്ള നമ്മുടെ പഞ്ചായത്തിൽ ഫോഗിംഗ് ആയിരിക്കും ഏറ്റവും ഫലപ്രദമായ മാർഗ്ഗം.

## കുടിവെള്ളം

പൂഞ്ഞാർ തികച്ചും ഒരു മലമ്പ്രദേശമാകയാൽ ജലസ്രോതസ്സുകൾ വളരെ കുറവാണ്. പൂഞ്ഞാർ പഞ്ചായത്തിലൂടെ ഒഴു

കുന്ന മീനച്ചിലാറ് ആണ് മുഖ്യ ജലസ്രോതസ്സ്. ഇത് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. കാടുകൾ ഇല്ലാതാവുകയും കൃഷി പ്രത്യേകിച്ച് ജലം അധികം ഉപയോഗിക്കുന്ന റബ്ബർ തോട്ടങ്ങൾ വ്യാപകമാവുകയും ചെയ്തതിന്റെ ഫലമായി നദി മഴക്കാലം കഴിയുമ്പോൾ വരളുകയും ജലദൗർലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നു. നദീജലം പോഷകമാണ്ടേ കിണറുകളുടെ ജലസമ്പത്ത് നശിക്കുന്നു. ഫെബ്രുവരി മുതൽ മെയ് വരെയുള്ള കാലയളവിൽ 80 ശതമാനം കിണറുകളും വറ്റുന്നു. പഞ്ചായത്തിൽ രണ്ടോ മൂന്നോ ഇടങ്ങളിൽ കാണുന്ന ജലസ്രോതസ്സുകളാണ് പരിമിതമായ തോതിൽ ജലവിതരണത്തിന് ഉപയോഗപ്പെടുന്നത്. കുഴൽക്കിണറുകൾ പഞ്ചായത്തിൽ ഉണ്ട്. നമുക്ക് ചൂഷണം ചെയ്യാൻ കഴിയുന്ന ജലത്തിന്റെ അളവ് ഗാർഹികാവശ്യത്തിനുപോലും തികയുന്നില്ല.

ജലദൗർലഭ്യം ഉള്ള സ്ഥലങ്ങൾ

വാർഡ് 1 അടയ്ക്കാപ്പാറ, തണ്ണിപ്പാറ

വാർഡ് 2 മണ്ഡപത്തികുന്ന്, കോന്തനാനി, മറ്റയ്ക്കാട്

വാർഡ് 3 കണ്ണാനി, പുതുവടി top

വാർഡ് 4 മുട്ടംഭാഗം മണിയൻകുന്ന് പുളിയ്ക്കപ്പാലം

വാർഡ് 5 കണ്ടേത്തുമല പാറേപ്ലാവ് മണിയൻ കുളം ആരാംപുളി കരമല

വാർഡ് 6 ചേന്നാട് മാളിക

വാർഡ് 7 വാഴേക്കാട്

വാർഡ് 8 കൂട്ടക്കല്ല് ഉപ്പുകുളം

ഈ പഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന രണ്ടു ജല വിതരണപദ്ധതികൾ ഉണ്ട്. കാഞ്ഞിരമറ്റം, മണിയൻകുന്ന് പദ്ധതികൾ ആണിവ.

കാഞ്ഞിരമറ്റം പദ്ധതി

കാഞ്ഞിരമറ്റം കണ്ടത്തിൽ രണ്ടു കിണറുകൾ ഉണ്ട്. വേനൽക്കാലത്ത് രണ്ടിൽനിന്നും പമ്പുചെയ്യുന്നു. ഒന്നും രണ്ടും വാർഡുനിവാസികൾ പൂർണ്ണമായും ഈ പദ്ധതി ഉപയോഗപ്പെടുത്തുന്നു. പത്തുവർഷത്തിൽ കൂടുതൽ പഴക്കമുള്ളതിനാൽ പൈപ്പ് സിസ്റ്റം ജീർണിച്ച് ജലച്ചോർച്ച ഉണ്ടാകുന്നു. ടാപ്പുകളെല്ലാം പ്രവർത്തനരഹിതമായിരിക്കുന്നു. റെഡ്യൂസ് ചെയ്ത് വീട്ടു കണക്ഷൻ കൊടുക്കാത്തതിനാൽ പബ്ളിക് ടാപ്പുകളിൽ വെള്ളം കുറയുന്നു. കിണറുകളിലെ ജലനിക്ഷേപം ആവശ്യത്തിനു മതിയാകാത്തതുകൊണ്ട് വേനൽക്കാലത്ത് ദിവസം ഒരു മണിക്കൂറിൽ കൂടുതൽ ജലവിതരണം നടക്കുന്നില്ല. ടാപ്പുകളുടെ എണ്ണം ആണ്.

മണിയൻ കുന്നു പദ്ധതി

3, 4,5, 6,7,8 വാർഡുകളിലായി ഈ പദ്ധതി വ്യാപിച്ചുകിടക്കുന്നു. ടാപ്പുകളുടെ എണ്ണം ആണ്. ഈ ഭാഗത്തെ മുഴുവൻ ആളുകളുടെയും ആവശ്യം പരിഹരിക്കാൻ ഈ പദ്ധതി അപര്യാപ്തമാണ്. വേനൽക്കാലത്ത് ജലവിതരണം ശുഷ്ക്കമാകുന്നു.

പരിഹാരമാർഗ്ഗങ്ങൾ

1. കാഞ്ഞിരമറ്റം കണ്ടത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന കുളം വൃത്തിയായി 1-ഉം 2-ഉം വാർഡുകൾക്ക് പ്രയോജനപ്പെടുത്തുക.

2. വെള്ളംവറ്റാഓലിയിൽ കുളം നിർമ്മിച്ച് മണ്ഡപത്തിൽകുന്ന് മറ്റക്കാട് ഭാഗത്ത് ജലവിതരണം നടത്തുക.

4. കോന്തനാനി ഭാഗത്ത് കിണർ കുഴിച്ച് തണ്ണിപ്പാറ ടാങ്കിൽ വെള്ളം പമ്പ് ചെയ്യുക.

5. ഹോമിയോ ആശുപത്രിയുടെ സമീപം കുളം കുഴിക്കുക.

6. പന്നിക്കാടൻ തോട്ടിൽ കോഴികൊത്തിക്കൽ കടവിൽ ചെക്കുഡാം നിർമിക്കുക.

7. നെടുങ്കനാൽ കയം അമ്പലക്കടവ്, കണിയാംകുന്ന് കടവ് മറ്റക്കാട് എന്നീ ഭാഗങ്ങളിൽ ചെക്കുഡാം പണിയുക.

8. പുതുവടിഭാഗത്ത് ടാങ്കുനിർമ്മിച്ച് കണിയാംകുന്നു കടവിൽ നിന്നും വെള്ളം പമ്പുചെയ്ത് പുതുവടിക്കുന്ന് കണ്ണാനി മഠം ഭാഗം അരയത്തുനാൽ കോളനി ഭാഗങ്ങളിൽ ജലമെത്തിക്കുക.

9. ജീർണിച്ച പൈപ്പുകൾമാറ്റി പുതിയ പൈപ്പിടുക.

10. ജല വിതരണ മേഖലയിൽ അറ്റകുറ്റപണികൾ നടത്തുന്നതിന് പഞ്ചായത്തുതലത്തിൽ സംവിധാനമുണ്ടാ

ക്കുക.ഇതിനുള്ള നിർദ്ദേശം ഗവൺമെൻറു മുമ്പാകെ ഉന്നയിച്ച് നടപ്പാക്കുക.

11. ജലസ്രോതസ്സുകളില്ലാത്ത ഭാഗങ്ങളിൽ കുഴൽകിണറുകൾ കുഴിക്കുക. സർവ്വെ കഴിഞ്ഞിട്ടുള്ള കുഴൽ കിണറുകളുടെ പണി അടിയന്തിരമായി നടത്തുക.

12. പ്രാദേശിക ചെറുജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്താവുന്ന സ്ഥലങ്ങളിൽ ഗുണഭോക്താക്കളെ സംയോജിപ്പിച്ച് പദ്ധതി തയ്യാറാക്കുക.

13. നീർക്കുഴികൾ എല്ലാ പുരയിടങ്ങളിലും നിർമിക്കുക.

14. വാട്ടർ അതോറിറ്റിയുടെ ഒരു ഓഫീസ് ഈരാറ്റുപേട്ടയിൽ തുറക്കുക.

15. ഉപയോഗശൂന്യമായി കിടക്കുന്ന പൊതുകിണറുകൾ നന്നാക്കുക.

16. വേനൽക്കാലം തുടങ്ങുന്നതിനുമുമ്പായി കുളങ്ങളും കിണറുകളും ക്ലോറിനേഷൻ നടത്തുക.

17. വാട്ടർ ടാങ്കുകൾ കാലാകാലങ്ങളിൽ കഴുകി വൃത്തിയാക്കുക.

ഈ പഞ്ചായത്തിലെ കുടിവെള്ള ദൗർലഭ്യം ഏറ്റവും രൂക്ഷമായിട്ടുള്ളത് ചേന്നാട് മാളിക, അമ്പലഭാഗം പ്രദേശമാണ്. ഇവിടെ കുടിവെള്ള വിതരണത്തിന് പ്രത്യേക പരിഗണന കൊടുക്കണം. കണിയാംകുന്ന് ചെക്കുഡാമിൽ നിന്ന് കണ്ടത്തു മലയിൽ ജലം store ചേന്നാടിനു വെള്ളം പമ്പുചെയ്യുകയും പാറത്തോട് പഞ്ചായത്തിലുള്ള ജലസ്രോതസ്സിൽ നിന്നും ജലവിതരണം സാധ്യമാക്കുകയും ചെയ്യണം. ഈ പദ്ധതികൾ ദീർഘകാലാടിസ്ഥാനത്തിലുള്ളതാണ്. താൽക്കാലികമായി അമ്പലഭാഗത്തു പുതിയ ടാങ്കു നിർമിക്കുകയും മാളികയിൽ ഇപ്പോഴുള്ള ടാങ്കിൻെറ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും ചെയ്യണം. ഫെബ്രുവരി മുതൽ മെയ്‌വരെയുള്ള നാലുമാസക്കാലം കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ വെള്ളം ടാങ്കുകളിൽ എത്തിച്ചു വിതരണം നടത്താവുന്നതാണ്. ചെറുകുന്നം മണിയംകുളം കണ്ണാനിഭാഗങ്ങളും കോൺട്രാക്ട് അടിസ്ഥാന ജലവിതരണ സംരംഭത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

വായു, വെള്ളം, പാർപ്പിടം എന്നീ ഘടകങ്ങളുടെ ശുചിത്വമാണ് മനുഷ്യൻെറ ആവാസകേന്ദ്രത്തിൽ ആരോഗ്യം പ്രദാനം ചെയ്യുന്നത്. ആരോഗ്യ കുടിവെള്ള മേഖലകളിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ മനുഷ്യശക്തിയുടെ കൂട്ടായ്മയിൽ ഊന്നി പുത്തൻ വികസന സംസ്കൃതിയുടെ പ്രചോദനത്തിൽ സാധിതപ്രായമാകുമ്പോൾ 'പൂഞ്ഞാർ ഗ്രാമം പൂർണ്ണാരോഗ്യ ഗ്രാമം' എന്ന മുദ്രാവാക്യം സാർത്ഥകമാകുന്നതാണ്.

## ചാർട്ട് നമ്പർ 1

## സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം | |
|---|---|---|---|---|---|
| | | | | ആവശ്യമുള്ളത് | നിലവിലുള്ളത് |
| 1. | കേണൽ ജി. വി. രാജാ പി. എച്ച് സെൻറർ | 2 | 10 - 1 - 1977 | 13 | 11 |
| 2. | ഗവ: ഹോമിയോ ഹോസ്പിറ്റൽ | | 1972 | 4 | 3 |
| 3. | കുടുംബക്ഷേമ കേന്ദ്രം | കൂട്ടക്കല്ല് | - | 1 | 1 |
| 4. | കുടുംബക്ഷേമ കേന്ദ്രം, ചേന്നാട് | പെരുനിലം | - | 1 | 1 |
| 5. | കുടുംബക്ഷേമ കേന്ദ്രം, പനച്ചിപ്പാറ | മെയിൻസെൻറർ | - | 1 | 1 |

## ചാർട്ട് നമ്പർ 2

## രോഗവിവരം തരംതിരിച്ച്

### ജി. വി. രാജാ ഹോസ്പിറ്റൽ, ഔട്ട്പേഷ്യൻറ്

| വർഷം | ത്വക്ക് | വാതം | പകർച്ചവ്യാധികൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 93-94 | 106 | 3 | 2350 | 2242 | 4701 |
| 94-95 | 168 | - | 3140 | 2245 | 7553 |
| 95-96 | 194 | 3 | 4182 | 4008 | 8387 |
| ഗവ: ഹോമിയോ ഹോസ്പിറ്റൽ | | | | | |
| 93-94 | 3996 | 7994 | 10659 | 3997 | |
| 94-95 | 5037 | 6296 | 12592 | 1260 | |
| 95-96 | 3833 | 5110 | 11497 | 5110 | |

# 5.6 ഗതാഗതം ഊർജ്ജം മാർക്കറ്റ്

നാണ്യവിളകളാൽ സമ്പന്നമായ മീനച്ചിൽ താലൂക്കിൻെറ കിഴക്കൻ മലയോരപ്രദേശത്ത് വിസ്യതിയുടെ 80% വും കുന്നുകളാലും ചെറിയ ചെറിയ മലകളാലും നിറഞ്ഞ ഈ പഞ്ചായത്തിൽ ഗ്രാമസഭകളിൽ പങ്കെടുത്ത ഭൂരിഭാഗം ജനങ്ങളും ഏറ്റവും താത്പര്യം പ്രകടിപ്പിച്ച-ചർച്ചചെയ്യപ്പെട്ട-ഒരു വിഷയമായിരുന്നു ഗതാഗതം. ദശാബ്ദങ്ങൾക്കുമുമ്പ് തിരുവനന്തപുരം മുതൽ പൂഞ്ഞാർ വരെ സഞ്ചാരയോഗ്യമായുണ്ടായിരുന്ന 'കോട്ടവഴി' ഒരു ചരിത്ര സ്മാരകമായി നിലനിർത്തേണ്ടിയിരുന്നുവെങ്കിലും ഇന്ന് ഏതൊക്കെയോ നാടുകളിൽ അല്പാല്പം അവശിഷ്ടങ്ങൾ നിലനിറുത്തി നാമാവശേഷമായി. നാലുദശാബ്ദംക്കുമുമ്പുവരെ ഗതാഗതത്തിൽ ഈട് ആശ്രയിച്ചിരുന്നത് തോണികളും കെട്ടുവള്ളങ്ങളുമായിരുന്നെങ്കിൽ ഇന്ന് അതേ മീനച്ചിലാറിൽ ഉല്ലാസത്തിനായി പോലും തോണിയാത്രകൾ അസാദ്ധ്യമായിതീർന്നിരിക്കുന്നു. വെള്ളം ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. 'കാഡ' പദ്ധതിയുടെ കടന്നുകയറ്റത്തോടെ മീനച്ചിലാറിൻെറ പലഭാഗങ്ങളും ഒരു കൃത്രിമ കനാലിൻെറ പ്രതീതിയിലായിക്കഴിഞ്ഞു. കെട്ടുവള്ളങ്ങളും തോണികളും ഗതാഗതത്തിൽ മുഖ്യപങ്കുവഹിച്ചിരുന്നകാലത്തെ പറഞ്ഞുപഴകിയ ഒരു പഴങ്കഥയായി അവശേഷിപ്പിച്ചുകൊണ്ട് കഴിഞ്ഞനാലുദശാബ്ദങ്ങൾക്കുള്ളിൽ ഗതാഗതരംഗത്ത് സമ്പൂർണ്ണമല്ലെങ്കിലും സമഗ്രമായ പുരോഗതിയാണ് ഈ നാടിനുണ്ടായിരിക്കുന്നത്. കാൽനടയായി മൈലുകൾ താണ്ടി വിദ്യാഭ്യാസവും കൊടുക്കൽവാങ്ങലുകളും തുടങ്ങിയ പഴയ തലമുറയ്ക്ക് തിരക്കില്ലാത്ത തണൽ വിരിച്ച വഴികൾ അനുകൂലമായിരുന്നെങ്കിൽ ഇന്ന് ചീറിപ്പായുന്ന വാഹനങ്ങളും - ചുട്ടുപൊള്ളുന്ന ടാർ റോഡുകളും പൊടിപടലങ്ങളും - പുകയും കാൽനട അസാദ്ധ്യമാക്കി തീർത്തിരിക്കുന്നു. കാലഘട്ടത്തിൻെറ മുഖമുദ്രയായ 'സ്പീഡ്' ആവാഹിച്ചുകഴിഞ്ഞ ജനതയ്ക്ക് ഗതാഗതവും വാഹനങ്ങളും ദൈനംദിന ജീവിതത്തിൻെറ ഭാഗമായി - ഒരു നിത്യോപയോഗ സാധനമായി മാറിക്കഴിഞ്ഞിരിക്കുന്നു.

1950 - കളുടെ ഉത്തരർദ്ധത്തിൽ ഒന്നോ രണ്ടോ സ്വകാര്യ ബസുകൾ സർവ്വീസ് നടത്തിയിരുന്ന ഈ ഭാഗത്ത് 1962-ൽ ഈരാറ്റുപേട്ട-പൂഞ്ഞാർ റോഡ് ടാർ ചെയ്തതോടെ ബസ് സർവ്വീസുകളുടെ എണ്ണത്തിൽ ക്രമാനുസൃതമായ വർദ്ധനവുണ്ടായി. സമീപ പഞ്ചായത്തായ പൂഞ്ഞാർ തെക്കേക്കരയുടെ കിഴക്കൻ മേഖലകളായ കുന്നോന്നി - പാതാമ്പുഴ - ചോലത്തടം - പറന്നാതം -പെരിങ്ങളം-അടിവാരം-കൈപ്പള്ളി ഭാഗങ്ങളിലേക്ക് റോഡുകളെത്തുകയും വാഹനഗതാഗതം ആരംഭിക്കുകയും ചെയ്തതോടെ ഈ പഞ്ചായത്തിൽ ഗതാഗതരംഗത്ത് - യാത്രാസൗകര്യരംഗത്ത്-വർദ്ധിച്ച പുരോഗതിയുണ്ടായി. അവികസിതമേഖലയായ ചേന്നാട്- മാളിക ഭാഗത്തേക്കുള്ളത് ഗതാഗതസൗകര്യം എത്തിക്കഴിഞ്ഞു. ഈ സൗകര്യങ്ങളെല്ലാം മൊത്തത്തിൽ ഉണ്ടായിക്കഴി

ഞ്ഞുവെങ്കിലും പഞ്ചായത്തിൻെറ ഉൾമേഖലകളിൽ ഈ രംഗത്ത് കാലത്തിനുസരിച്ച് - ജനങ്ങളുടെ ജീവിത ചിന്താരീതികളിലു ണ്ടായ മാറ്റത്തിനനുസരിച്ച്-ഉപയോഗത്തിനനുസരിച്ച്-മറ്റ് പഞ്ചാ യത്തുകളിലുണ്ടായ വികസനത്തിനനുസരിച്ച് ഗതാഗതസൗകര്യ വർദ്ധന ഈ പ്രദേശത്തുണ്ടായി എന്നു പറയാനാവില്ല.

ഗതാഗതരംഗത്ത് കെ. എസ്. ആർ. ടി. സി. ബസുകൾ ആധിപത്യം പുലർത്തിയിരുന്ന ഈ ഭാഗത്ത് കഴിഞ്ഞ 6-7 വർഷങ്ങളായി സ്വകാര്യബസുകൾ ആധിപത്യം സ്ഥാപിച്ചുകഴി ഞ്ഞു. ഈ ഭാഗത്തു നിന്നുണ്ടായിരുന്ന പൂഞ്ഞാർ-രാജഗിരി; പൂഞ്ഞാർ-ആലപ്പുഴ; പൂഞ്ഞാർ-തിരുവനന്തപുരം; ചോലത്തടം-കോട്ടയം; പൂഞ്ഞാർ-കോഴിക്കോട്; പൂഞ്ഞാർ-വർക്കല ബസ് സർവ്വീസുകൾ നിർത്തലാക്കപ്പെടുകയും കൃത്യനിഷ്ഠയിൽ പരാ ജയപ്പെടുകയും ചെയ്തതോടെ കെ.എസ്. ആർ.ടി. സി. ബസുക ളേക്കാളുപരി സ്വകാര്യബസുകളെ ജനങ്ങൾ ആശ്രയിച്ചുതുടങ്ങി. വർഷങ്ങളായി മുടങ്ങിക്കിടന്ന പല ദീർഘദൂരസർവ്വീസുകളും അടുത്തകാലത്ത് പുനരാരംഭിച്ചതോടെ യാത്രാസൗകര്യം വർദ്ധി ക്കുകയും കെ.എസ്.ആർ.ടി.സി ബസുകളുടെ സ്വാധീനം ഈ മേഖലയിൽ വീണ്ടും ഉയർത്തെഴുന്നേല്ക്കുകയും ചെയ്തു വരുന്നു.

<u>P.W.D റോഡുകൾ</u>

1) ഈരാറ്റുപേട്ട - പൂഞ്ഞാർ റോഡ്

2) ഈരാറ്റുപേട്ട - ചേന്നാട് റോഡ്

3) പനച്ചിപ്പാറ - വളതുക്ക് റോഡ്

4) പൂഞ്ഞാർ - പാതാമ്പുഴ റോഡ്

പഞ്ചായത്തിലുള്ള P.W.D റോഡുകൾ ശരാശരി നിലവാരം പുലർത്തുന്നുവെങ്കിലും വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന ക്രമാതീത വർദ്ധനയ്ക്കനുസരിച്ച് ഈ റോഡുകളുടെ വികസനം നടപ്പിലായിട്ടില്ല. നിർദ്ദിഷ്ട ഏറ്റുമാനൂർ - പൂഞ്ഞാർ ഹൈവേ പൂഞ്ഞാർ വരെ എത്തിച്ച് പൂർത്തിയാക്കുന്നതിലൂടെ മാത്രമെ നി ലയിൽ ഈരാറ്റുപേട്ട-പൂഞ്ഞാർ റൂട്ടിലുള്ള വാഹനത്തിരക്ക് നിയ ന്ത്രിക്കുന്നതിനും ഈ ഭാഗത്തെ ഗതാഗതസൗകര്യം വർദ്ധിപ്പി ക്കുന്നതിനും സാധിക്കുകയുള്ളു. നിർദ്ദിഷ്ട 'സ്റ്റേറ്റ് ഹൈവേ' പൂഞ്ഞാർ വരെ എത്തിച്ച് പൂർത്തിയാക്കുന്നതിനോടൊപ്പം പൂഞ്ഞാർ-ചോലത്തടം-പറത്താനം-കൂട്ടിക്കൽ-മുണ്ടക്കയം റോ ഡുകൂടി വീതി കൂട്ടി സുഗമമായ ഗതാഗതത്തിന് യോഗ്യമാക്കി യാൽ മാത്രമേ സമ്പൂർണ്ണമായി ഒരു വികസനം ഈ രംഗത്ത് നമുക്ക് സാദ്ധ്യമാകുകയുള്ളു. ഈരാറ്റുപേട്ട-ചേന്നാട് റോഡ് വീതിക്കൂട്ടി ആവശ്യമായ ഭാഗങ്ങളിൽ കലുങ്കുകളും ഓടകളും തീർത്ത് കമ്പനിത്തോട്ടം വഴി വീതികൂട്ടി. ചോറ്റിയിൽ കെ.കെ. റോഡുമായി ബന്ധിപ്പിക്കുന്നതിലൂടെ ഈ പഞ്ചായത്തിലെ അവി കസിതമേഖലയായ ചേന്നാട് മാളിക ഭാഗങ്ങളിൽ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനും സമ്പൂർണ്ണമായ-സമഗ്രമായ പുരോഗതി ഈ ഭാഗങ്ങളിലുണ്ടാക്കുന്നതിനും സാധിക്കും. പനച്ചി പ്പാറനിന്നും പാതാമ്പുഴ- ചോലത്തടം റോഡിലെത്തിച്ചേരുന്ന പനച്ചിപ്പാറ- വളതുക്ക് P.W.D റോഡിൽകൂടി ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് അടിയന്തിരനടപടിയുണ്ടാകണം. ഈ ഭാഗ ത്തെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനുള്ള ഏകപോംവഴി ഇതു മാത്രമാണ്. നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ പെട്ട പൂഞ്ഞാർ-പാതാമ്പുഴ P.W.D റോഡ് ഭാഗത്തുള്ള മുക്കുഴിപ്പാലം- പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിനെയും നമ്മുടെ പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കാട്ടറാത്തുപാലം-വളതൂക്ക് കലുങ്ക് എന്നിവ വീതിക്കൂട്ടി പുതുക്കി പണിയുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ വാഹനഗതാഗത യോഗ്യമായ ഏകപാലം പനച്ചിപ്പാറ- വളത്തൂക്ക് P.W.D റോഡി ലുള്ള കാവും കടവ് പാലം മാത്രമാണ്. ഒറ്റ വരി ഗതാഗതം മാത്രം സാദ്ധ്യമായ ഈ പാലം വീതികൂട്ടി രണ്ടു വരി ഗതാഗതത്തിന് അനുയോജ്യമാക്കേണ്ടതാണ്. ഈരാറ്റുപേട്ട- വാഴേക്കാട് ചേന്നാട് റൂട്ടിൽ സർവ്വീസ് ആരംഭിക്കണം.

പൂഞ്ഞാർ, ചേന്നാട് എന്നീ ഭാഗങ്ങളിൽ നിന്നും ഉത്തര മലബാർ ഭാഗത്തേക്ക് K.S.R.T.C. ബസുകൾ ആരംഭിക്കണം. ചേന്നാട് നിന്നുള്ള ഏകദീർഘദൂരസർവ്വീസ് ചേന്നാട്-തിരു വനന്തപുരം സർവ്വീസ് മാത്രമാണ്. നിലവിൽ ഈ ഭാഗത്തുനിന്നും മലബാർ ഭാഗത്തേക്ക് ബസ് സർവ്വീസില്ല. പൂഞ്ഞാർ കന്യാകു മാരി ബസ് എന്ന ആവശ്യത്തിന് വർഷങ്ങൾ പഴക്കമുണ്ടെങ്കിലും ഇന്നും സാധിതമായിട്ടില്ല. മേൽപറഞ്ഞ സർവ്വീസുകൾ ആരംഭി ക്കുന്നതിലൂടെ ദീർഘദൂരയാത്രാസൗകര്യം വളരെയേറെ മെച്ച പ്പെടുത്താനാകും.

<u>പഞ്ചായത്ത് റോഡുകൾ</u>

പഞ്ചായത്തിൽ 42 കിലോമീറ്ററോളം ദൂരം പഞ്ചായത്ത് റോഡുകളുണ്ട്. പലറോഡുകളും ഗതാഗതയോഗ്യമല്ല.

ഭരണപരമായ ചിലവിനൊപ്പം മാത്രം വരുമാനമുള്ള പഞ്ചായത്തിന് റോഡുകളുടെ നിർമ്മാണ-പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് പണം ചിലവഴിക്കാൻ സാധിക്കുന്നില്ല. വർഷങ്ങളായി മെയിൻറ നൻസ് നടത്താത്ത നിരവധി റോഡുകൾ പഞ്ചായത്തിലുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ JRY- EAS- വെള്ളപ്പൊക്കദുരിതാശ്വാസം തുടങ്ങിയ പദ്ധതികളിൽ നിന്നും ലഭിച്ച തുകയാണ് റോഡുകൾക്ക് അല്പമെങ്കിലും ആശ്വാസമായുള്ളത്. പലറോഡുകളും മേൽപദ്ധതിയിൽ പ്രകാരം പണികൾ നടന്നു വരുന്നുവെങ്കിലും മൊത്തം ആവശ്യമായതിൻെറ 10% പോലും തുക ഈ രംഗത്ത് അനുവദിക്കപ്പെട്ടിട്ടില്ല. വളരെയേറെ തുകയും അദ്ധ്വാനവും ഈ രംഗത്ത് ഇനിയും വിനിയോഗിക്കപ്പെടേണ്ടതായുണ്ട്.

പഞ്ചായത്ത് റോഡുകളുടെ പഞ്ചായത്ത് റോഡ് രജിസ്റ്ററിൽ നിന്നും ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു. കാലാനുസൃതമായ മാറ്റം രജിസ്റ്ററിൽ വരുത്താത്തതിനാൽ റോഡുകളുടെ പേര്- നീളം-വീതി ഇവയിലെല്ലാം മാറ്റം സംഭവിച്ചിട്ടുണ്ടാകും. റോഡുകളിൽ നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ നിർമ്മാണ-പുനരുദ്ധാരണപ്രവർത്തനങ്ങളുടെ വിവരം റോഡ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ലഭ്യമായ വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

## ആവശ്യങ്ങൾ നിർദ്ദേശങ്ങൾ

പുത്തൻ പുരവാതിൽ തണ്ണിപ്പാറ റോഡിൽ നിന്നും അമ്പാട്ടുപാറ ഭാഗത്തേക്കും പെരുനിലം അരയത്തനാൽ പാലം- പെരുനിലം കോളനി ഭാഗങ്ങളിലേക്കും പുളിയ്ക്കപ്പാലം ലക്ഷം വീട് മുകളിലേക്ക് (കാരക്കൊമ്പിൽ വെട്ടിമറ്റം റോഡിലേക്ക്) പോകുന്ന വഴി വീതിക്കൂട്ടിയും കണ്ണാനി വാളേക്കാട് റോഡ് കൊച്ചുവീട്ടിൽ പീടിക ചേന്നാട് റോഡുമായി ബന്ധിപ്പിച്ചും; പുളിയ്ക്കൽ കവല- ഇടക്കുഴി റോഡ് പുളിയ്ക്കപ്പറമ്പുവഴി കണ്ണാടി റോഡിലേക്ക് 12 അടി വീതിയിൽ ആവശ്യത്തിന് കലുങ്കുകൾ തീർത്ത് സന്ധിപ്പിച്ചും കരിമല റോഡ് രക്ഷാഭവൻ ആരംപുളിറോഡ് കരിമല റോഡുമായി യോജിപ്പിച്ചും ഐക്കര തോട്ടുഭാഗത്ത് കടകത്താനത്ത് ഭാഗത്തേക്കുള്ള ഇടവഴി വീതികൂട്ടി ഈരാറ്റുപേട്ട ചേന്നാട് റോഡിലേക്ക് തുറന്നും വളതൂക്ക് ചേക്കാക്കുഴി ഭാഗത്തും പുതിയ റോഡുകൾ നിർമ്മിക്കണം.

പണികൾ നടന്നുവരുന്ന തണ്ണിപ്പാറ ബ്ലോക്കുകിണർ- നെല്ലിക്കച്ചാൽ റോഡ്, 2-ഉം ഘട്ടപണിനടന്നുവരുന്ന വടക്കേടത്തുപടി കണിയാം കുന്നേൽകടവ് റോഡ് ശ്രമദാനമായി പണിനടന്നു വരുന്നകൂട്ടക്കല്ല്- ചേന്നാട് റോഡ്- 200 മീറ്ററോളം പൂർത്തിയായവുക്കുഴി- വാഴേക്കാട് റോഡ് എന്നിവ അടിയന്തിരമായും പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കണം.

തുണ്ടത്തിൽ വാതിൽ നടയ്ക്കൽ, ചെമ്മരിപ്പള്ളിക്കുന്ന് നരിപ്പാറ റോഡുകൾ അറ്റുകുറ്റപണികൾ നടത്തി ഗതാഗതായോഗ്യമാക്കണം.

പുളിയ്ക്കക്കവല- ഇടക്കുഴിറോഡിൽ കൊച്ചുവീട്ടിൽ ഭാഗത്തുനിന്ന് കണ്ണാനി ഭാഗത്തേക്കുള്ള റോഡിന് കുറെ ഭാഗത്തേക്ക് സ്ഥലം വിട്ടുകിട്ടിയിട്ടുണ്ട്. ബാക്കിഭാഗം കൂടി സ്ഥലം വിട്ടുകിട്ടുന്നതിനുള്ള ശ്രമ ഊർജ്ജിതപ്പെടുത്തണം. റോഡ് പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കണം.

## കലുങ്കുകൾ

പാറേപ്ലാവ്- വെള്ളാത്തോലി റോഡ്, രക്ഷാഭവൻ- തിടനാട് റോഡ്; വളതൂക്ക്- വാഴേക്കാട് റോഡ്, മണിയാകുന്ന്- കൊച്ചുവളതൂക്ക് റോഡ്. പൂഞ്ഞാർ കോന്തനാനി റോഡ്- കൾക്ക് ആവശ്യമായ ഭാഗങ്ങളിൽ കലുങ്കുകൾ നിർമ്മിക്കണം. കുരിശുപള്ളി മോതിരത്താനി റോഡ് മോതിരത്താനി രക്ഷഭവൻ റോഡ് പുളിക്കൽക്കവല ഇടക്കുഴി പുളിക്കൽ പറമ്പ് റോഡിൽ കലുങ്ക് ആവശ്യമാണ്. ഇലുത്താഴെ കൊണ്ടുത്താഴെ റോഡിന് കലുങ്കുകൾ നിർമ്മിക്കണം.

റോഡുകളുടെ നിലനില്പിനും സുഗമമായ ഉപയോഗത്തിനും റോഡുകൾ ടാറിംഗ് നടത്തിയും ആവശ്യമായ ഭാഗങ്ങളിൽ കലുങ്കുകൾ- ഓടകൾ ഇവ നിർമ്മിച്ചും സംരക്ഷിക്കേണ്ടത് ആവശ്യമാണ്. പഞ്ചായത്ത് റോഡുകളിൽ ഭൂരിഭാഗവും മൺറോഡുകളാണ്. റോഡുകൾ പൊതുവെ നല്ല കയറ്റമുള്ളവയായതിനാൽ ടാറിംഗ് കോൺക്രീറ്റ്- വർക്കുകൾ നടത്താതെ വാഹനഗതാഗതയോഗ്യമായി നിലനിറുത്താൻ സാദ്ധ്യമല്ല. മുഴുവൻ റോഡുകളും കലുങ്കുകൾ- ഓടകൾ ഇവ തീർത്ത് ടാറിംഗ് നടത്തണം.

## പ്രത്യേക പരാമർശം

പുത്തമ്പുരവാതിൽ- തണ്ണിപ്പാറ റോഡ് ടാറിംഗും കോൺക്രീറ്റും നടത്തി ഗതാഗതയോഗ്യമാക്കി, തരിശായി കിടക്കുന്ന പാറഭാഗത്ത് മണ്ണെത്തിച്ചുകൊടുത്താൽ 6 ഏക്കറോളം സ്ഥലവും ബാങ്കുപടി അടയ്ക്കാപ്പാററോഡ് ഗതാഗതയോഗ്യമാക്കി മണ്ണെത്തിച്ചു കെടുത്താൽ 4 ഏക്കറോളം പാറഭാഗവും കപ്പ- പൈനാപ്പിൾ- പച്ചക്കറികൾ- കന്നുകാലിപ്പുല്ല് തുടങ്ങിയ കൃഷികൾക്ക് ഉപയുക്തമാക്കി മാറ്റാവുന്നതാണ്.

## നടപ്പാത ആവശ്യങ്ങൾ നിർദ്ദേശങ്ങൾ

പാറമട മണ്ഡപത്തിൽ കുന്ന് ഭാഗം വാഹനസൗകര്യമില്ല. ഈ ഭാഗത്ത് സഞ്ചാരയോഗ്യമായ നടപടി ഉണ്ടാകണം.

മറ്റക്കാട് ബാലവാടിയിലേക്കുള്ള നടപ്പുവഴി തൈക്കാവിലേക്കുള്ള വഴിവരെ നീട്ടി കോൺക്രീറ്റ് ചെയ്ത് കല്ലുകെട്ടി സഞ്ചാരയോഗ്യമാക്കണം.

മുല്ലപ്പാറ ഭാഗത്ത് പാണാർക്കുഴി കടവ് ആറ്റിലേക്കുള്ള ഇടവഴിയും മറ്റയ്ക്കാടുനിന്നും മാളിയേക്കൽക്കാരുടെ സ്ഥലത്ത് സൈഡിൽ കൂടിയുള്ള ഇടവഴിയും സ്റ്റെപ്പ് കെട്ടി കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

കാഞ്ഞിരമറ്റാകണ്ടം ഭാഗത്തുനിന്നും തണ്ണിപ്പാറ ബ്ലോക്കുകിണർ ഭാഗത്തേക്കുള്ള നടപ്പുവഴി- വെള്ളിപ്പള്ളികണ്ടംക്കിണർ ഭാഗത്തുനിന്നും തണ്ണിപ്പാറ മുകൾഭാഗത്തേക്കുള്ള നടപ്പുവഴി- പാറമടഭാഗത്തുനിന്നും തണ്ണിപ്പാറക്കുള്ള നടപ്പുവഴി- തടവനാൽ ഇടവഴി ഭാഗത്തുനിന്നും അമ്പാട്ടുപാറഭാഗത്തേക്കുള്ള നടപ്പുവഴികൾ കോൺക്രീറ്റ് ഉപയോഗിച്ച് സ്റ്റെപ്പുകൾ കെട്ടി സഞ്ചാരയോഗ്യമാക്കണം. ലക്ഷം വീട് കോളനിയുടെ പടിഞ്ഞാറുഭാഗത്ത് വടക്കോട്ടുള്ള വഴിയും കാമട്ടം ഭാഗത്തുനിന്ന് അമ്പാട്ടുപാറഭാഗത്തേക്കുള്ള വഴിയും അറ്റകുറ്റപ്പണികൾ നടത്തണം.

നെല്ലിക്കച്ചാൽ മുസ്ലീം പള്ളി ഭാഗത്തുനിന്ന് അയ്യപ്പൻ റോഡുമായി ബന്ധിപ്പിക്കുന്ന ഇടവഴി വീതികൂട്ടിയും നെല്ലിക്കച്ചാൽ നിന്നും കാഞ്ഞിരമറ്റം റോഡിലേക്കുള്ള വഴി ആവശ്യമായ പണികൾ നടത്തിയും സഞ്ചാരഗതാഗതയോഗ്യമാക്കണം.

മഠം തണ്ണീർമുക്കം കോളനി, പുതുവഴി മഠംഭാഗം, പുതുവഴി വെയിൽകാണാംപാറ, കണ്ണാനി പുതുവഴി- പെരുനിലം- അരയത്തിനാൽ കോളനി, ഐക്കരത്തോട്- കണ്ണാനി, അരയത്തിനാൽ കോളനി ഭാഗങ്ങളിലേക്ക് സഞ്ചാരഗതാഗതയോഗ്യമായ വഴികളുണ്ടാക്കണം.

ഒരു ദേശത്തിന്റെ പുരോഗതിയുടെ അടിത്തറ ഗതാഗതസൗകര്യമായി മാറിക്കഴിഞ്ഞിരിക്കുന്ന ഈ കാലത്ത് ടൗണുകളുമായി ബന്ധപ്പെടുന്ന പ്രധാന റോഡുകൾക്കൊപ്പം പ്രധാന്യം ഉൾനാടുകളിലെ റോഡുകൾക്കും കൈവന്നു കഴിഞ്ഞിരിക്കുന്നു. ജീവിതനിലവാരത്തിലുണ്ടായ മാറ്റവും ഉൾനാടുകളിൽ പോലും പെരുകി വരുന്ന വാഹനങ്ങളും പഞ്ചായത്തു റോഡുകളുടെ പ്രസക്തിയും നിലനില്പും അത്യന്താപേക്ഷിതമാക്കിയിരിക്കുന്നു. റോഡുകളുടെ നിർമ്മാണ പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് ചിലവഴിക്കാൻ പഞ്ചായത്തിന് വരുമാനമാർഗ്ഗമില്ലാത്തത് ഈ രംഗത്ത് വല്ലാത്ത വിഷമം സൃഷ്ടിക്കുന്നു. സംസ്ഥാനകേന്ദ്ര ഗവ. പദ്ധതികൾ ഉപയോഗിക്കുന്നതിന് 8 മീറ്റർ വീതി നിർബന്ധമാക്കിയിരിക്കുന്നത് റോഡുകളുടെ വികസനത്തിന് തടസ്സമായിരിക്കുന്നു. സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും കാർഷിക വിളകളുടെ പ്രത്യേകതകളും ജനസാന്ദ്രഭൂമിയുടെ വിലയും കണക്കിലെടുത്ത് 8 മീറ്റർ വീതി എന്ന മാനദണ്ഡം പാടേ മാറ്റേണ്ടതും സംസ്ഥാന കേന്ദ്ര ഗവ. ഫണ്ടുകൾ റോഡുകളുടെ വീതി നോക്കാതെ പ്രാധാന്യം മാത്രം നോക്കി ചിലവഴിക്കുന്നതിനുള്ള മാനദണ്ഡം രൂപപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് റോഡുകളിൽ P&T നടത്തുന്ന പ്രവൃത്തികൾ റോഡുകൾക്ക് നാശനഷ്ടം ഉണ്ടാക്കുന്നുവെങ്കിലും അതു പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ ഇന്നില്ല. P.W.D റോഡുകൾക്ക് നിശ്ചയിച്ചിരിക്കുന്ന അതേമാനദണ്ഡം പഞ്ചായത്തുറോഡുകളുടെ കാര്യത്തിലും ഇക്കാര്യത്തിൽ നടപ്പിലാക്കണം. യഥാസമയം റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും റോഡുകൾ നാശോന്മുഖമാകാതെ നിലനിറുത്തുന്നതിനുള്ള നടപടികൾക്കുമായി ഓരോ റോഡിനും വാർഡ് മെംബറുടെ നേതൃത്വത്തിൽ 'റോഡ് സംരക്ഷണ സമിതി'കൾ രൂപീകരിക്കണം. ജനകീയ ആസൂത്രണവുമായി ബന്ധപ്പെട്ടു നടത്തിയ ഗ്രാമസഭകളിൽ ജനങ്ങൾ ഈ വിഷയത്തിൽ പ്രകടിപ്പിച്ച താത്പര്യം അളവറ്റതായിരുന്നു. ജനങ്ങളുടെ ഈ താത്പര്യം സംരക്ഷിക്കുന്നതിനും നിറവേറ്റുന്നതിനുമുള്ള ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുകൾക്കായിക്കഴിഞ്ഞു. ജനകീയ ആസൂത്രണ പദ്ധതിയിലൂടെ ഈ രംഗത്ത് സമ്പൂർണ്ണമായ പുരോഗതി കൈവരുമെന്ന് സമുക്കാശിക്കാം. കൂട്ടായിയത്തിക്കാം.

## സാധ്യതകൾ:

1. 8 മിറ്റർ വീതി റോഡിന് ഉണ്ടെങ്കിലെ ടാർറിംഗിന് ഫണ്ട് അനുവദിക്കുന്ന സർക്കാർ പദ്ധതിയിൽ മാറ്റം വരുത്തുക.

2. P&T നടത്തുന്ന പ്രവൃത്തി മൂലം പഞ്ചായത്ത് റോഡിന് ഉണ്ടാകുന്ന നഷ്ടം നികത്തുവാൻ P.W.D റോഡിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം നടപ്പാക്കണം.

3. എല്ലാ റോഡിനും വാർഡ് മെംമ്പർ കൺവീനറായി റോഡ് സംരക്ഷണ സമതി ഉണ്ടാക്കുക.

4. കലുങ്കുകളും, ഓടകളും ആവശ്യമായ എല്ലാ റോഡിന് നിർമ്മിക്കുക.

5. ടാറിംഗ് നടത്തേണ്ട റോഡുകൾ ടാർചെയ്യുകയും, റീടാറിംഗ് സമയത്ത് നടത്തുകയും ചെയ്യണം.

## പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് റോഡുകൾ

| നമ്പർ | റോഡ് പേരു വിവരം | നീളം (മീറ്റർ) | വീതി (മീറ്റർ) | റോഡിൻെറ സ്വഭാവം | ടാർഭാഗം (മീറ്റർ) | ടാറിംഗ് പണികൾ നടക്കുന്നത് | ടാർ ചെയ്യേണ്ട ഭാഗം | റിമാർക്ക് |
|---|---|---|---|---|---|---|---|---|
| 1. | വെള്ളിയേപ്പള്ളി കണ്ടം നടയ്ക്കൽ | 1740 | 5 | ടാർ | 1740 | റീടാർ 2.25 ലക്ഷം അനുവദിച്ചിട്ടുണ്ട് | | മെറ്റലിളകി നശിച്ചു കിടക്കുന്നു. റീടാർ ആവശ്യം |
| 2. | പടിയ്ക്കമറ്റം കാഞ്ഞിരമറ്റം | 800 | 4.5 | | 400 | 1.25 ലക്ഷം അനുവദിച്ചിട്ടുണ്ട് | | |
| 3. | പൂഞ്ഞാർ - കോന്തതാനി | 800 | 3.2 | മൺ | | | 800 | 5 കലുങ്കുകൾ ആവശ്യം. 1.5 ലക്ഷ-സൈഡുകെട്ട് നടക്കുന്നു. |
| 4. | പുളിമൂട് പടിയ്ക്കമറ്റം | 300 | 3.5 | മൺ | - | - | 300 | |
| 5. | വടക്കേടത്തുപടി - കണിയാൻകുന്നേൽ കടവ് - മുല്ലപ്പാറ | 800 | 4.5 | | | 200 | 600 | |
| 6. | കണിയാംകുന്നേൽകടവ് - മുല്ലപ്പാറ | 375 | 3.5 | മൺ | | | | |
| 7. | പെരുനിലം - പുതുവടിക്കുന്ന് | 340 | 3.75 | | | | | |
| 8. | പെരുനിലം - പുളിയ്ക്കപ്പാലം | 850 | 8 | ടാർ | | | | റീടാറിംഗ് ആവശ്യം |

## പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് റോഡുകൾ

| നമ്പർ | റോഡ് പേരു വിവരം | നീളം (മീറ്റർ) | വീതി (മീറ്റർ) | റോഡിന്റെ സ്വഭാവം | ടാർഭാഗം (മീറ്റർ) | ടാറിംഗ് പണികൾ നടക്കുന്നത് | ടാർ ചെയ്യേണ്ട ഭാഗം | റിമാർക്ക് |
|---|---|---|---|---|---|---|---|---|
| 9. | കണ്ണാനി - പടിഞ്ഞാറുമറ്റം | 570 | 4 | മൺ | | | 570 | |
| 10. | പെരുനിലം - വെയിൽകാണാംപാറ | 320 | 4.5 | | | 260 | 60 | |
| 11. | കൊച്ചുവീട്ടിൽ പീടിക ചേന്നാട് | 4 കി. മി | 8 | ടാർ | | | | റീടാറിംഗ് ആവശ്യം. |
| 12. | തെങ്ങുംമൂട് - വെട്ടിമറ്റം | 350 | 3.5 | മൺ | | | 500 | |
| 13. | നിർമ്മലാ എൽ.പി.എസ് കരിമല | 700 | 4 | | | 210 | 490 | |
| 14. | തുണ്ടത്തിൽവാതിൽ നടയ്ക്കൽ റോഡ് | 1120 | 4 | | 200 | | 920 | |
| 15. | വളതൂക്ക് വാഴേക്കാട് | 2200 | 8 | | 600 | | 1600 | |
| 16. | കണ്ണാനി - വെയിൽകാണാംപാറ | 900 | 5 | | | 210 | 690 | |
| 17. | കരിമല - മാളികദേവീക്ഷേത്രം | 2000 | 8 | ടാർ | | | | |
| 18. | ഭഗവതിക്ഷേത്രം ചെറുകുന്നംആരോലി | 1270 | 3.5 | മൺ | | | | |
| 19. | പാറേപ്ലാവ് - വളതൂക്ക് ലിങ്ക് | 915 | 4.75 | മൺ | | | | |
| 20. | ചേന്നാട് കുരിശുപള്ളി മോതിരത്താനി | 1220 | 6 | മൺ | | 210 | 1010 | |
| 21. | കണ്ണാനി - വാഴേക്കാട് | 1550 | 6 | | 200<br>50 മി.<br>കോൺക്രീറ്റ് | | | |
| 22. | ചേന്നാട് നെടുത്താനം | 1600 | 5 | | | 150 | 1450 | |
| 23. | രക്ഷാഭവൻ - പാക്കയം | 2 കി.മി. | 8 | | 200 | | | 1800 മി. |
| 24. | വാഴേക്കാട് - തൈനിമാളിക | 3 കി.മി. | 4 | | 200 | | | |
| 25. | തുണ്ടത്തിൽവാതിൽ പാറമട | 177 | 4 | മൺ | | | | |

## പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് റോഡുകൾ

| നമ്പർ | റോഡ് പേരു വിവരം | നീളം (മീറ്റർ) | വീതി (മീറ്റർ) | റോഡിന്റെ സ്വഭാവം | ടാർഭാഗം (മീറ്റർ) | ടാറിംഗ് പണികൾ നടക്കുന്നത് | ടാർ ചെയ്യേണ്ട ഭാഗം | റിമാർക്ക് |
|---|---|---|---|---|---|---|---|---|
| 26 | കുളത്താപാറമണിയാകുന്ന് | 1020 | 3.5 | | | | | |
| 27. | ലക്ഷംവീട് കോളനിറോഡ് വാർഡ് 4 | 820 | 3.5 | മൺ | | | 820 | |
| 28. | ബാങ്കുപടി അടയ്ക്കാപ്പാറ | 890 | 4 | | 210 | 210 | 470 | കോൺക്രീറ്റ് ആവശ്യം |
| 29. | പടിയ്ക്കമറ്റം മധുരമീനാക്ഷിക്ഷേത്രം | 196.15 | | മൺ | | | | |
| 30. | ഇല്ലത്താഴെ - കൊണ്ടൂർതാഴെ | 500 | 4 | മൺ | | | | |
| 31. | പുത്തൻപുരവാതിൽ - തണ്ണിപ്പാറ | 910 | 4 | | | 210 | 700 | കോൺക്രീറ്റ് ആവശ്യം |
| 32. | ഒട്ടലാങ്കൽപടി പാറേക്കുന്നേൽപടി | | | മൺ | | | | |
| 33. | പാറേപ്ലാവ് - വെള്ളിത്തോലി | 250 | 3.5 | മൺ | | | 250 | |
| 34. | വടക്കേൽപറമ്പ് - വാഴേക്കാട് | 500 | 5 | മൺ | | | 500 | |
| 35. | തൊങ്ങുവേലി - തോരണംപ്ലാക്കൽ | | | | | | | |
| 36. | തോരണംപ്ലാക്കൽ തൊണ്ടുമുണ്ടി | 400 | | | | | | |
| 37. | കാട്ടറാത്തുപാലം മണിയാകുന്ന് | 600 | 3.5 | | | 210 | 390 | |

## പഞ്ചായത്ത് റജിസ്റ്ററിൽപെടാത്ത, സറണ്ടർചെയ്ത റോഡുകൾ

| നമ്പർ | റോഡ് - പേരുവിവരം | നീളം (മീറ്റർ) | വീതി (മീറ്റർ) | റോഡിൻെറ സ്വഭാവം | |
|---|---|---|---|---|---|
| 1. | നെല്ലിക്കച്ചാൽ പൂഞ്ഞാർ | 300 | 3 | മൺറോഡ് | |
| 2. | മുക്കുഴി - പുണ്യവാളൻകുന്ന് | 500 | 4 | ,, | |
| 3. | മുക്കുഴി - ഉപ്പുകുളം | 710 | 4 | ,, | |
| 4. | പടിക്കമറ്റം വായനശാല | 50 | 8 | | |
| 5. | കാവുംകടവ് - ഒറ്റപ്പാലം | | | | 400 മീറ്റർ 14 അടി വീതി |
| 6. | പ്ലാക്കൽവാനിൻമണ്ഡപത്തിൽപാറ | 350 | 3 | | |
| 7. | പെരുനിലം ചാരാത്തുകടവ് പടിയ്ക്കമറ്റം500 | 4 | | | |
| 8. | വെട്ടുകല്ലുപുറ്റഭാഗം - നെടുങ്ങനാൽ കയം വാട്ടർടാങ്ക് | 700 | 4 | | |
| 9. | പുളിക്കക്കവല -ഇടക്കുഴി | 900 | 3.5 | | |
| 10. | പൂഞ്ഞാർ പള്ളിവാതിൽ ആറ്റുകടവ് | 70 | 6 | | |
| 11. | കണിയാംകുന്ന് - ഇടത്തിപ്പറമ്പ് | 50 | 3.0 | | |
| 12. | രക്ഷഭവൻ ആരാംപുളി മോതിരത്താനി റോഡ് | 950 | 6 | മൺ | പണിനടന്നുവരുന്നു. 8 മീറ്റർ. |
| 13. | കൊച്ചുവീട്ടിൽപടി പുളിക്കപ്പറമ്പ് | 400 | 14 | മൺ | വീതിയിൽ സറണ്ടർ ലഭിക്കും. |

## സ്വകാര്യ വഴികൾ

| നമ്പർ | റോഡ് - പേരുവിവരം | നീളം (മീറ്റർ) | വീതി (മീറ്റർ) | റോഡിൻെറ സ്വഭാവം | റിമാർക്ക് |
|---|---|---|---|---|---|
| 1. | കോന്തതാനി - തണ്ണിപ്പാറ | 210 | 3.5 | മൺറോഡ് | പഞ്ചായത്ത് ഏറ്റെടുത്ത് ടാർ ചെയ്യണം. |
| 2. | ബ്ലോക്കുകിണർ നെല്ലിക്കച്ചാൽ | 400 | 4 | മൺറോഡ് | പണി നടന്നുവരുന്നു. പൂർത്തിയായിട്ടില്ല. |
| 3. | കാരക്കാമ്പിൽവാതിൽ ഐക്കരത്തോട് | 300 | 2.5 | | |

# ഊർജ്ജം

നാൽപതുവർഷങ്ങൾക്കുമുമ്പ് 1956-ലാണ് പഞ്ചായത്തിൽ വൈദ്യുതി എത്തിച്ചേരുന്നത. കിഴക്കൻ മലയോരപ്രദേശത്ത് ആദ്യ കാലത്ത് സ്ഥാപിക്കപ്പെട്ട ട്രാൻസ്ഫോർമർ അന്ന് ഈ പഞ്ചായത്തിൽ പെട്ടിരുന്ന പൂഞ്ഞാർ പള്ളി വാതിൽ ഭാഗത്താണ് സ്ഥാപിതമായത്. ഇന്ന് പഞ്ചായത്തിൽ 5 ട്രാൻസ്ഫോർമറുകളും 1800 ഓളം വൈദ്യുതി കണക്ഷനുകളുണ്ട്. 65% വീടുകളും വൈദ്യുതീകരിക്കപ്പെട്ടവയാണ്. വൈദ്യുതീകരിക്കപ്പെടാത്ത വീടുകളിൽ ഭൂരിഭാഗവും നിർദ്ധനരുടേയും താഴ്ന്നവരുമാനക്കാരുടേയുമാണ്. കരിമല-മാളിക ഇരുട്ടുതോട് ഭാഗങ്ങളിൽ ഇനിയും വൈദ്യുതി എത്തിച്ചേർന്നിട്ടില്ല. ഡീസൽ- മണ്ണെണ്ണ പമ്പ് സെറ്റുകളാണ് ഈ ഭാഗത്ത് ഇന്നുംഉപയോഗിച്ചു വരുന്നത്. നിശ്ചയ ദാർഢ്യത്തോടെ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിലൂടെ മാത്രമെ എല്ലാ സ്ഥലത്തും എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിന് സാധ്യമാക്കുകയുള്ളു.

സംസ്ഥാനത്ത് മൊത്തം അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ അതീവ ഗുരുതരമാണ്.രാത്രി 7 മുതൽ 10 വരെയുള്ള സമയത്ത് ചന്ദനത്തിരികത്തുന്ന വെളിച്ചം മാത്രമാണ് പല ഭാഗത്തും ലഭിക്കുന്നത്. നിലവിലുള്ള സിംഗിൾഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കിയും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും വൈദ്യുതി ലൈനുകളിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി പ്രസരണനഷ്ടം കുറച്ചും ഒരു പരിധിവരെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണാനാകും. നിലവിൽ 480 ഓളം കണക്ഷൻ വരെ ഒരു ട്രാൻസ്ഫോർമറിൽ നിന്നായി നൽകിയിട്ടുണ്ട്. ട്രാൻഫോർമറുകളിലെ ഓവർലോഡ് അടിയന്തിരമായും നിയന്ത്രിക്കേണ്ടതാണ്. സംസ്ഥാനത്തിൻെറ ഇതരഭാഗങ്ങളെ അപേക്ഷിച്ച് വൈദ്യുതി ലൈനുകൾ പൂർണ്ണമായും വൃക്ഷങ്ങൾക്കിടയിലൂടെയാണ് ഈ പ്രദേശത്ത് കടന്നുപോകുന്നത്. ടളിംഗ് മൂലം കനത്ത പ്രസരണനഷ്ടം ഉണ്ടാകുന്നുണ്ട്. വൈദ്യുതി വിതരണ രംഗത്തെ അറ്റകുറ്റപ്പണിക ഇല. ബോർഡുതന്നെ നടത്തി വരുന്ന ഇന്നത്തെ സംവിധാനത്തിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുക അസാദ്ധ്യമാണ്. കാര്യക്ഷമമായ മാനേജ്മെൻറ് ആവശ്യമുള്ള ഈ രംഗത്ത് പഞ്ചായത്തിനു കൂടി പങ്കാളിത്തമുള്ള സംവിധാനമുണ്ടായാൽ മാത്രമേ കാര്യക്ഷമമായി പ്രവർത്തിക്കാനാകു. ഇതിനുള്ള നടപടി ഗവ. തലത്തിൽ സ്വീകരിക്കണം. ജനങ്ങളുടെ ജീവിതശൈലിയിലും ചിന്താരീതിയുലുമുണ്ടായ മാറ്റങ്ങൾ ഏറെപ്രതിഫലിക്കുന്നത് വൈദ്യുതി ഉപയോഗരംഗത്താണ്. പ്രവചനാതീതമായ വർദ്ധനവാണ് വൈദ്യുതി ഉപയോഗത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഉപയോഗം വർദ്ധിക്കുകയും ഉൽപാദനം വർദ്ധിക്കാതിരിക്കുകയും ചെയ്യുന്ന ഇന്നത്തെ അവസ്ഥയിൽ വോൾട്ടേജ്ക്ഷാമവും പവർകട്ടും അനിവാര്യമെങ്കിലും കാര്യക്ഷമമായ മാനേജ്മെൻറിലൂടെയും ഉപയോഗത്തിൽ സ്വയം നിയന്ത്രണം വരുത്തിയും ഒരു പരിധിവരെ ഈ പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്താനാകും.

പാചക ഇന്ധനമായി മുഖ്യമായും വിറകാണ് ഈ പ്രദേശത്ത് ഉപയോഗിച്ചുവരുന്നത്. പെട്രോളിയം, മണ്ണെണ്ണ, വൈദ്യുത സ്റ്റൗവുകൾ ഇവയുടെ ഉപയോഗം 10% ത്തിൽ താഴെ വീടുകളിൽ മാത്രമാണ്. ഒരു കിലോ വിറകിന് 1 രൂ 75 പൈസ യോളം ചിലവഴിക്കേണ്ടി വരുന്നു. കിലോ മീറ്ററുകൾ നടന്ന് എസ്റ്റേറ്റുകളിൽ നിന്നാണ് വിറക് ശേഖരിച്ചു വരുന്നത്. കനത്ത പ്രതിസന്ധി ഇന്ന് ഈ രംഗത്തുണ്ട്. പഞ്ചായത്തിലെ 25% വീടുകളിൽ കന്നുകാലി വളർത്തലുണ്ട്. ഇവരെ ഒറ്റയ്ക്കോ കൂട്ടായോ സംഘടിപ്പിച്ച് ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സഹായം നൽകിയാൽ പാചകഊർജ്ജപ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരംകണ്ടെത്താനാകും. മൃഗസംരക്ഷണവും ഊർജ്ജ ഉത്പാദനവും തമ്മിൽ ബന്ധിപ്പിക്കുന്നതിന് അടിയന്തിരമായും നടപടി ഉണ്ടാകണം.

<u>ആവശ്യങ്ങൾ</u>

പഞ്ചായത്തിൽ 5 ട്രാൻസ്ഫോർമറുകൾ നിലവിലുണ്ടെങ്കിലും കാര്യക്ഷമമായ വൈദ്യുതി വിതരണത്തിന് ഇവ പര്യാപ്തമല്ല. വോൾട്ടേജ് ക്ഷാമം രൂക്ഷമായുള്ള തണ്ണിപ്പാറ- പെരുനിലം- പുളിയ്ക്കപ്പാലം ഭാഗങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. ചേന്നാടുള്ള പുതിയ ട്രാൻസ്ഫോർമർ മർചാർജ് ചെയ്യണം.

തണ്ണിപ്പാറ- മണിയംകുന്ന്- വളതുക്ക്- മുക്കുഴി- വഴേക്കാ

ട്- ഉപ്പുകുളം- കൊച്ചുവളതൂക്ക്- കുരിശുപള്ളി മോതിരത്താനി- മണിയംകുളം പെരുനിലം ഭാഗങ്ങളിൽ നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീഫേസ് ലൈനുകളാക്കണം.

തണ്ണിപ്പാറ- അടയ്ക്കാപ്പാറ- മറ്റയ്ക്കാട്- നരിപ്പാറ- മണ്ഡപത്തിൽ പാറ- പാറമട തണ്ണീർമുക്ക് കോളനി- അരയത്തിനാൽ കോളനി- വടകരഭാഗം- രക്ഷാഭവൻ ആരംപുളിഭാഗം- കരിമല മാളിക ഇരുട്ടുതോട്- വളതൂക്ക് പേക്കാക്കുഴി ഭാഗം- മുക്കുഴി വാഴേക്കാട് ഭാഗം മണിയംകുന്ന് വളതൂക്ക് ഭാഗംതുടങ്ങിയ പ്രദേശങ്ങളിലും 4 വാർഡിലെ 100 ഓളം കുടുംബങ്ങളിലുമാണ് പ്രധാനമായും വൈദ്യുതി എത്തിചേരാത്തതായുള്ളത്. ഈ ഭാഗങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിന് അടിയന്തിരനടപടിയുണ്ടാക്കണം.

പൂഞ്ഞാർ പള്ളിവാതിൽ- വെള്ളിയേപ്പള്ളി കണ്ടം ജംഗ്ഷൻ- ബാങ്കുപടി- പൂഞ്ഞാർ പുരവാതിൽ തണ്ണിപ്പാറ റോഡ് ജംഗ്ഷൻ മധുരമീനാക്ഷി ക്ഷേത്രം കടവ്- പെരുനിലം-വളതൂക്ക്- ചേന്നാട്- കാവുകടവ്- മറ്റയ്ക്കാട്- പനച്ചിപ്പാറ ടൗൺ തുടങ്ങിയ പഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കണം.

പഞ്ചായത്തിൽ 142 സ്ട്രീറ്റ് ലൈറ്റുകൾ നിലവിലുണ്ടെങ്കിലും പകുതിയിലേറെയും കത്താത്ത അവസ്ഥയിലാണ്. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ സ്ഥിരമായി പ്രവർത്തനക്ഷമമാക്കുകയും പഞ്ചായത്ത് റോഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും വേണം.

<u>നിർദ്ദേശങ്ങൾ</u>

വേണ്ടത്താനം അരുവിയിൽ മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് സ്ഥാപിക്കണം.

തണ്ണിപ്പാറ- അടയ്ക്കാപ്പാറ- കരിമല മാളിക- കൊണ്ടാടുകുന്ന് ഭാഗങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കണം.

വൈദ്യുതി എത്താത്തതും എത്തിക്കാൻ വിഷമമുള്ളതുമായ പ്രദേശങ്ങളിൽ അടിയന്തിരമായും സൗരോർജ്ജപദ്ധതി നടപ്പിലാക്കണം.

പഞ്ചായത്തിൽ ഇലക്ട്രിസിറ്റി ഓഫീസ് സ്ഥാപിക്കണം. ബില്ലിംഗ് യൂണിറ്റ് അടിയന്തിരമായും സ്ഥാപിക്കണം.

പ്രവർത്തനരഹിതമായ മീറ്ററുകൾ മാറ്റി പ്രവർത്തനക്ഷമമായ മീറ്ററുകൾ സ്ഥാപിക്കണം.

ഗാർഹികാവശ്യത്തിനു വേണ്ട ഗ്യാസുകളുടെ ലഭ്യത ഇന്നു ദുഷ്കരമാണ്. സുഗമമാക്കാൻ നടപടി ഉണ്ടാകണം.

കാലിവളർത്തുന്ന കുടുംബങ്ങളെ കൂട്ടിച്ചേർത്ത് സഹകരണാടിസ്ഥാനത്തിൽ ഗോവർ ഗ്യാസ് പ്ലാൻറുകൾ ഉണ്ടാക്കുക. തണ്ണിപ്പാറ പോലെ അടുത്തടുത്ത കുടുംബങ്ങളുള്ള മേഖലയിൽ ഇത് ഏറെ പ്രയോജനകരമായിരിക്കും.

റബർറോളർ പുരകളോട് അനുബന്ധിച്ച് ഗ്യാസ് ഉൽപാദിപ്പിക്കാനുള്ള പ്ലാൻറ് സ്ഥാപിക്കുക. ഇവിടെയും കുടുംബങ്ങൾ തമ്മിലുള്ള സഹകരണം ഉറപ്പാക്കുക.

വീടുകളിൽ നിന്നും പുറംതള്ളുന്ന ഉഛിഷ്ടങ്ങൾ ചപ്പുചവറുകൾ എന്നിവയിൽ നിന്നും കുക്കിംഗ് ഗ്യാസ് ഉണ്ടാക്കാൻ കഴിയുന്ന പ്ലാൻറുകൾ സ്ഥാപിക്കണം.

ഇന്ധനലാഭമുള്ള (വിറകിൻെറ ഉപയോഗം കുറയ്ക്കുന്ന) അടുപ്പുകൾ സ്ഥാപിക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുക.

# മാർക്കറ്റ്

2600 ഓളം കുടുംബങ്ങളും 12,000 ത്തോളം ജനങ്ങളുമുള്ള നമ്മുടെ പഞ്ചായത്ത് വക മാർക്കറ്റോ- സ്ലോട്ടർ ഹൗസുകളോ- മീറ്റ് സ്റ്റാളുകളോ- ഫിഷ് സ്റ്റാളുകളോ നിലവിലില്ല. സാധനങ്ങൾ വാങ്ങുന്നതും വില്ക്കുന്നതും സ്വകാര്യകച്ചവടസ്ഥാപനങ്ങൾ വഴിയാണ്. പൊതുമാർക്കറ്റുകളിൽ സാധാരണയായി വില്ക്കപ്പെടുന്ന പച്ചക്കറികൾ- മുട്ടാ മത്സ്യം ഇവയൊന്നും ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നില്ല. അന്യനാടുകളിൽ നിന്നെത്തുന്ന ഇവയെല്ലാം സ്വകാര്യകച്ചവടസ്ഥാപനങ്ങൾ വഴി വിറ്റഴിക്കപ്പെട്ടു വരുന്നു. കാർഷികോല്പന്നങ്ങൾ പൂർണ്ണമായും നാണ്യവിളകളായതിനാൽ പൊതുമാർക്കറ്റുകളിൽ വില്ക്കപ്പെടാവുന്ന അവസ്ഥയിലല്ല. സാധനങ്ങൾ വിലപേശി വില്ക്കുകയും വാങ്ങുകയും ചെയ്യുന്ന സമ്പ്രദായം നിലവിലില്ല. അതിനുള്ള സൗകര്യവും ലഭ്യമല്ല. പരിമിതികളുണ്ടെങ്കിലും മാർക്കറ്റുകൾ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലങ്ങളിൽ പഞ്ചായത്ത് സ്ഥലം ലഭ്യമെങ്കിൽ മാർക്കറ്റുകൾ നിർമ്മിച്ച് ലേലം ചെയ്തു കൊടുക്കേണ്ടതാണ്. പഞ്ചായത്തിന് സ്ഥിരമായ വരുമാനവും ഇതിൽ നിന്ന് ലഭ്യമാകുന്നതാണ്.

11 (പതിനൊന്ന്) മീറ്റ് സ്റ്റാളുകൾ പഞ്ചായത്തിൽ നിന്നും ലേലം ചെയ്തു കൊടുത്ത് പ്രവർത്തിക്കുന്നുണ്ട്. 13.5 ടണ്ണോളം മാംസം ഈ സ്റ്റാളുകൾ വഴി ഒരു വർഷം പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. നിയമനിർമ്മണ നടത്തിപ്പ് സംവിധാനത്തിൻെറ ഭാഗമായ പഞ്ചായത്തുകൾ( എല്ലാ പഞ്ചായത്തുകളും) ഒരു ഭാഗത്ത് നിയമം നടപ്പാക്കുമ്പോൾ മറുഭാഗത്ത് സ്വന്തം നിയമം ലംഘിക്കുന്നത് ഈ രംഗത്താണ്; മീറ്റ് സ്റ്റാളുകളുടെ പ്രവർത്തനത്തിൽ. സ്ലോട്ടർ ഹൗസ്-മീറ്റ് സ്റ്റാൾ ഇവ സംബന്ധിച്ച് പഞ്ചായത്തുരാജ് ആക്ടിലെ വ്യവസ്ഥകൾക്ക് കടകവിരുദ്ധമായാണ് മീറ്റ്സ്റ്റാളുകൾ പ്രവർത്തിച്ചു വരുന്നത്. സ്ലോട്ടർ ഹൗസുകൾ ഏർപ്പെടുത്തിക്കൊടുക്കാതെ ലേലത്തുക മാത്രം കണക്കാക്കുന്ന പഞ്ചായത്തുകൾ മൃഗങ്ങളെ എവിടെ കൊല ചെയ്യുന്നു എന്നകാര്യത്തിൽ അജ്ഞത നടിക്കുന്നു. ഫലമോ പരിഷ്കൃത സമൂഹത്തിന് യോജിക്കാത്തവിധം തിരക്കേറിയ വഴിയോരങ്ങളിലെ മീറ്റ് സ്റ്റാളുകളിൽ തന്നെ മൃഗങ്ങൾ കൊല ചെയ്യപ്പെടുന്നു. മാംസത്തിൻെറ മേന്മയ്ക്കൊരു തെളിവായി മൃഗങ്ങളുടെ ശിരസുകൾ മീറ്റ് സ്റ്റാളുകളിൽ പ്രദർശിപ്പിക്കപ്പെടുന്നു. രക്തം വാർന്നൊഴുകുന്ന മാംസഭാഗങ്ങളും തൂക്കി പ്രദർശിപ്പിച്ചുവരുന്നു. നിയമവും മറ്റെല്ലാ മാനദണ്ഡങ്ങളും മറികടന്ന് പഞ്ചായത്തുകളിൽ മാംസവ്യാപാരം നടന്നു വരുന്നു. ഇതിനൊരറുതി വരുത്തണമെങ്കിൽ പഞ്ചായത്തു സ്ലോട്ടർ ഹൗസ്- മീറ്റ് സ്റ്റാളുകൾ സംബന്ധിച്ച നിയമവ്യവസ്ഥകൾ നടപ്പാക്കിയേ പറ്റൂ. വ്യവസ്ഥകളനുസരിച്ചുള്ള മീറ്റ് സ്റ്റാളുകളും സ്ലോട്ടർ ഹൗസുകളും പഞ്ചായത്തുതന്നെ നിർമ്മിച്ച് ലേലം ചെയ്തു നൽകണം.

ജനകീയ ആസൂത്രണത്തിൻെറ ഈ കാലത്തെങ്കിലും ഇതിനുള്ള നടപടികൾ അടിയന്തിരമായും ചെയ്യേണ്ടിയിരിക്കുന്നു.

<u>നിർദ്ദേശങ്ങൾ</u>

1. പൊതുമാർക്കറ്റ് പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ഉണ്ടാകണം. സസ്യമാംസ മാർക്കറ്റുകൾ ആരോഗ്യമായ സാഹചര്യത്തിലും പരിസ്ഥിതി മലിനീകരണം ഉണ്ടാകാത്ത വിധത്തിലും സുരക്ഷിത സ്ഥാനങ്ങളിൽ പ്രവർത്തിക്കണം.

2. ആഴ്ച ചന്തകൾ ഉണ്ടാകണം.

3. വിലനിലവാര പരിശോധനാ സംവിധാനം ഉണ്ടാകണം.

4. സ്ലോട്ടർ ഹൗസുകൾ നിർമിച്ച് ലേലം ചെയ്തു കൊടുക്കണം.

# 5. 7

# സാമൂഹ്യക്ഷേമം പാർപ്പിടം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്രനിർമ്മരാജ്ജന പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

കേന്ദ്ര- സംസ്ഥാനഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര നിർമ്മർജ്ജന പദ്ധതിയും തൊഴിലാഴി- തൊഴിലുടമ സഹകരണ ത്തോടെ ക്ഷേമനിധിബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയു മായി രണ്ടായി തരംതിരിക്കാം. ഈ പദ്ധതികൾക്കുപുറമെ പട്ടി കജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതികളിൽ നിന്നും വലിയ തോതിലല്ലെങ്കിലും ദാരിദ്ര്യനിർമ്മാർ ജ്ജനത്തിനുള്ള സഹായങ്ങൾ പഞ്ചായത്തിനു ലഭ്യമാകുന്നുണ്ട്. നാമമാത്രമായ മറ്റു പദ്ധതികളും ജനങ്ങൾ ഉപയോഗപ്പെടുത്തുന്നു.

നിലവിലുള്ള പദ്ധതികളുടെ അപകര്യാപ്ത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹത പ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽ ക്കരണക്കുറവ്; ആവശ്യത്തിനും സമയത്തിനും ലഭിക്കായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടതാണ്.

ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം കാര്യമായിട്ടില്ല. പഞ്ചായത്തിൽ കർഷക തൊഴിലാളികൾ, കെട്ടി ടനിർമ്മാണതൊഴിലാളികൾ, റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ, തയ്യൽ , ബാർബർ തൊഴിലാളികൾ എന്നിവർ ഉണ്ടെങ്കിലും വളരെക്കുറച്ചുപേർ മാത്രമേ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടു ള്ളൂ.

പട്ടികജാതി വികസന കോർപ്പറേഷൻ മുഖേനയുള്ള ആനു കൂല്യങ്ങൾ ലഭിക്കുന്നത് പരിമിതമാണ്. വനിതാ വികസന കോർ പ്പറേഷനെ സംബന്ധിച്ച് സാധാരണ സ്ത്രീകൾക്ക് യാതൊരു അറിവും ഇല്ല എന്നതാണ് യഥാർത്ഥ്യം. വനിതകൾക്ക് അന്യ മാണ് ഈ കോർപ്പറേഷൻ എന്ന് പഞ്ചായത്തിനെ വിലയിരുത്തു മ്പോൾ മനസ്സിലാക്കാവുന്നതാണ്.

സാമൂഹ്യ ക്ഷേമരംഗത്ത് പഞ്ചായത്തിൽ കാര്യമായി സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസിനു താഴെയുള്ള വില്ലേജ് എക്റ്റൻഷൻ ഓഫീസ് മുഖേനയാണ്. ഇങ്ങനെ ലഭിച്ച പദ്ധതികളെ സംബന്ധിച്ച് ശരിയാ യി വിവരം ലഭിക്കണമെങ്കിൽ ഗുണഭോക്താക്കളിൽ നിന്നും ശേഖരിക്കേണ്ടിയിരിക്കുന്നു.

95-96 I.R.D.P. സർവ്വേ പ്രകാരം അർഹരായവർ 830 കുടും

ബങ്ങളാണുള്ളത്. 8 വാർഡുകളിലായി ആകെയുള്ള 2610 കുടുംബങ്ങാം ഉള്ളതിൽ 32% കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഇതിൽ 3 ശതമാനം SC-ST ആണ്. I.R.D.P വായ്പ ലഭിച്ചിട്ടുള്ളവരുടെ വിവരം പട്ടിക രൂപത്തിൽ താഴെകൊടുക്കുന്നു.

| Year | Sc-St | General | Total |
|---|---|---|---|
| 92-93 | 6 | 28 | 34 |
| 93-94 | 5 | 20 | 25 |
| 94-95 | 3 | 22 | 25 |
| 95-96 | 4 | 20 | 24 |
| 96-97 | 3 | 22 | 25 |
| ആകെ | 21 | 112 | 133 |

കഴിഞ്ഞ അഞ്ചുവർഷങ്ങളായി 133 കുടുംബങ്ങാംക്ക് മാത്രമാണ് IRDP ആനുകൂല്യം ലഭിച്ചിരിക്കുന്നത്. 96- 97- ഒഴികെയുള്ള 4 വർഷങ്ങളിലായി 7,04,569 രൂപ നൽകിയതിൽ 3,24,527 രൂപ സബ്സിഡി ആയി ലഭിച്ചിട്ടുള്ളതാണ്. ഇങ്ങനെ ആനുകൂല്യം ലഭിച്ചവരിൽ 80-85 ശതമാനത്തോളം കുടുംബങ്ങാം ദാരിദ്ര്യരേഖക്ക് മുകളിലായതായിട്ടാണ് കണക്കുകാം കാണിക്കുന്നത്.

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങളിൽ നിന്നും ഈ പദ്ധതിയെ സംബന്ധിച്ചുള്ള പോരായ്മകാം നാം മനസ്സിലാക്കേണ്ടതാണ്. അതിനുള്ള നിർദ്ദേശങ്ങാം താഴെകൊടുക്കുന്നു.

ഈ പദ്ധതിയെക്കുറിച്ചുള്ള നിർവചനം കാലോചിതമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ദാരിദ്ര്യരേഖയുടെ പരിധി നിലവിലുള്ള 11400 രൂപയിൽ നിന്നും ഉയർത്തണം. ദേശസാൽകൃതബാങ്കുകാം ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതകാം കാണിക്കുന്നുണ്ട് സഹകരണ മേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് ഈ ബാങ്കുകാം ഈ മേഖലയിലെ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ സംസ്ഥാനസഹകരണബാങ്കുകളെക്കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാനുള്ള നടപടികളും സ്വീകരിക്കണം. ഗുണഭോക്താക്കളെ കണ്ടെത്താനുള്ള ജനകീയ സർവ്വെ വർഷം തോറും നടത്തുന്നത് കൂടുതൽ ഗുണകരമാണ്.

## DWCRA സഹായലഭ്യത

| Year | No. of unit | No. of Person | Unit | Remark |
|---|---|---|---|---|
| 92-93 | - | - | - | - |
| 93-94 | - | - | - | - |
| 94-95 | 1 | 10 | ആടുവളർത്തൽ പപ്പട നിർമ്മാണം | Working |
| 95-96 | 1 | 10 | ഡയറി പശു വളർത്തൽ | " |

കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ആകെ 20 പേർക്ക് മാത്രമാണ് ഈ സഹായം ലഭിച്ചിട്ടുള്ളത്. ആയതിനാൽ ഈ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ട്രൈസം.

| Year | Trade | No. | Sc. St. |
|---|---|---|---|
| 91-92 | Embroidery | 6 | - |
| 92-93 | Automobile | 1 | - |
| | Embroidery | 6 | - |
| 93-94 | Radio-TV Mechanism | 1 | 1 |

91-92 മുതൽ 95-96 വരെ പഞ്ചായത്തിൽ ആകെ 14 പേർക്കാണ് ഈ ആനുകൂല്യം ലഭിച്ചിരിക്കുന്നത്. ഇതുവഴി പരിശീലനം ലഭിക്കുന്നവർക്ക് തുടർന്ന് യോഗ്യത അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല എന്നത് ഈ പദ്ധതിയുടെ പോരായ്മ ആണ്.

കൂടാതെ വളരെ കുറച്ചുപേർക്കുമാത്രമേ പരിശീലനം നൽകാൻ സാധിക്കുന്നുള്ളു. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കിട്ടുന്നില്ല എന്ന പരാതി ഉദ്യോഗസ്ഥരിൽ നിന്നുണ്ട്. അത് പരിഹരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാന്മാരാക്കാൻ യുവജനസംഘടനകൾക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ കഴിയും.

## CRSP

| Year | No. | Sc | St. |
|---|---|---|---|
| 93-94 | 9 | - | 1 |
| 94-95 | 5 | 2 | - |
| 95-96 | 9 | - | - |
| 96-97 | 4 | - | - |

ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന ഈ പദ്ധതിപ്രകാരം 93-94 മുതൽ 96-97-വരെ ഈ പഞ്ചായത്തിൽ 27 പേർക്കാണ് ഈ ആനുകൂല്യം ലഭിച്ചിട്ടുള്ളത്. ഓരോ വർഷങ്ങളിലായി ചുരുങ്ങിയ ആളുകൾക്ക് മാത്രമേ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളു. കൂടുതൽ ആളുകൾക്ക് ലഭ്യമാക്കുകയും സഹായത്തുക വർദ്ധിപ്പിക്കുകയും ചെയ്യണം.

### വില്ലേജ് ഓഫീസ് വഴിയുള്ള ക്ഷേമപദ്ധതികൾ.

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂവകുപ്പ് പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്. അർഹരമായ മുഴുവൻപേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്ന് മാത്രമല്ല അനർഹരായ ആളുകൾ ഈ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതും ഈ ക്ഷേമപദ്ധതികൾ വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നതാണ്. നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ലെന്നുള്ളത് വലിയ പ്രശ്നം തന്നെ ആണ്. ആയതിനാൽ ഈ ആനുകൂല്യങ്ങൾക്ക് ആളുകളെ തിരഞ്ഞെടുക്കുന്നതിനും അത് നൽകുന്നതിനുമുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്കാകണം.

വിധവാപെൻഷൻ പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ലഭിക്കുന്നില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കണം.

### പെൻഷൻ ഗുണഭോക്താക്കളുടെ വിവരം

| വിധവാപെൻഷൻ | വികലാംഗപെൻഷൻ | വാർദ്ധക്യകാലപെൻഷൻ | ക്ഷയരോഗപെൻഷൻ | ക്യാൻസർരോഗിപെൻഷൻ | കർഷകതൊഴിലാളിപെൻഷൻ | തൊഴിലില്ലായ്മവേതനം |
|---|---|---|---|---|---|---|
| 37 | 13 | 14 | | | | |

വികലാംഗപെൻഷൻ രജിസ്റ്റർ ചെയ്യപ്പെട്ട വളരെ അധികം ആളുകൾക്ക് ലഭിച്ചിട്ടില്ല.

### ക്ഷേമനിധി

കർഷകതൊഴിലാളി ക്ഷേമനിധിയിൽ ഏതാണ്ട് 300 ഓളം ആളുകൾ ഈ പഞ്ചായത്തിൽ അംഗങ്ങളായിട്ടുണ്ട്. ഈ പദ്ധതിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നില്ലെന്നുള്ളത് ഒരു പോരായ്മ ആണ്. മാത്രമല്ല ഈ പദ്ധതിയിൽ പണം അടക്കുന്നവർക്ക് 60 വയസ്സ് കഴിഞ്ഞാൽ നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള ആനുകൂല്യങ്ങളും പെൻഷനും ലഭിക്കുന്നില്ല. ഇതിനുമാറ്റം വരുത്തി നടപടികൾ സ്വീകരിക്കാൻ താമസം ഉണ്ടായിക്കൂടാ. ഇതിന്റെ ഓഫീസുകൾ താലൂക്ക് തലത്തിൽ ഉണ്ടാകേണ്ടതും അത്യാവശ്യമാണ്.

### കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധി

കെട്ടിടനിർമ്മാണരംഗത്ത് തൊഴിൽ ചെയ്യുന്ന വളരെയധികം ആളുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും കുറച്ചുപേർമാത്രമേ ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളു. ബാക്കി മുഴുവൻ തൊഴിലാളികളേയും ഈ പദ്ധതിയിൽ അംഗങ്ങളാക്കാനും മുടക്കം കൂടാതെ ക്ഷേമനിധിയിൽ പണം അടക്കുന്നതിനും വേണ്ടി മുഴുവൻ തൊഴിലാളികളേയും വിളിച്ചു ചേർത്ത് ബോധവാന്മാരാക്കേണ്ടതുണ്ട്.

കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരംകയറ്റക്കാർ, ബീഡി ത്തൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയറന്മാർ, തേങ്ങാവെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും ഈ മേഖലയിലെ തയ്യൽ, ബാർബർ തൊഴിലാ ളികളിൽ കുറച്ചുപേർ മാത്രമേ ഇതിൽ അംഗങ്ങളായിട്ടുള്ളു.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും അർഹരായവർക്ക് ലഭ്യമാക്കാ നും പഞ്ചായത്തുതലത്തിൽ ഒരു സെൽ രൂപീകരിക്കണം. അതതു ഗ്രാമസഭകൾ അതിനു കീഴെ അമ്പതോ നൂറോ വീടുകൾ ഉൾക്കൊ ള്ളുന്ന അയൽക്കൂട്ടക്കമ്മറ്റികൾ രൂപികരിച്ച് സജീവമായി പദ്ധതി കളെ സംബന്ധിച്ച ബോധവൽക്കരണവും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാവുന്നതിനുവേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വേണം.

# പാർപ്പിടം

വിദ്യാഭ്യാസരംഗത്തും സംസ്കാരികരംഗത്തും വളരെ മുന്നിൽ നിൽക്കുന്ന ഈ പഞ്ചായത്ത്, പൂഞ്ഞാർ തെക്കേക്കര, പൂഞ്ഞാർ നടുഭാഗം, ഈരാറ്റുപേട്ട എന്നീ വില്ലേജുകളിലായിട്ടാണ് സ്ഥിതി ചെയ്യുന്നത്.

ഇടത്തരം കർഷകരും, നാമമാത്രമായി വൻകിടകർഷകരും, ദരിദ്രകർഷകരും, കർഷകത്തൊഴിലാളികളും കുറച്ച് സർക്കാർ ജീവനക്കാരും മറ്റു പല രംഗങ്ങളിൽ തൊഴിലെടുക്കുന്ന ആളു കളും ആണ് ഈ പഞ്ചായത്തിൽ അധിവസിക്കുന്നത്. സാമ്പത്തി കമായി പണക്കാരുടെ നിർവചനത്തിൽ പെടുത്താവുന്ന ആളുകൾ വിരളമാണ്. സാമാന്യം ഭേദപ്പെട്ട വീടുകളാണ് ഭൂരിപക്ഷവും. വിരലി ലെണ്ണാവുന്ന വലിയ കോൺക്രീറ്റ് സൗധങ്ങൾ ഇല്ലാതില്ല.

കൂലിപ്പണി എടുത്ത് ഉപജീവനം നടത്തുന്ന കൂടുതലാ ളുകൾ താമസിക്കുന്ന ഈ പഞ്ചായത്തിൽ കുടിലുകളും വാസ യോഗ്യമല്ലാത്ത (പ്രകൃതിക്ഷോഭത്തെ അതിജീവിക്കാൻ കഴി യാത്ത) ഒട്ടേറെ വീടുകളും ഉണ്ട്.

പട്ടിക നമ്പർ.1

പഞ്ചായത്തിലെ 2610 വീടുകളിൽ 1750 വീടുകൾ ഭേദ പ്പെട്ടതും 305 വീടുകൾ ഇടത്തരവും ബാക്കി 555 വീടുകൾ വാസ യോഗ്യമല്ലാത്തതോ കുടിലുകളോ ആണ്. തച്ചുശാസ്ത്രപ്രകാരം വീടുകൾ നിർമ്മിച്ചിരുന്ന സ്ഥാനത്ത് ഇന്ന് എഞ്ചിനീയറിംഗിലൂ ടെയുള്ള നിർമ്മാണരീതി ആണുള്ളത്. അറയും നിറയും നാലു കെട്ടും മറ്റുമുള്ള തടികളാൽ നിർമ്മിതമായിരുന്ന വീടുകൾക്കു പകരമായി ഇന്ന് കോൺക്രീറ്റുവീടുകളും, ഷീറ്റുകൊണ്ടുള്ളവയു മാണ് കൂടുതലായി നിർമ്മിച്ചുവരുന്നത്. ഇതിന് ഒരു പ്രധാനകാ രണം ആവശ്യത്തിനനുസരിച്ച് തടികൾ ലഭിക്കാനുള്ള കുറവും തടിയുടെ അമിതമായ വിലകയറ്റവും ആണ്.

ഭവനനിർമ്മാണരംഗത്ത് ആശ്രയിക്കുന്ന സ്ഥാപനങ്ങൾ ഈരാറ്റുപേട്ട ഹൗസിങ്ങ് സൊസൈറ്റി, കാർഷിക വികസനബാങ്ക് ഈരാറ്റുപേട്ടശാഖ, ജില്ലാ സഹകരണ ബാങ്ക് ഈരാറ്റുപേട്ട ശാഖ, മീനച്ചിൽ ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവയാണ്. എന്നാൽ അമിതമായ പലിശയും സങ്കീർണമായ ജാമ്യ വ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഈ ഭവന വായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്ക രീതിയിൽ വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. അതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായിസ്വീകരിച്ച് വായ്പ ലഭ്യമാക്കുക.

2. പലിശ നിരക്ക് കുറക്കുക.

3. പ്ലോട്ട് അടിസ്ഥാനത്തിൽ തവണവ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ചുനൽകുക.

ഈ പഞ്ചായത്തിൽ 555 കുടുംബങ്ങളും സ്വന്തമായി വീടി ല്ലാത്തവരാണെന്നിരിക്കെ സർക്കാർ ഏജൻസികൾ മുഖേന കഴിഞ്ഞ കാലഘട്ടങ്ങളിൽ പഞ്ചായത്തിൽ ലഭ്യമായ വീടുകളുടെ എണ്ണം വളരെ കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു. സർക്കാർ ഭവനനിർമ്മാണബോർഡുവഴി ദുർബല ഇടത്തര വിഭാ ഗങ്ങൾക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ വളരെക്കുറച്ചാളുകൾക്കേ ലഭിക്കുന്നുള്ളു.

ദുർബല വിഭാഗങ്ങൾക്ക് വീട് വയ്ക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കി പണിയാനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമല്ലാത്തതിനാൽ ഈ വിഭാ ഗക്കാർക്ക് പൊതുവെ പൊതുപ്രവർത്തനത്തിൽ ഉത്സാഹക്കുറവു

കാണുന്നു. ജനകീയ ആവശ്യങ്ങളിൽ വളരെ സ്വാധീനം ചെലുത്തുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിൻെറ പ്രത്യുൽപാദന രംഗങ്ങളിൽ ആത്മാർത്ഥതയോടെയും, ഉത്സാഹത്തോടെയും സമസ്തജനവിഭാഗങ്ങളേയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

പട്ടിക നമ്പർ. 2

വിവിധ സ്കീമിലൂടെ നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ......കാലയളവുകൾ.......വരെ......വീടുകൾ ആണ് എന്ന് കണക്കുകൾ കാണിക്കുന്നു. ഭവനനിർമ്മാണ ബോർഡുവഴി ദുർബല വിഭാഗക്കാർക്ക് നൽകുന്ന സഹായങ്ങളും വായ്പയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം, കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധന എന്നിവ നിമിത്തം പാവപ്പെട്ടവൻെറ സ്വന്തമായ വീട് എന്ന ആഗ്രഹം വെറും ആഗ്രഹമായി ശേഷിക്കവെ കിട്ടിയ ആനുകൂല്യങ്ങൾ കൊണ്ട് വീട് നിർമ്മിക്കുവാനും പണി പൂർത്തിയാക്കുവാനും കഴിയാത്ത അവസ്ഥയാണുള്ളത്.

85-86 കാലഘട്ടത്തിൽ വിദഗ്ദ്ധതൊഴിലാളികൾ എന്നറിയപ്പെടുന്ന മേസ്തിരിക്ക് 55-60 രൂപയും അവിദഗ്ദ്ധ തൊഴിലാളികൾ അല്ലെങ്കിൽ മൈക്കാടിന് 35-40 രൂപയും ഉണ്ടായിരുന്നസ്ഥാനത്ത് 92-93 വർഷങ്ങളിൽ 80-90 ആയും 65-70 ആയും 94-കാലയളവിൽ 100-110 ആയും 70-80 ആയും 95-96 ൽ കുത്തനെ ഉയർന്ന് 130-160 ആയും 100-125 ആയും വർദ്ധിച്ചിരിക്കുന്നു. സ്ത്രീ തൊഴിലാളികളിൽ വിദഗ്ദ്ധതൊഴിലാളികളായി ആരും കാണുന്നില്ല.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമൻറിന് 87-88 കാലത്ത് 70 രൂപയും 89-ൽ 100 ആയും 92-94 വർഷങ്ങളിൽ 150 ആയും 95-96ആയപ്പോഴേക്ക് 180-200 രൂപ വരെ എത്തി നിൽക്കുന്നു. 87-88 ൽ ഒരു കിലോഗ്രാം കമ്പിക്ക് 13 രൂപ ആയിരുന്നത് 96-ൽ 16.50 രൂപ ആയിട്ടുണ്ട്. 87-88 ൽ ഒരു ലോഡ് കരിങ്കല്ലിന് 250-275 രൂപയുണ്ടായിരുന്നത് 95-96 ആയപ്പോൾ 650-700 രൂപയിലെത്തി നിൽക്കുന്നു. എല്ലാത്തരം ഓടിൻേറയും ഇഷ്ടികളുടേയും വിലയിലും ഇതേരീതിയിൽ ക്രമാതീതമായ വർദ്ധനവുണ്ടായിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിന് അത്യാവശ്യമായ മണൽ ലഭിക്കുന്നത് ഇന്നൊരു വലിയ പ്രശ്നമായിരിക്കുകയാണ്. നദികളിലേയും മറ്റും മണൽ വാരുന്നതിൽ നിബന്ധനകൾ ഏർപ്പെടുത്തിയിരിക്കുന്നതും അതുപോലെ മണലിന് ഗ്രാമപഞ്ചായത്ത്, താലൂക്ക് തുടങ്ങിയ ഓഫീസുകൾ നികുതിയായോ ലേലത്തിനോ കൊടുക്കുന്നതും കാരണം വമ്പിച്ച വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 88-89 വർഷത്തിൽ ഒരു ലോഡ് മണലിന് 350-400 രൂപയായിരുന്നത് 92-94 ൽ 650-700 ആയും ഇപ്പോൾ അത് 1200- 1250 ആയി വർദ്ധിച്ചിരിക്കുന്നു.

കൂലിനിരക്കിലെയും അതിനെക്കാൾ നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽക്കുന്ന സഹായങ്ങളും വായ്പകളുമായി ബ്ലോക്കുവഴി നൽക്കുന്ന RLEGP, NREP,IAY,JRY,MWS എന്നീ പദ്ധതികളുടെ വായ്പാ പരിധിയും രാജീവ് ദശലക്ഷപാർപ്പിട പദ്ധതിയുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കുകയും വായ്പക്കുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുമാണ്.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കലും ഭവനരഹിതർക്ക് വീട് നിർമ്മിച്ചു നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ നൽക്കുന്ന സഹായങ്ങളും വായ്പകളും ഈ പഞ്ചായത്തിലെ പാർപ്പിടപ്രശ്നം പരിഹരിക്കാൻ കഴിയില്ലെന്ന് അനുഭവം നമ്മെ അറിയിക്കുന്നുണ്ടല്ലോ. അതിനാൽ പഞ്ചായത്തുതലത്തിലോ കഴിയുമെങ്കിൽ വാർഡുതലത്തിലോ ഉള്ള ഒരു ബൃഹത്തായ പദ്ധതി ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനായി വാർഡുതലത്തിലോ പഞ്ചായത്തുതലത്തിലോ ഗുണഭോക്താക്കളേയും സന്നദ്ധ സംഘടനകളേയും സംയുക്തമായി വിളിച്ചു ചേർത്ത് ഗുണഭോക്താക്കൾക്ക് എത്രരൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി നിലവിലുള്ള ഫണ്ടിനുപുറമെ സാധനങ്ങളും അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണേണ്ടതാണ്. പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ ലേബറർ വരെ ഉള്ളവരെ സംഘത്തിലൂടെ സപ്ലൈചെയ്യുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലെത്തിക്കുന്ന ഏജൻസിയായി ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

2. കെട്ടിടനിർമ്മാണസാമഗ്രികളുടെ വിതരണത്തിൽ

സിവിൽ സപ്ലൈയിസ് ഇടപ്പെടുക. (സിമൻറ്, കമ്പി മുതലായവ.)

3. സർക്കാർ വഴി ലഭ്യമാക്കുന്ന വായ്പകളും ഭവനനിർമ്മാണ ബോർഡിൽ നിന്നുള്ള വായ്പകളും പഞ്ചായത്തുകളിലൂടെ വിതരണം ചെയ്യുക. ഇതിനായുള്ള അപേക്ഷാഫാറം രജിസ്റ്ററാപ്പീസുകളിലെ സർട്ടിഫിക്കറ്റുകൾ സ്റ്റേറ്റ് സർട്ടിഫിക്കറ്റുകൾ എന്നിവ ഗ്രാമപഞ്ചായത്തു വഴി നൽക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് ഇടപെടുക.

4. ചിലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽക്കുക.

5. പ്രകൃതിക്ഷോഭ പുനഃരധിവാസ പദ്ധതി രാജീവ് ദശലക്ഷപാർപ്പിട പദ്ധതി, RLEGP,NREP,JRY,MWS,IAY തുടങ്ങിയ പാർപ്പിട പദ്ധതികളുടെ ധനസഹായം നിലവിലുള്ളതിൽ നിന്നും വർദ്ധിപ്പിക്കുക.

6. സർക്കാർ ഏജൻസികൾ വഴിയും ഭവനനിർമ്മാണ ബോർഡുവഴിയും ലഭിക്കുന്ന വായ്പകളുടെ കൃത്യമായ രേഖകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുക.

ഭവനരഹിതരുടെ പ്രശ്നം പൂർണ്ണമായി പരിഹരിക്കണമെങ്കിൽ മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ പ്രകാരം വീട് ലഭ്യമാക്കുകയും അതോടൊപ്പം ഭൂരഹിതരായ ആളുകൾക്ക് പഞ്ചായത്തു പുറംപോക്കോ മിച്ചഭൂമിയോ ഒന്നും ഇല്ലാത്ത സ്ഥിതിക്ക് ഭൂമി വിലക്ക് വാങ്ങി വീടുകൾ നിർമ്മിച്ചു കൊടുക്കാൻ LIC പോലുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശക്ക് വായ്പ ലഭ്യമാക്കി വീടിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ നിർമ്മിതി കേന്ദ്രങ്ങളെപ്പോലുള്ള ഏജൻസികളെ ഏൽപ്പിക്കുകയും ഗുണഭോക്താക്കളുടെയും സന്നദ്ധസംഘടനകളുടേയും പരമാവധി മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തുകയും ചെയ്യുക.

നമ്മുടെ പഞ്ചായത്തിലെ പാർപ്പിടപ്രശ്നം പൂർണ്ണമായല്ലെങ്കിലും പരമാവധി പരിഹരിക്കാൻ 5 വർഷക്കാലം കൊണ്ട് നമുക്ക് കഴിയുമെന്ന് വിശ്വസിക്കാം. അതിനുള്ള കൂട്ടായ്മക്കായി നമുക്ക് സംഘടിക്കാം.

## വീടുകളുടെ തരംതിരിവ് പട്ടിക വാർഡുതലത്തിൽ

| വാർഡ് | ഓട് | കോൺക്രീറ്റ് | ഷീറ്റ് | കോൺ-ഓട് | കോൺ-ഓട് ഷീറ്റ് | കോൺ ഷീറ്റ് | ഓട്-ഷീറ്റ് | കുടിൽ |
|---|---|---|---|---|---|---|---|---|
| I | 202 | 48 | 15 | 14 | - | 1 | 12 | 91 |
| II | 388 | 61 | 5 | 36 | 3 | 1 | 12 | 74 |
| III | 185 | 11 | 3 | 19 | 1 | - | 4 | 52 |
| IV | 159 | 29 | 8 | 5 | 1 | 1 | 1 | 98 |
| V | 190 | 15 | 8 | 11 | - | 1 | 9 | 49 |
| VI | 207 | - | 3 | 6 | - | - | 5 | 94 |
| VII | 177 | 31 | 8 | 10 | - | 1 | 4 | 47 |
| VIII | 112 | 19 | 3 | 9 | - | - | 4 | 50 |
| | 1620 | 214 | 53 | 110 | 5 | 5 | 51 | 555 |

## പൂഞ്ഞാർ പഞ്ചായത്ത് ഭവനലഭ്യത കണക്ക്

| Year | RLEGP | NREP | IAY | MWS | JRY | Unlaid | Block |
|---|---|---|---|---|---|---|---|
| 90-91 | | | | | 3 | | 2 |
| 91-92 | | | | | 3 | | 1 |
| 92-93 | | | | | 2 | | 1 |
| 93-94 | | | | | 3 | | 2 |
| 94-95 | | | | | 1 | | 6 |
| 95-96 | | | | | 1 | 6 | 11 |
| 96-97 | | | | | | | 15 |
| | | | | | 13 | 6 | 38 |

# 5.8 സംസ്ക്കാരം

പൂഞ്ഞാറിൻെറ പൗരാണിക സംസ്ക്കാരിക ജീവിത ത്തെക്കുറിച്ചോ കലാരൂപങ്ങളെക്കുറിച്ചോ നമുക്ക് അറിവില്ല. ക്ഷേത്രങ്ങളായിരുന്നല്ലൊ പുരാതനകാലത്തെ കലയുടെയും സംസ്ക്കാരത്തിൻെറയും ഈറ്റില്ലം. തലമുറകൾ പകർന്നുതരുന്ന വായ്മൊഴികൾ അവലംബമാക്കിയാൽ പൂഞ്ഞാർ രാജവംശസ്ഥാപനത്തിനു മുമ്പുതന്നെ പൂഞ്ഞാർ ശ്രീ ധർമ്മ ശാസ്താക്ഷേത്രം നിലനിന്നിരുന്നതായി കാണാം. പരിമിതമായി മാത്രം ജനവാസമുണ്ടായിരുന്ന അക്കാലത്തും ജനങ്ങൾക്ക് തനതായ കലയും സംസ്ക്കാരവും ഉണ്ടായിരുന്നതായി അനുമാനിക്കാം.

മധുരമീനാക്ഷിക്ഷേത്രം സ്ഥാപിച്ചതും ശ്രീ ധർമ്മശാസ്താക്ഷേത്രം പൂർവ്വാവസ്ഥയിൽ നിന്നും സമുദ്ധരിച്ച് ഇപ്പോഴുള്ള എടുപ്പുകളോടും ചമയങ്ങളോടും കൂടി വിപുലീകരിച്ചതും പൂഞ്ഞാർ രാജാക്കന്മാരാണ്. ശാസ്താംക്ഷേത്രത്തിൽ ശ്രീകോവിലിനു കാവൽ നില്ക്കുന്ന ദ്വാരപാലകരും ചുറ്റമ്പലത്തിൻെറ പ്രവേശനകവാടത്തിലെ കൊത്തുപണികളും ശില്പചാതുരിയുടെ മകുടോദാഹരണങ്ങളാണ്. ശിലപാകിയ പ്രദക്ഷിണവഴിയും കൽവിളക്കുകളും ആകർഷകങ്ങളാണ്. ശാസ്താംക്ഷേത്രത്തിൽ മകരമാസത്തിലെ അനിഴം നാളിൽ കൊടികയറി ആരംഭിക്കുന്ന ഉത്സവം എട്ടു ദിവസം നീണ്ട് ആറാട്ടോടെ സമാപിക്കുന്നു. ഏഴാം നാളിലെ ഉത്സവത്തിൽ അയ്യപ്പൻെറ പള്ളിനായാട്ടിനെ അനുസ്മരിക്കുന്ന പള്ളിവേട്ട പനച്ചിപ്പാറയിലെ നായാട്ടു പാറയിൽ കൊണ്ടാടുന്നു. കഥകളി, ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത്, പാഠകം, വേലകളി, പഞ്ചവാദ്യം, തുടങ്ങി എല്ലാ അനുഷ്ഠാനആയോധന പാരമ്പര്യകലകൾക്കും ഉത്സവനാളുകളിൽ പ്രാമുഖ്യം നൽകുന്നു. ഉയർന്ന ആസ്വാദനനിലവാരം പുലർത്തിയിരുന്ന രാജാക്കന്മാരും ജനങ്ങളും കാലാലോകത്തെ ലബ്ധപ്രതിഷ്ഠരെ രംഗത്ത് അവതരിപ്പിച്ച് ആദരിക്കുന്നതിൽ ലുബ്ധ് പ്രകടിപ്പിച്ചിരുന്നില്ല. ശ്രീമാൻ കുട്ടി ആശാൻെറ നേതൃത്വത്തിൽ ഒരു കഥകളി യോഗം നിലനിന്നിരുന്നതും പരക്കാട്ടുകേളൻ ഇലമ്പാത്തോട്ടത്തിൽ നാരായണൻ തുടങ്ങിയ കലാകാരന്മാർ കഥകളിയോഗത്തെ പരിപോഷിപ്പിച്ചതും ശ്രദ്ധേയമാണ്. പറക്കാട്ടു വാസുദേവൻ വെലിക്കളത്തിൽ മുരളീധരൻ നായർ, പൂഞ്ഞാർ പാലസിലെ താര, മഞ്ജുള എന്നിവർ ഇന്നു കഥകളി രംഗത്തു ശിക്ഷണം നേടിയ കലാക്കാരന്മാരാണ്.

ഓട്ടൻതുള്ളൽ രംഗത്തെ പ്രഗത്ഭരായ രണ്ടു കലാകാരന്മാരാണ് മണിയൻകുന്ന് കുട്ടൻ കണിയാരും, വയലിക്കുന്നേൽ കേശവൻ പണിക്കനും.

വേലൻ പ്രവൃത്തി, ഓണംതുള്ളൽ, പരിചമുട്ടുകളി, കോലടികളി, തിരുവാതിരകളി എന്നീ കലാരൂപങ്ങളും നിലനിന്നിരുന്നു.

ഓണം തുള്ളൽ കലയിൽ വയലിക്കുന്നേൽ കേശവൻ പണിക്കൻ കേഴ്വി കേട്ട കലാകാരനായിരുന്നു.

ക്ലാസിക്കൽ സംഗീതത്തിൽ കേരളമാകെ അംഗീകാരം നേടിയ ഒരു നാമധേയമാണ് കാഞ്ഞരമറ്റം പാലസിലെ ഭവാനി തമ്പുരാട്ടി. മകാം രഞ്ജിനീ വർമയും അമ്മയുടെ പാരമ്പര്യം പിന്തുടർന്നു. കളരിക്കൽ രാഘവമേനോൻ പേരുഞ്ചേരിൽ രാഘവൻ

ആചാരി തുടങ്ങിയവർ ഈ രംഗത്തെ അറിയപ്പെടുന്ന കലാകാരന്മാരാണ്. പൂഞ്ഞാർ- വിജയൻ എന്ന യുവസംഗീത സംവിധായകനും വളർന്നു വരുന്ന ഒരു കലകാരനാണ്.

പെരുനിലത്തു പറമ്പിൽ പൈലോ കോലടി കളി, പരിചമുട്ടുകളി എന്നീ പ്രാചീനകലകളിൽ പ്രാവീണ്യം നേടിയ ഒരു കലാകാരനായിരുന്നു.

ജ്യോതിഷപണ്ഡിതൻ ബ്രഹ്മശ്രീ മിത്രൻ നമ്പൂതിരിപ്പാട് സംഗീതം നൃത്തം തുടങ്ങി വിവിധ കലകളിൽ പ്രാഗത്ഭ്യം തെളിയിച്ച കലാകാരനാണ്.

ശ്രീധർമശാസ്താക്ഷേത്രത്തിനു സമീപത്തായി മധുരമീനാക്ഷിക്ഷേത്രം സ്ഥിതിചെയ്യുന്നു. ഒമ്പതു ദിവസം നീണ്ടുനിൽക്കുന്ന നവരാത്രി ആഘോഷമാണ് പ്രധാന ഉത്സവം.

പനച്ചിപ്പാറയിലെ മങ്കൊമ്പുകാവുക്ഷേത്രം, ശ്രീകൃഷ്ണ ക്ഷേത്രം, ചേന്നാട്ടെ എഴുന്നൂറു വർഷം പഴക്കമുള്ള ഇലഞ്ഞിത്താനം ശ്രീ ഭഗവതി ക്ഷേത്രം, എന്നിവയാണ് മറ്റ് ഹൈന്ദവാരാധനാകേന്ദ്രങ്ങൾ.

തിരുഹൃദയദേവാലയം മണിയൻകുന്ന്, സെൻറ് ജോസഫ്സ് ചർച്ച് മണിയൻകുളം, ലൂർദ്ദ്മാതാചർച്ച് ചേന്നാട് എന്നീ കൃസ്ത്യൻ ദേവാലയങ്ങൾ അതതു പ്രദേശത്തെ ജനങ്ങളുടെ ആദ്ധ്യാത്മികവും വിദ്യാഭ്യാസപരവും സാംസ്ക്കാരികവുമായ മേഖലകളിൽ സ്വാധീനം ചെലുത്തുന്നു. വർഷത്തിൽ ഒരിക്കൽ നടത്തുന്ന പെരുനാളുകളാണ് പ്രധാന ആഘോഷം. കാലിക പ്രാധാന്യമുള്ള നാടകങ്ങൾ, ഗാനമേള, കഥാപ്രസംഗം, മിമിക്സ് പരേഡ് തുടങ്ങിയ കലാരൂപങ്ങ ഉത്സവവേളകളിൽ അരങ്ങേറുന്നു. കരിമരുന്നു പ്രയോഗം ഒരു സവിശേഷതയാണ്. കഴുന്നെടുക്കൽ, രൂപം എഴുന്നള്ളിപ്പ് തുടങ്ങിയ ആത്മീയാംശം കലർന്ന അനുഷ്ഠാനചടങ്ങുകൾ ഉത്സവഛായ കലർന്ന വിശേഷാൽ പരിപാടികളാണ്.

മറ്റക്കാട്ടും നെല്ലിക്കൽ ചാലിലും ഓരോ മുസ്ലീം ദേവാലയങ്ങൾ (തൈക്കാവുകൾ) ഉണ്ട്.

ഇന്നാട്ടിലെ സാംസ്ക്കാരിക ജീവിതത്തിൻെറ നടുനായകമായി വർത്തിക്കുന്ന സ്ഥാപനമാണ് അവിട്ടം തിരുനാൾ മെമ്മോറിയൽ ലൈബ്രേറി. 'ഹാപ്പി ബ്രദേഴ്സ് അസോസിയഷേൻ' എന്ന നാമധേയത്തിൽ പ്രവർത്തനം ആരംഭിച്ച സാംസ്ക്കാരിക സംഘടനയാണ് ആദ്യം നിലവിൽ വന്നത്. പിന്നീട് 'യുണൈറ്റഡ് ബ്രദേഴ്സ് അസോസിയേഷൻ' അയി മാറുകയും അതിൻെറ കീഴിൽ അവിട്ടം തിരുനാൾ മെമ്മോറിയൽ പബ്ലിക് ലൈബ്രറി പ്രവർത്തനമാരംഭിക്കുകയും ചെയ്തു. 1942-ൽ ഗ്രന്ഥശാലാസംഘത്തിൽ രജിസ്റ്റർ ചെയ്തു. അതു പിന്നീട് A.T.M. ട്രസ്റ്റിൻെറ കീഴിലായി മാറുകയും A.T.M. പബ്ലിക് ലൈബ്രറി A.T.M. ലൈബ്രറി ആയി മാറുകയും ചെയ്തു. സർവശ്രീ സി.പി. രാമകൃഷ്ണപിള്ള, എം. കെ. ഗോപിനാഥമേനോൻ, കെ.കുമാരമേനോൻ, പി.ആർ. ബാലകൃഷ്ണൻ നായർ, കരിക്കോട്ടത്തിൽ നാരായണപിള്ള, പി.കെ, നാരായണൻ നായർ, പി.കെ. ശ്രീധരൻനായർ, പി.കെ.പരമേശ്വരൻ നായർ, പി.എ.ഗോപിനാഥൻ നായർ, കെ.കൃഷ്ണമേനോൻ, റ്റി.ജി. ബാലകൃഷ്ണമേനോൻ എന്നിവർ ഹാപ്പിബ്രദേഴ്സ് അസോസിയേഷൻേറയും യുണൈറ്റഡ് ബ്രദേഴ്സ് അസോസിയേഷൻേറയും രൂപികരണത്തിലും വളർച്ചയിലും നിർണ്ണായക പങ്കു വഹിച്ച പ്രമുഖരിൽ ചിലരായിരുന്നു.

ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സ്പോർട്ട്സ് ക്ലബ്, ഹിന്ദി വിദ്യാലയം വയോജനവിദ്യാലയം എന്നിങ്ങനെ കലാകായിക മേഖലകളിലേയ്ക്ക് പ്രവർത്തനം വ്യാപിച്ചു. ഹിന്ദി പഠിക്കുക പ്രചരിപ്പിക്കുക നിരക്ഷരർക്ക് അക്ഷരാഭ്യാസം നൽകുക തുടങ്ങിയവ ദേശസ്നേഹത്താൽ പ്രചോദിതമായ പ്രവർത്തനങ്ങളായിരുന്നു.

വാർഷിക സമ്മേളനങ്ങൾ കലാകായിക മേളകളോടെ ഉത്സവപ്രതീതി ജനിപ്പിക്കും വിധം നടത്തിയിരുന്നു. വാർഷിക സമ്മേളനങ്ങളിൽ നാടകം ഒരു സ്ഥിരം കാലരൂപമായിരുന്നു. പ്രാദേശിക പ്രതിഭകളിൽ നിന്നും നാടകനടന്മാരെ കണ്ടെത്തി രംഗത്തവതരിപ്പിക്കുന്ന രീതിയാണ് അന്ന് അവലംബിച്ചിരുന്നത്.

ജനങ്ങളുടെ കൂട്ടായ പങ്കാളിത്തം കലാപ്രവർത്തനങ്ങളുടെ ആദ്യാവസാനം സജീവമായിരുന്നു. ആധുനിക പ്രൊഫഷണലിസത്തിന്റെ മൂല്യബോധത്തിൽ നിന്നും വ്യത്യസ്തമായി ഈ ജനകീയ കലാവിഷ്കാരങ്ങൾ കൂട്ടായ്മയുടെ സന്ദേശം കൂടുതൽ ആവാഹിച്ചിരുന്നു.

A.T.M. ലൈബ്രറിയുടെ ആഭിമുഖ്യത്തിലുള്ള സ്പോർട്ട്സ് ക്ലബിന്റെ കീഴിൽ ഫുട്ബോൾ, വോളിബോൾ, ക്യാരംസ്, ചെസ് മുതലായ കായികവിനോദങ്ങൾ നിലനിന്നിരുന്നു. ആനുകാലിക രാഷ്ട്രീയ സാംസ്ക്കാരിക സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചുള്ള ആരോഗ്യപരങ്ങളായ സംവാദങ്ങളും ലൈബ്രറി നേതൃത്വം നൽകിയിരുന്നു. പ്രാദേശിക സാഹിത്യകാരന്മാരുടെ സർഗ്ഗവാസനകളെ വളർത്തുക എന്ന ലക്ഷ്യത്തോടെ 'മനീഷ' എന്ന കൈയെഴുത്തു മാസികയും പുറത്തിറക്കിയിരുന്നു. A.T.M. പബ്ലിക്ക് ലൈബ്രറി A.T.M. ലൈബ്രറി എന്ന പേരിൽ ഒരു ട്രസ്റ്റിന്റെ കീഴിൽ ആയതോടെ ഉടമസ്ഥാവകാശത്തിലുണ്ടായ മാറ്റം ജനപങ്കാളിത്തത്തിലും പ്രതിഫലിച്ചു. ട്രസ്റ്റിൽ നിന്നും മാനേജ്മെന്റ് കമ്മറ്റിയിലേയ്ക്ക് ലൈബ്രറിയുടെ ഭരണം മാറുകയും ജനപങ്കാളിത്തത്തിൽ ആശാവഹമായ മാറ്റം ഉണ്ടാവുകയും ചെയ്തു. പ്രവർത്തനശൈലിയിലുണ്ടായ മാറ്റം സാംസ്ക്കാരികരംഗത്തെ പുത്തൻ പ്രവണതകൾ ഉൾക്കൊള്ളാൻ സഹായിച്ചു. സംവാദങ്ങൾ, ചർച്ചകൾ, അനുസ്മരണയോഗങ്ങൾ, സംഗീതസായാഹ്നങ്ങൾ, കവി അരങ്ങുകൾ എന്നിവയെല്ലാം പുതുചൈതന്യം വിതറിയ പ്രവർത്തനതുറകളാണ്. A.T.M. സ്പോർട്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ കേണൽ ജി.വി.രാജായുടെ സ്മരണയ്ക്കായി അഖിലകേരള ക്രിക്കറ്റ് ടൂർണമെന്റും കഴിഞ്ഞ പത്തു വർഷമായി നടക്കുന്നു. ഷട്ടിൽ ടൂർണമെന്റും നടത്തുന്നുണ്ട്.

ഏതാണ്ട് 18000 ത്തോളം പുസ്തകങ്ങളും 3000ത്തോളം അംഗങ്ങളും ഉള്ളതാണ് ഈ ലൈബ്രറി. വീടുകളിൽ പുസ്തകമെത്തിക്കുന്ന ഗ്രാമീണ പുസ്തകവിതരണ പദ്ധതിയും നിലവിലുണ്ട്. കൂടാതെ ഒരു ഇൻഫർമേഷൻ സെന്ററും ലൈബ്രറി കേന്ദ്രമായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉൾക്കൊള്ളുന്ന ഒരു റീഡിംഗ് റൂം ലൈബ്രറിക്കുണ്ട്. ശരാശരി 400 പേർ പ്രതിദിനം ഇതിന്റെ സേവനം ഉപയോഗപ്പെടുത്തുന്നു.

ഇപ്പോൾ പുസ്തകവായനയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നതായി കാണുന്നു. പ്രതിദിനം ഇരുപതു പുസ്തകങ്ങളാണ് ഈ ലൈബ്രറിയിൽ നിന്നു വിതരണം ചെയ്യപ്പെടുന്നത്. ദൃശ്യാശ്രാവ്യമാധ്യമങ്ങളോടുള്ള യുവജനങ്ങളുടെ കമ്പം പുസ്തകവിജ്ഞാനത്തിനു തടയിടുന്നു. അനഭിലഷണീയമായ ഈ പ്രവണതയ്ക്കെതിരേ ഒരു സാംസ്ക്കാരിക മുന്നേറ്റം ആവശ്യമാണ്.

കോട്ടയം ജില്ലയിലെ എ ഗ്രേഡുലൈബ്രറിയും മൂന്നാം സ്ഥാനത്തു നിലകൊള്ളുന്നതുമായ ഇതിന് 11100 രൂപ ഗ്രാൻറുണ്ട്. പി.ജി. പ്രസാദ് ആണ് ലൈബ്രേറിയൻ. ഇതിന്റെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങളിൽ സ്മരണീയമായ ചില നാമധേയങ്ങൾ ചുവടെ ചേർക്കുന്നു.

കേണൽ ജി.വി. രാജാ, എൻ. രാമകൃഷ്ണപിള്ള, എൻ. ശ്രീധരൻ നായർ, റ്റി.ജി. ബാലകൃഷ്ണമേനോൻ.

ഈ നാടിന്റെ വളർച്ചയും ലൈബ്രറിയുടെ വളർച്ചയും പരസ്പരം പൂരകങ്ങളാണ്. ഈ സാംസ്ക്കാരിക ഗോപുരത്തിന് ഇനിയും ഏറെ പ്രകാശം ചൊരിയാൻ കഴിയും.

ലാൽ ബഹദൂർ ശാസ്ത്രി മെമ്മോറിയൽ പഞ്ചായത്തു ലൈബ്രറി ചേന്നാട്, പബ്ലിക്ക് ലൈബ്രറി മുക്കുഴി എന്നീ ഗ്രന്ഥശാലകളും ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നുണ്ട്.

1969ൽ 'പീപ്പിൾസ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് സൊസൈറ്റി' രൂപീകൃതമായി. മുൻഗാമികളിൽ നിന്നും വ്യത്യസ്തമായി എല്ലാ അർത്ഥത്തിലും സാധാരണക്കാരുടെ പ്രാതിനിധ്യം അവകാശപ്പെടാവുന്ന സംഘടനയായിരുന്നു ഇത്. സാഹിത്യ സാംസ്കാരികരംഗങ്ങളിൽ ഉൽകൃഷ്ടമായ പ്രവർത്തനം കാഴ്ച വച്ചു. സാഹിത്യചർച്ചകൾ, മത്സരങ്ങൾ, സൗജന്യട്യൂഷൻ എന്നിവ പ്രവർത്തനപരിധിയിൽ വന്നിരുന്നു. വർഷം തോറും നടത്തിയിരുന്ന നാടകങ്ങൾ അഭിരുചിയുള്ള ഗ്രാമപ്രതിഭകൾക്ക് പ്രോത്സാഹനമായി. എൻ. ആർ. കൃഷ്ണൻകുട്ടിനായർ, കെ. വിശ്വനാഥൻ നായർ, സോമശേഖര പണിക്കർ, കെ. കുമാരമേനോൻ എന്നിവർ ഈ സംഘടനയുടെ രൂപീകരണത്തിലും സംഘാടനത്തിലും സ്തുത്യർഹമായ പങ്കുവഹിച്ചവരിൽ ചിലർ ആണ്. ഇപ്പോൾ ഇതിന്റെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നു.

ശാസ്ത്രം സാമൂഹ്യവിപ്ലവത്തിന് എന്ന ലക്ഷത്തോടുകൂടി

പ്രവർത്തിക്കുന്ന ശാസ്ത്ര സാഹിത്യപരിഷത്തും സാമൂഹ്യസാംസ്ക്കാരിക രംഗങ്ങളിൽ സംഭാവന നൽകി വരുന്നു. ജനകീയാസൂത്രണം എന്ന മഹത്തായ ആശയത്തിന് ബീജാവാപം ചെയ്തത് പരിഷത്താണ്.

കലാസാംസ്ക്കാരിക രംഗങ്ങളിൽ നൂതനമായ പന്ഥാവു വെട്ടിതുറന്ന പുരോഗമന കലാസാഹിത്യ സംഘത്തിൻെറ പ്രവർത്തനവും ഇവിടെ നടന്നുവരുന്നു.

ഭ്രമരസന്ദേശത്തിൻെറ കർത്താവ് ശ്രീ അവിട്ടംതിരുനാൾ രാമവർമ്മ വലിയരാജാ, മുക്തമാല രചിച്ച തുളസീവനം എന്ന തൂലികാനാമത്തിൻെറ ഉടമ ആർ. രാമചന്ദ്രൻ നായർ, മാർക്സിസ്റ്റു ദാർശനിക ഗ്രന്ഥങ്ങൾ രചിച്ച ഹരിഹരൻ പൂഞ്ഞാർ, ഗായത്രീ മന്ത്രങ്ങളുടെ പഠനങ്ങൾ രചിച്ച പി.കെ. രാമവർമ്മ വലിയരാജാ, ഇരുപതോളം ഗ്രന്ഥങ്ങളുടെ കർത്താവായ പ്രൊഫസർ കെ.വി. ജോസഫ്, രാഘവൻ മുരിക്കനാട്ടുശ്ശേരി, കെ.ജി.കുമാരമേനോൻ, രാജു പൂഞ്ഞാർ, രാജു ചേന്നാട് എന്നിവർ പൂഞ്ഞാറിൻെറ സാഹിത്യസന്തതികളാണ്.

ജി.വി. രാജാ സ്പോർട്ട്സ് ക്ലബ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. യശഃശരീരനായ കേണൽ ജി.വി. രാജായുടെ സ്മരണ നിലനിറുത്താൻ ക്ലബിൻെറ ആഭിമുഖ്യത്തിൽ എല്ലാവർഷവും ഫുട്ബോൾ വോളീബോൾ ടൂർണമെൻറുകൾ നടത്തുന്നു. ക്ലബ് നിരവധി കായിക പ്രതിഭകളെ വളർത്തിയിട്ടുണ്ട്.

ത്രിവേണി ആർട്ടസ് ക്ലബ് എന്നൊരു സംഘടനയും പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ നിർജീവാവസ്ഥയിലാണ്.

ജോളി ക്ലബ് എന്നൊരു സ്പോർട്ട്സ് ക്ലബ് പെരുനിലത്തു പ്രവർത്തിക്കുന്നു. സംസ്ഥാനതലത്തിൽ വോളിബോൾ പ്രതിഭകളെ വളർത്തിയെടുക്കാൻ ഇതിനു കഴിഞ്ഞിട്ടുണ്ട്. കമ്പൈൻറ് യൂണിവേഴ്സിറ്റി ടീമിൽ അംഗമായ കെ. എസ്സ്. വർക്കി കൊച്ചുകണ്ടത്തിക്കര, കേരളയൂണിവേഴ്സിറ്റി പ്ലേയർ, കെ. വി. ജോസഫ് കണിയാംകുന്നേൽ, ജില്ലാ വോളീബോൾ സെക്രട്ടറി ആയിരുന്ന കെ. വിശ്വനാഥൻ നായർ എം.ജി. യൂണിവേഴ്സിറ്റി ഹൈജമ്പ് താരം ബൻസിൽ ജോസഫ് പുല്ലാട്ട് എന്നിവരുടെ വളർച്ചയ്ക്ക് ഈ ക്ലബ് നിസ്സീമമായ പങ്ക് വഹിച്ചിട്ടുണ്ട്. റ്റി. എ തൊമ്മൻ മെമ്മോറിയൽ സ്പോർട്ട്സ് ക്ലബ് മണിയൻകുളം സ്പോർട്ട്സ് ക്ലബ് എന്ന രണ്ടു സ്പോർട്ട്സ് ക്ലബുകൾ കൂടി ഈ പ്രദേശത്ത് പ്രവർത്തിക്കുന്നു.

ഇത്രയും സ്പോർട്ട്സ് സംഘടനകളും എത്രയോ സ്പോർട്ട്സ് പ്രേമികളുമുള്ള നമ്മുടെ നാട്ടിൽ ഒരു സ്റ്റേഡിയത്തിൻെറ അഭാവം മുഴച്ചുനിൽക്കുന്നു. വെളിയപ്പള്ളിക്കണ്ടം, ചേന്നാട് പഞ്ചായത്തുവക ഒരെണ്ണം എന്നിങ്ങനെ രണ്ടു പ്ലേഗ്രൗണ്ടുകൾ മാത്രമാണ് നമ്മുടെ പരിമിതികളിലെ പ്രകാശരേണുക്കൾ. സ്പോർട്ട്സിൻെറ ആവശ്യങ്ങൾ ഈ പരിമിതികളിൽ ഞെരുങ്ങുന്നു. പരിഹാരം ആവശ്യമാണ്.

ഈ ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ കായികകലാമത്സരങ്ങൾ, വാർഷികങ്ങൾ, യുവജനോത്സവങ്ങൾ, ബാലകലോത്സവങ്ങൾ മുതലായവയും പ്രതിപാദിക്കപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും നമ്മുടെ നാടിൻെറ സാംസ്ക്കാരികോന്നമനത്തിന് കാരണമായിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തിക്കൊണ്ടുമാത്രമേ ഈ നാടിൻെറ സാംസ്ക്കാരികാഭിവൃദ്ധിക്ക് ഗുണപരമായ മാറ്റം വരുത്താൻ കഴിയൂ.

<u>നിർദ്ദേശങ്ങൾ</u>

1 A.T.M. ലൈബ്രറി ഒരു സെൻട്രൽ ലൈബ്രറി ആക്കി മാറ്റിക്കൊണ്ട ഇതൊരു സാംസ്ക്കാരിക കേന്ദ്രമാക്കുക.

2. വാർഡുകൾ തോറും പുസ്തകമെത്തിക്കാൻ ഇതിൻെറ കീഴിൽ സംവിധാനം ഉണ്ടാക്കുക.

3. വാർഡുതോറും റീഡിംഗ് റൂമുകളും റിക്രിയേഷൻ ക്ലബുകളും രൂപീകരിക്കുക.

4. മിനി കമ്യൂണിറ്റിഹാൾ സെൻട്രൽ ലൈബ്രറിയോടനുബന്ധിച്ച് ഉണ്ടാക്കുക.

5. സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുക. ഉദ്യോഗസ്ഥന്മാരെ നിയമിക്കുക.

6. എല്ലാവിധ കലാരൂപങ്ങളും അഭ്യസിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

7. കലാകായിക മത്സരങ്ങൾ സമയബന്ധിതമായി ചിട്ടപ്പെടുത്തുക.

8. കലാകായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകുക.

9. കലാകായിക പൈതൃകങ്ങൾ നിലനിറുത്തുന്നതിനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുക.

10. ഓഡിയോ വീഡിയോ സാംസ്ക്കാരിക ജീർണതകൾക്കെതിരെ ബോധവൽക്കരണം നടത്തുക.

11. എല്ലാ വിധ കായിക മത്സരങ്ങൾക്കും ഉപയുക്തമാകുമാറ് ഒരു സ്റ്റേഡിയം നിർമിക്കുക.

12. എല്ലാ സാംസ്ക്കാരിക സ്ഥാപനങ്ങളുടേയും വാർഷികാഘോഷങ്ങൾ നടത്തുക.

# 5.9 വനിതാക്ഷേമം

പുരുഷമേധാവിത്വം നിലനില്ക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയാണ് ഇന്നു നിലവിലുള്ളത്. എന്നാൽ സ്ത്രീകൾക്കു തുല്യതയോ മേധാവിത്വമോ നിലനിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. അടുത്തകാലം വരെ ഒരു വിഭാഗം ജനങ്ങളിൽ നിലനിന്നിരുന്നതും ഇപ്പോഴും അപൂർവ്വമായി നിലനില്ക്കുന്നതുമായ മരുമക്കത്തായ സമ്പ്രദായത്തിൽ സ്ത്രീ പ്രാമുഖ്യത്തിൻെറ സ്വാധീനം കാണാം. കാലപ്രവാഹത്തിൽ പുരുഷമേധാവിത്വം സാർവത്രികമായി.

1950 കളിൽ പനച്ചിപ്പാറ കേന്ദ്രമായി ഒരു മഹിളാസമാജം പ്രവർത്തിച്ചിരുന്നു. ആദ്യമായി വനിതകൾ പൊതു പ്രവർത്തനത്തിന് ഇറങ്ങുന്നത് ഈ കാലഘട്ടത്തിലാണ്. മഹിളാസമാജത്തിൻെറ ആദ്യത്തെ പ്രസിഡൻറ് എൽ. ഭവാനിഅമ്മ മുളയ്ക്കത്താഴെ ആയിരുന്നു. എൽ. ഭാരതി അമ്മ നെല്ലിക്കച്ചാലിൽ, എം. പൊന്നമ്മ ഇല്ലത്താളം, എൽ. സുമതി അമ്മ മുളയ്ക്കപ്പറമ്പിൽ തുടങ്ങിയവരായിരുന്നു ആദ്യകാല സജീവ പ്രവർത്തകർ. ഈ സ്ഥാപനം 1952 ൽ പനച്ചിപ്പാറ മഹിളാസമാജം എന്ന പേരു മാറ്റത്തോടെ കൂടുതൽ ഊർജ്ജസ്വലമായ പ്രവർത്തനം ഇതര മേഖലകളിലേയ്ക്കു വ്യാപിപ്പിച്ചു. തയ്യൽ ക്ലാസ്, നഴ്സറിക്ലാസ്, ബാലസമാജം, മാതൃഭൂമി സ്റ്റഡി സർക്കിൾ എന്നിവ ഇതിൻെറ കീഴിൽ പ്രവർത്തനനിരതമായി. ഈ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം നൽകിക്കൊണ്ട് 1952 മുതൽ 1982 വരെ ശ്രീമതി കെ. ഭാർഗവി അമ്മ സെക്രട്ടറിയായും തുടർന്ന് പ്രസിഡൻറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഇന്ന് വനിതാ രംഗത്ത് ആശാ വനിതാസമാജം (മറ്റക്കാട്) സൂര്യവനിതാസമാജം (ചേന്നാട്) പ്രിയദർശിനി മഹിളാസമാജം (ചേന്നാട്) എന്നീ സംഘടനയും പ്രവർത്തിക്കുന്നുണ്ട്. പൂഞ്ഞാർ സഹകരണബാങ്ക് ഡയറക്ടർ ബോർഡ് മെമ്പർ ആയ ശ്രീമതി എം. നളിനി വനിതാസംഘടനാ രംഗത്തെ അറിയപ്പെടുന്ന നേതാവാണ്.

1991 ലെ സെൻസസ് പ്രകാരം പൂഞ്ഞാർ പഞ്ചായത്തിൽ പുരുഷന്മാർ 5590-ഉം സ്ത്രീകൾ 5562-ഉം ആണ്. സ്ത്രീകളാണ് എണ്ണത്തിൽ കുറവ്. ഈ നില ഇന്നും തുടരുന്നു. എണ്ണത്തിൽ കൂടുതൽ സ്ത്രീകളുള്ള സംസ്ഥാനത്തിൻെറ ഇന്നത്തെ നിലയേക്കാൾ വ്യത്യസ്തമാണ് പൂഞ്ഞാറിൻെറ ചിത്രം. പൂഞ്ഞാർ ഗ്രാമത്തിൽ 1000 പെൺകുട്ടിക്ക് 1033 ആൺകുട്ടികളുണ്ട്.

സാക്ഷരതയിൽ സ്ത്രീകൾ പുരുഷന്മാരോട് അടുത്തു നില്ക്കുന്നു. വിദ്യാഭ്യാസം തൊഴിൽ എന്നിവയിൽ 1991-ലെ സെൻസസ് അനുസരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

സ്ത്രീകൾ സ്ഥിരമായി ജോലിയുള്ളവർ 9.43 ശതമാനം മാത്രമാണ്. ഗൃഹജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ ഏതാണ്ട് 80

ശതമാനത്തോളം വരും. ഗൃഹജോലിയുടെ സങ്കീർണത മൂല്യ നിർണ്ണയം അസാദ്ധ്യമാക്കുന്നു. എന്നാൽ സമൂഹത്തിന്റെ നിലനി ല്പിലും സമ്പത്തുല്പാദനത്തിലും കുടുംബബന്ധങ്ങളുടെ ഘടനയിലും ഭാവിതലമുറയെ വാർത്തെടുക്കുന്നതിലും മൂല്യരഹി തമെന്ന് സമൂഹം കരുതുന്ന വീട്ടമ്മമാരുടെ സംഭാവന വിലമതി യ്ക്കാനാവത്തതാണ്.

പൊതുരംഗത്തേയ്ക്കു കടന്നുവരുന്ന സ്ത്രീകളുടെ എണ്ണം കുറവാണ്. മേൽ സൂചിപ്പിച്ച സങ്കീർണ്ണതകളാണ് പൊതുരംഗ ത്തേയ്ക്കു സ്ത്രീകൾ കടന്നുവരുന്നതിൽ വിഘാതമായി നില്ക്കുന്ന ഘടകങ്ങളിലൊന്ന്. സാമൂഹ്യജീവിത സവി ശേഷതകളും ഇതരകാരണങ്ങളിൽപെടുന്നു. വനിതകളായ സാമൂ ഹ്യപ്രവർത്തകരെ ഒരു പരിധിവരെയെങ്കിലും സമൂഹം അവജ്ഞ യോടെ കാണുന്നു. അവഹേളിക്കാനുള്ള പ്രവണതയും കാണു ന്നുണ്ട്. ഇക്കാരണങ്ങളാൽ പൊതുരംഗത്തു പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകൾക്ക് പിന്നോക്കം പോകേണ്ടിവരുന്നു. സംവരണം, സ്ത്രീകളെ തടസ്സങ്ങൾ മറികടന്ന് പ്രവർത്തനരംഗ ത്തേയ്ക്ക് ആനയിക്കുവാൻ സഹായിച്ചിട്ടുണ്ട്. ഇപ്പോൾ പാർല മെൻറിന്റെ പരിഗണനയിലിരിക്കുന്ന സ്ത്രീ സംവരണബിൽ സ് ത്രീകളെ സാമൂഹ്യപ്രവർത്തനങ്ങളിലേയ്ക്ക് കൂടുതലായി നയി ക്കാൻ സഹായിക്കുന്നതാണ്.

മദ്യപാനം സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ എന്നിവ സ്ത്രീകളെ കൂടുതലായി ബാധിക്കുന്നു. സ്ത്രീ പീഡനവും കുറഞ്ഞ തോതിലെങ്കിലും ഈ ഗ്രാമത്തിൽ നിലനില്ക്കുന്നു. സ്ത്രീധന സമ്പ്രദായത്തിൽ നിന്നും നമ്മുടെ സമൂഹം മുക്തമല്ല. ഭർത്തൃമാതാവിൽ നിന്നുള്ള പീഡനം മൂലം കുട്ടിയെ കൊലചെയ്ത് ആത്മഹത്യ ചെയ്യേണ്ടിവന്ന ദാരുണസംഭവങ്ങളും ഈ പഞ്ചാ യത്തിന്റെ പരിധിയിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. കാർഷിക രംഗം, കെട്ടിട നിർമ്മാണം, ചുമട്, പാറമട എന്നീ മേഖലകളിലും പശുവളർത്തലിലും ഏർപ്പെട്ടിരിക്കുന്നവരിൽ സ്ത്രീകൾക്കാണ് മുൻതൂക്കം. കൂലിനിരക്കിൽ വ്യത്യാസമുണ്ട്. പുരുഷന്മാർക്കു ലഭി ക്കുന്നതിന്റെ 62.5 ശതമാനം മാത്രമാണ് സ്ത്രീകളുടെ കൂലി.

ഒരു മഹിളാ സർവ്വീസ് സഹകരണസംഘവും DWCRA പദ്ധതിയിൽപെട്ട രണ്ടു യൂണിറ്റുകളും ഇവിടെ പ്രവർത്തി ക്കുന്നുണ്ട്.

<u>നിർദ്ദേശങ്ങൾ</u>

1. സ്ത്രീ പീഡനകേസുകൾ കൈകാര്യം ചെയ്യാൻ പഞ്ചാ യത്തുതല കമ്മറ്റികൾ ഉണ്ടാകണം. വനിതകൾ, വനിതാ സംഘടനകൾ, മാന്യവ്യക്തികൾ അഭിഭാഷകർ തുടങ്ങിയവരെ കമ്മറ്റിയിൽ ഉൾപ്പെടുത്തണം.

2. നിർദ്ധനരും അല്പവരുമാനക്കാരുമായ സ്ത്രീകൾക്കു വേണ്ടി സംരംഭങ്ങൾ ആരംഭിക്കണം.

3. നിലവിലുള്ള സ്ത്രീ സഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം.

4. ചെറുകിട, കുടിൽ വ്യവസായങ്ങൾ ആരംഭിക്കണം. ഇവയ്ക്ക് സർക്കാർ സഹായം ലഭ്യമാക്കണം.

## വിദ്യാഭ്യാസം

| ജനസംഖ്യ | | SC | | ST | | സാക്ഷരർ | |
|---|---|---|---|---|---|---|---|
| M | F | M | F | M | F | M | F |
| 5590 | 5562 | 193 | 183 | 22 | 16 | 4770 | 4642 |

## തൊഴിൽ മേഖല

| പ്രധാന തൊഴിൽ എടുക്കുന്നവരുടെ എണ്ണം | | കർഷക തൊഴിലാളികൾ | | കന്നുകാലി വളർത്തുന്നവർ | | പാറമട തൊഴിലാളികൾ | | നിർമ്മാണ തൊഴിലാളികൾ | | മറ്റുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | | കൂലിരഹിത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | | തൊഴിലില്ലാത്തവർ | | വിധവകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| M | F | M | F | M | F | M | F | M | F | M | F | M | F | M | F | |
| 2718 | 525 | 269 | 346 | 4 | 97 | 19 | 13 | 112 | 47 | 243 | 136 | 1375 | 3212 | 850 | 1206 | 84 * |

* വിധവാ പെൻഷൻ വാങ്ങുന്നവർ - 34.

## കൂലി നിരക്ക്

| കാർഷിക മേഖല | | കെട്ടിട നിർമ്മാണം | | ചുമട് | | പാറമട | |
|---|---|---|---|---|---|---|---|
| M | F | M | F | M | F | M | F |
| 75 | 40 | 100 | 60 | 180 | 120 | 100 | 70 |

5.10

# സഹകരണം

എഴുതപ്പെട്ട രേഖകൾ അനുസരിച്ച് പൂഞ്ഞാറിലെ ആദ്യത്തെ സഹകരണസംഘം 1956 ഏപ്രിൽ 2ന് രജിസ്റ്റർ ചെയ്ത പൂഞ്ഞാർ വില്ലേജ് സഹകരണബാങ്കാണ്. എന്നാൽ അതിന് മുമ്പ് 2610-ാം നമ്പർ പൂഞ്ഞാർ വിവിധോദ്ദേശ്യസഹകരണസംഘം എന്ന നാമധേയത്തിൽ ഒരു സഹകരണസംഘം പ്രവർത്തിച്ചിരുന്നതായി കാണുന്നുണ്ട്.

പൂഞ്ഞാറിൻെറ ചരിത്രം പരിശോധിക്കുമ്പോൾ സഹകരണത്തെക്കുറിച്ചുള്ള ആധുനികസങ്കൽപങ്ങൾക്ക് അടിത്തറയായി പ്രവർത്തിച്ച സഹകരണമേഖലയിലെ ചില ആദ്യരൂപങ്ങൾ കാണാൻ സാധിക്കും. രാജവാഴ്ചയുടെ കാലഘട്ടത്തിൽ ഖജനാവിൽ നിന്നും കർഷകർക്ക് കാർഷികവൃത്തിയുടെ മെച്ചമായ നടത്തിപ്പിലേക്ക് ധനസഹായം നൽകിയതായും അവ നിശ്ചിതകാലാവധിക്ക്ശേഷം അധികപണത്തോടുകൂടി തിരിച്ച് ഈടാക്കിയിരുന്നതായും മനസ്സിലാക്കാൻ കഴിയും. ഇന്നത്തെ പലിശ സമ്പ്രദായത്തിൻെറ പ്രാഗ്-രൂപമായിരുന്നു ഇത്.

2610-ാം നമ്പർ വിവധോദ്ദേശ്യസഹകരണസംഘം 1952-ലെ 10-ാം നമ്പർ ആക്ട്പ്രകാരമാണ് രജിസ്റ്റർ ചെയ്തത്. പഴയ പൂഞ്ഞാർ തെക്കേക്കര വില്ലേജ് പ്രദേശമായിരുന്നു പ്രവർത്തന മേഖല. കൃഷി, വിപണനം, ക്ഷീരവ്യവസായം, കോഴിവളർത്തൽ, ട്രാൻസ്പോർട്ട്, പെട്രോൾ ബങ്ക് സ്ഥാപനം തുടങ്ങിയ വിവിധ മേഖലകൾക്ക് ധനസഹായം നൽകുന്ന ലക്ഷ്യത്തോടെയാണ് അത് പ്രവർത്തിച്ചിരുന്നത്. കെട്ടു തെങ്ങ് നിക്ഷേപം, കൂട്ടുകടം വായ്പ തുടങ്ങിയ പദ്ധതികളിൽ കൂടി അന്നത്തെ കാർഷിക ജീവിതത്തിന് സഹായകരമായ രീതിയിൽ ഇടസംഘം പ്രവർത്തിച്ചിരുന്നു. സഹകരണ സംഘങ്ങളെക്കുറിച്ചുള്ള അജ്ഞതകൊണ്ടും വിശ്വാസക്കുറവുകൊണ്ടും ഈ സംഘം പ്രവർത്തനരഹിതമായി.

പൂഞ്ഞാർ പഞ്ചായത്തിന് തനതായ ഒരു സഹകരണസംഘം ഇല്ല. നല്ല നിലയിൽ പ്രവർത്തിക്കുന്ന പൂഞ്ഞാർ സർവ്വീസ് സഹകരണബാങ്കും, മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണബാങ്കും പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തുകളിലായി പ്രവർത്തനമേഖല വ്യാപിപ്പിച്ചിരിക്കുന്നു.

1956- ഏപ്രിൽ 2ന് ശ്രീ എൻ. ഭാസ്കരൻ നായർ, ശ്രീ എ. പി. ബാലകൃഷ്ണൻ നായർ, ശ്രീ. സി. പി. രാമൻ നായർ എന്നിവരുടെ നേതൃത്വത്തിൽ പൂഞ്ഞാർ വില്ലേജ് സഹകരണ ബാങ്ക് എന്ന സ്ഥാപനം രൂപംകൊണ്ടു. ഇന്നാട്ടിലെ ആദ്യത്തെ സഹകരണസ്ഥാപനം എന്നറിയപ്പെടുന്ന ഈ ബാങ്കിൻെറ ആദ്യ പ്രസിഡൻറ്. ശ്രീ എൻ. ഭാസ്കരൻ നായരും, സെക്രട്ടറി ശ്രീ. എ. പി. ബാലകൃഷ്ണൻ നായരും ആയിരുന്നു. 10 രൂപ ഓഹരി വിലയിൽ 25 പേർ ചേർന്ന് 5000രൂപ മൂലധനത്തോടെയാണ് ഈ ബാങ്ക് പ്രവർത്തനം ആരംഭിച്ചത്. പൂഞ്ഞാറിലെ കൃഷിക്കാരുടെ ഉന്നതി ലക്ഷ്യമാക്കി പ്രവർത്തിച്ച ഈ സ്ഥാപനം 1958-ൽ

പ്രവർത്തനമേഖല വ്യാപിപ്പിച്ചുകൊണ്ട് പൂഞ്ഞാർ റീജിയണൽ സർവ്വീസ് സഹകരണബാങ്ക് ആയിമാറി. 1960-കളിൽ സഹകരണ മേഖലയിൽ ഒരു പുത്തൻ ഉണർവ്വുണ്ടാവുകയും സഹകരണസ്ഥാപനങ്ങൾക്ക് ഒരു ഏകീകൃതരൂപം കൈവരുകയുംചെയ്തു. 1967-ൽ ഈ ബാങ്ക് പൂഞ്ഞാർ സർവ്വീസ് സഹകരണബാങ്കായി മാറി.

1986-ൽ ബാങ്കിന് പുതിയ കെട്ടിടം ഉണ്ടായി. വളർച്ചയുടെ പാതയിൽ ഏറെ മുന്നേറിയ ഈ ബാങ്കിന് പാതാമ്പുഴ, പെരിങ്ങളം, ചേന്നാട്, പൂഞ്ഞാർ തെക്കേക്കര എന്നീ സ്ഥലങ്ങളിൽ ശാഖകൾ ഉണ്ടായി. കാർഷികപ്രധാനമായ ഈ നാട്ടിൽ കാർഷികവും, കാർഷികേതരവുമായ വിവിധ മേഖലകളിലേക്ക് സേവനം വ്യാപിപ്പിച്ചുകൊണ്ട് ഇന്ന് ഈ ബാങ്ക് നിസ്തുലമായ സേവനം കാഴ്ചവയ്ക്കുന്നു. എന്നാൽ ഇടക്കാലത്തുണ്ടായ പ്രവർത്തനങ്ങളിലെ ചില അപചയങ്ങൾ ബാങ്കിൻെറ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.

ഈ ബാങ്കിൻെറ വികസന മുന്നേറ്റത്തെകുറിക്കുന്ന 2-ചാർട്ടുകൾ ചുവടെ ചേർക്കുന്നു.

**ചാർട്ട് - 1**

| വായ്പകൾ | 93-94 | 94-95 | 95-96 |
|---|---|---|---|
| കാർഷികവായ്പ | 62 ലക്ഷം | 56 ലക്ഷം | 57 ലക്ഷം |
| പദ്ധതിവായ്പ | 3 ലക്ഷം | 4ലക്ഷം | 5 ലക്ഷം |
| ഗോൾഡ് ലോൺ | 40 ലക്ഷം | 40 ലക്ഷം | 63 ലക്ഷം |
| ഓൺ ഫണ്ട് വായ്പ | 108 ലക്ഷം | 114 ലക്ഷം | 185 ലക്ഷം |

**ചാർട്ട് 2**

| | 93-94 | 94-95 | 95-96 |
|---|---|---|---|
| നിക്ഷേപം | 245 ലക്ഷം | 368 ലക്ഷം | 402 ലക്ഷം |
| അംഗങ്ങൾ | 8685 | 8985 | 9995 |

475 -ലക്ഷം രൂപ വർക്കിംഗ് ക്യാപിറ്റലും, 32 ലക്ഷം രൂപയുടെ ഓഹരിയും, 3 ലക്ഷം രൂപയുടെ സർക്കാർ ഓഹരിയും ഈ ബാങ്കിന് ഇപ്പോൾ ഉണ്ട്.

പ്രധാനമായും കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന ഈ ബാങ്ക് ആ മേഖലയിൽ 65-ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്. കാർഷികേതര മേഖല, പദ്ധതി വായ്പ, ഐ. ആർ. ഡി. പി., എ. ഡി. പി, കൃഷിഭവൻ മുഖേനയുള്ള സർക്കാർ വായ്പ, നബാർഡ്-ൽ നിന്നുള്ള വായ്പ എന്നിവ ബാങ്ക് ഏറ്റെടുത്തു നടത്തുന്ന ബിസിനസ്സുകളിൽ പെടുന്നു. കൂടാതെ എല്ലാ വർഷവും ഓണച്ചന്ത നടത്തി പൊതുവിപണിയുടെ വില നിലവാരം നിയന്ത്രിക്കാൻ സഹായിക്കുന്നു. കൃഷി ഭവനിൽനിന്ന് വളം ബാങ്ക് വഴി വിതരണം നടത്തുന്നതും ബാങ്കിൻെറ നേട്ടമായി കണക്കാക്കാവുന്നതാണ് എന്നാൽ തൃപ്തികരമായ സേവനം കാഴ്ചവയ്ക്കുന്ന ഈ സ്ഥാപനം 1986 മുതൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഓഹരി ഉടമകൾക്ക് ലാഭവിഹിതം ലഭിക്കുന്നില്ല.

**ബാങ്ക് നഷ്ടത്തിൽ ആകാനുള്ള കാരണങ്ങൾ**

1. കുടിശ്ശിക വർദ്ധിക്കുന്നു.
2. തിരിച്ചടവ്ശേഷി പരിഗണിക്കാതെ വായ്പ നൽകുന്നു.
3. കുടിശ്ശികയായി 6-വർഷമായ വായ്പകൾക്ക് 100 % വും 3-വർഷമായതിന് 50%വും കുടിശ്ശികതുക റിസർവ് ആയി വയ്ക്കേണ്ടി വരുന്നു.
4. കുടിശ്ശിക ചിട്ടിക്ക് 12%മാത്രം പലിശ തുക ഈടാക്കുന്നു.

**പരിഹാരമാർഗ്ഗങ്ങൾ**

1. കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കുക.
2. തിരിച്ചടവ് ശേഷി പരിഗണിച്ച് മാത്രം വായ്പകൾ നൽകുക.
3. കുടിശ്ശികക്ക് റിസർവ് മാനദണ്ഡം ശാസ്ത്രീയമായി പരിഷ്കരിക്കുക
4. ചിട്ടി കുടിശ്ശികയ്ക്ക് ഓൺ ഫണ്ട് ലോണിൻെറ പലിശ ഈടാക്കുക
5. വസ്തുവിൻെറ മൂല്യനിർണയത്തിൽ ചുമതലപ്പെടുത്തിയ ജീവനക്കാരൻെറ അഭിപ്രായവുംകൂടി പരിഗണിക്കുക.

**ഉപഭോക്താക്കൾക്ക് അനുഭവപ്പെടുന്ന ചില വൈഷമ്യങ്ങൾ പരിഹരിക്കുന്നതിന് ചില നിർദ്ദേശങ്ങൾ**

1. വസ്തു ഈടിന്മേലുള്ള വായ്പകൾക്കുള്ള നടപടിക്രമങ്ങൾ ലളിതമാക്കുക.

2. പണയാധാരത്തിന്റെ രജിസ്ട്രേഷൻ ഫീസ് കുറയ്ക്കുക. കാർഷികവികസനബാങ്കിന്റെ നടപടി ക്രമങ്ങൾ മാനദണ്ഡമായി സ്വീകരിക്കുക

3. പൂഞ്ഞാർ ടൗണിൽ ഏജൻസി വ്യവസ്ഥയിൽ പ്രവർത്തിച്ചിരുന്ന കൺസ്യൂമർ സ്റ്റോർ ഇപ്പോൾ പ്രവർത്തനരഹിതമാണ്. അത് തുറന്നു പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

പൂഞ്ഞാർ പഞ്ചായത്തു പ്രദേശംകൂടി പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്ന മറ്റൊരു സഹകരണസ്ഥാപനമാണ് മീനച്ചിൽ ഈസ്റ്റ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്. പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ പ്രവർത്തിക്കുന്നതായതിനാൽ ഈ ബാങ്കിനെ കുറിച്ച് വിശദമായ പഠനം നടത്തിയിട്ടില്ല. 1978-ൽ പ്രവർത്തനം ആരംഭിച്ച ഈ ബാങ്കിന്റെ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>നിക്ഷേപങ്ങൾ</u>

| | |
|---|---|
| സ്ഥിരം നിക്ഷേപം | രൂ 87,00,000 |
| ഹ്രസ്വകാല നിക്ഷേപം | രൂ 9,00,000 |

<u>വായ്പകൾ</u>

| | |
|---|---|
| കാർഷികേതരവായ്പകൾ | രൂ 86,00,000 |
| കാലാവധിക്ക്ശേഷം പിരിഞ്ഞ് കിട്ടാനുള്ള കാർഷികേതരവായ്പ | രൂ 12,00,000 |

പൂഞ്ഞാർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക വനിതാ സഹകരണസംഘം ആണ് 1992-ൽ സ്ഥാപിതമായ പൂഞ്ഞാർ വനിതാസർവ്വീസ് സഹകരണസംഘം. പൂഞ്ഞാർ, തിടനാട്, ഈരാറ്റുപേട്ട, തലപ്പലം, തീക്കോയി, തലനാട് എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന വിസ്തൃതമായ പ്രവർത്തനമേഖല ഉണ്ടെങ്കിലും പ്രവർത്തനം തികച്ചും ശുഷ്കമാണ്.

<u>ബാങ്കിന്റെ ആസ്തി - ബാദ്ധ്യതകൾ</u>

| | |
|---|---|
| ആകെ അംഗങ്ങൾ | 165 |
| ഓഹരി തുക | 8075 രൂപ |
| സർക്കാർ ഓഹരി | 15000 രൂപ |
| നൽകിയിട്ടുള്ള വായ്പ | 20000 രൂപ |

സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ബാല്യദശയിലാണ് എങ്കിലും മുരടിപ്പ് അനുഭവപ്പെടുന്നുണ്ട്. നിക്ഷിപ്തതാല്പര്യങ്ങളുടെ വേരറുത്ത് സഹകരണ - ജനാധിപത്യത്തിന്റെ കാറ്റും വെളിച്ചവും പ്രവേശിക്കാൻ അനുവദിച്ചാൽ മാത്രമേ ഈ ബാങ്കിന്റെ പ്രവർത്തനം സുഗമവും, കാര്യക്ഷമവും ആവുകയുള്ളു.

110 അംഗങ്ങളും 1100 രൂപയുടെ മൂലധനവും ഉള്ള ചേന്നാട് ക്ഷീരോൽപാദക സഹകരണസംഘം ചേന്നാട് ആസ്ഥാനമായി പൂഞ്ഞാർ പഞ്ചായത്തിലെ 5,6,7 വാർഡുകൾ പ്രവർത്തന മേഖലയായി പ്രവർത്തിക്കുന്നുണ്ട്.

വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്ന ഒരു ഏജൻസി ആയി പ്രവർത്തിക്കുന്ന എസ്. എം. വി. ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിലവിൽ പ്രവർത്തിക്കുന്നു. അദ്ധ്യാപകർ തന്നെ സൊസൈറ്റിയുടെ ചുമതലകൂടി കൈകാര്യം ചെയ്യേണ്ടിവരുന്നതുകൊണ്ട് വിലപ്പെട്ട അദ്ധ്യാപനസമയങ്ങൾ നഷ്ടപ്പെടുന്നു. ഓപ്പൺ മാർക്കറ്റുമായി മത്സരിച്ച് വിദ്യാർത്ഥികൾക്ക് ആവശ്യമായ ഇതര സാധനങ്ങൾ വിതരണം ചെയ്യാൻ ഈ സൊസൈറ്റിക്ക് കഴിയുന്നില്ല. ഒരു പൊതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ യൂണിഫോറം ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് ആവശ്യമായ വസ്തുക്കൾ സംസ്ഥാനമൊട്ടാകെ വിതരണം ചെയ്യുന്ന ഒരു ശൃംഖല രൂപപ്പെട്ട് സൊസൈറ്റി അതിന്റെ ഭാഗമായാൽ മാത്രമേ ഇത്തരം സൊസൈറ്റികൾ അഭിവൃദ്ധിപ്പെടുകയുള്ളു.

പഴം, പച്ചക്കറി സഹകരണസംഘം എന്ന പേരിൽ ഒരു സഹകരണസംഘം ഈ പഞ്ചായത്തിൽ ഉള്ളതായി ജില്ലാബാങ്കിന്റെ വോട്ടർ പട്ടികയിൽ കാണുന്നു. എന്നാൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നില്ല. കർഷകർക്ക് ഏറെ ആശ്വാസം പകരാൻ കഴിയുന്ന ഈ സഹകരണസംഘം കൂടുതൽ കർഷകരെ അംഗങ്ങളായി ചേർത്ത് പുനരുജ്ജീവിപ്പിക്കുകയോ, മൃതപ്രായമായ ഇതിന്റെ അംഗീകാരം റദ്ദാക്കി പുതിയ സംഘം രൂപീകരിക്കുകയോ ചെയ്യണം.

കൂടാതെ സഹകരണപ്രസ്ഥാനം ചെന്നെത്താത്ത വിവിധ മേഖലകൾ ഈ പഞ്ചായത്തിൽ ഉണ്ട്. അവ കണ്ടെത്തി സഹകരണപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് ഒരു സഹകരണസംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കാൻ ചില നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. കാർപ്പെൻററി സഹകരണസംഘം സ്ഥാപിക്കുക.

2. റെഡിമെയ്ഡ്, സോപ്പ്, തീപ്പെട്ടി മുതലായവയുടെ നിർമ്മാണ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

3. ഹരിജൻ സഹകരണസംഘം സ്ഥാപിക്കുക.

4. പഴം, പച്ചക്കറി സഹകരണസംഘം സ്ഥാപിക്കുക.

5. റബ്ബർ ഉൽപന്ന നിർമ്മാണസഹകരണസംഘം സ്ഥാപിക്കുക.

6. തേനുൽപാദകസഹകരണസംഘം സ്ഥാപിക്കുക

7. സഹകരണബാങ്കിൻെറ മേൽ നോട്ടത്തിൽ ഒരു കൺസ്യൂമർ സ്റ്റോർ സ്ഥാപിക്കുക.

കൂട്ടായ്മയിലൂടെ സഹകരണത്തിൻെറ സന്ദേശം പൂഞ്ഞാറിൻെറ സാമൂഹ്യസംസ്കാരത്തിൻെറ ഭാഗമായാൽ വികസനം തേടുന്ന ഈ ഗ്രാമത്തിന് ഏറെ ചുവടുകൾ മുന്നോട്ട് വയ്ക്കാൻ കഴിയും.

# 5. 11 പട്ടികജാതി പട്ടികവർഗക്ഷേമം

ചരിത്രാതീതകാലം മുതൽ മണ്ണിൻെറ മക്കളായി ജീവിച്ചു പോരുന്നവരാണ് പട്ടികജാതി/വർഗ്ഗവിഭാഗത്തിൽ പെട്ടവർ. കാലം നടന്നുനീങ്ങിയപ്പോഠം സമൂഹത്തിൻെറ പുറംതിണ്ണയിൽ ഇവർ ഒറ്റപ്പെട്ടു. ഫ്യൂഡലിസത്തിൻെറ നാളുകളിൽ വ്യത്യസ്ത ജോലി കഠംക്കായി വിധിക്കപ്പെട്ട അധഃസ്ഥിതരായി. സ്വാതന്ത്ര്യാനന്തരകാലത്ത് മാറ്റത്തിൻെറ ചെറുചലനങ്ങഠം അനുഭവപ്പെട്ടെങ്കിലും ഭൂതകാലത്തിൻെറ വൈകൃതങ്ങളും ജീർണതകളും ഇപ്പോഴും വേട്ടയാടിക്കൊണ്ടിരിക്കുന്നു. സമ്പന്നമായ ഒരു ഭൂതകാലസംസ്ക്കാരം ഇവർക്കുണ്ടായിരുന്നു. ഈ വിഭാഗത്തിൻെറ ഉദ്ധാരണത്തിൽ കൂടിയല്ലാതെ സാമൂഹ്യനീതിയും പുരോഗതിയും കൈവരിക്കാനാവില്ല. ചരിത്രപരമായ കാരണങ്ങളാൽ മതപരിവർത്തനം ചെയ്യപ്പെട്ട ദളിത് വിഭാഗത്തിനും അക്കാരണത്താൽ മാത്രം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഭാഗത്തിനും പട്ടികജാതി/വർഗ്ഗവിഭാഗത്തിനുള്ള ആനുകൂല്യങ്ങഠം നൽകേണ്ടതാണ്.

കാർഷികനിയമം നടപ്പിലായതോടുകൂടി കുടികിടപ്പവകാശം ലഭിക്കുകയും സാമൂഹ്യപുരോഗതിക്ക് അടിത്തറ പാകുകയുംചെയ്തു. സർക്കാരിൽനിന്നും കാലാകാലങ്ങളിൽ ലഭ്യമായ സൗജന്യങ്ങഠം ചെറിയ തോതിലെങ്കിലും സാമൂഹ്യപുരോഗതിക്ക് കാരണമായിട്ടുണ്ട്.

ഈ പഞ്ചായത്തിൽ 92 പട്ടികജാതി കുടുംബങ്ങളും ആറു പട്ടികവർഗ്ഗകുടുംബങ്ങളുമുണ്ട്. ആകെ ജനസംഖ്യ 1991 ലെ സെൻസസ് പ്രകാരം 419 ആണ്. ഈ കുടുംബങ്ങഠംക്ക് സ്വന്തമായി വാസയോഗ്യമായ വീടുകഠം ഉണ്ട്. വീടുവയ്ക്കുവാനുള്ള സ്ഥലത്തിൻെറ അഭാവത്താൽ ഒരു കൂരയ്ക്കു കീഴിൽ കഴിയുന്ന പല കുടുംബങ്ങളുമുള്ളതുകൊണ്ട് വീടില്ലാത്തവരും ഫലത്തിൽ ഉണ്ട്. മിക്ക വീടുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. വയറിംഗ് കഴിഞ്ഞ് വൈദ്യുതി കാക്കുന്ന വീടുകളുമുണ്ട്. കക്കൂസ് ഇല്ലാത്ത വീടുകഠം അപൂർവ്വമാണ്. ജലദൗർലഭ്യം ഈ പഞ്ചായത്തിൽ ഒരു ശാപമായതിനാൽ കുടിവെള്ളക്ഷാമത്തിൻെറ കെടുതിയിൽ നിന്ന് പട്ടികജാതി/വർഗ്ഗവീടുകളും മോചിതമല്ല.

സാംക്രമികപകർച്ചവ്യാധികളിൽനിന്നും ഏറെക്കുറെ മോചിതരാണ് പട്ടികജാതി/വർഗ്ഗകുടുംബങ്ങഠം. ക്ഷയം ക്യാൻസർ എന്നിവ ബാധിച്ചവർ നാമമാത്രമായുണ്ട്. ജി. വി. രാജാ മെമ്മോറിയൽ ആശുപത്രിയും ഒരു ഹോമിയോ ആശുപത്രിയും സർക്കാർ ഉടമയിൽ ഉണ്ടെങ്കിലും വിദഗ്ദ്ധചികിത്സയ്ക്കായി വിദൂര ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നു.

ഉയർന്ന സാക്ഷരതാ നിലവാരം പുലർത്തുന്ന നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി/വർഗ്ഗവിഭാഗത്തിൻേറയും വിദ്യാഭ്യാസനിലവാരം മെച്ചപ്പെട്ട നിലയിലാണ്.

അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരുടെ എണ്ണം 40 ആണ്. പരമ്പരാഗത തൊഴിലെടുത്തു ജീവിക്കുന്നവരുടെ എണ്ണം

കുറഞ്ഞുവരുന്നു. കാർഷികമേഖലയിലും ജോലി ചെയ്യുന്നവരുടെ എണ്ണം കുറയുകയാണ്. സ്വന്തമായി കൃഷിഭൂമി ഉള്ളവർ ഇല്ല.

നിർദ്ദേശങ്ങൾ

1. വിദ്യാഭ്യാസഗ്രാൻറുകൾ വർദ്ധിപ്പിക്കണം.

2. കോളനികളോട് അനുബന്ധിച്ച് അംഗൻവാടികളും നഴ്സറി സ്ക്കൂളുകളും തുറക്കണം.

3. പട്ടികജാതി/വർഗ്ഗത്തിനുവേണ്ടിമാത്രം സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കണം.

4. ഒന്നിലധികം കുടുംബങ്ങൾ അധിവസിക്കുന്ന വീടുകളിലുള്ളവരെ റവന്യൂ പി. ഡബ്ളിയു. ഡി പഞ്ചായത്ത് കുത്തകപ്പാട്ടം പുറമ്പോക്കുകളിൽ പുനരധിവസിപ്പിക്കുക

5. സർക്കാർ ഭൂമി കൂട്ടുകൃഷിക്ക് പട്ടികജാതി/ വർഗ്ഗങ്ങൾക്ക് നൽകുക.

6. ജില്ലാ താലൂക്ക് പട്ടികജാതി/വർഗ്ഗ കോർപ്പറേഷനുകൾ വഴി വിതരണം ചെയ്യുന്ന പദ്ധതികൾ തുക വർദ്ധിപ്പിച്ചുകൊണ്ട് പഞ്ചായത്തു വഴി നടപ്പാക്കുക.

7. പരമ്പരാഗത തൊഴിലെടുക്കുന്നവർക്ക് സാമ്പത്തികസഹായവും ആധുനിക ഉപകരണങ്ങളും നൽകുക.

8. സർക്കാർ പദ്ധതികളെക്കുറിച്ചു ബോധവൽക്കരണം നടത്തുകയും ഗുണഭോക്താക്കൾ അവ ദുരുപയോഗപ്പെടുത്തുന്നില്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

9. 60 വയസ്സിനു മുകളിലുള്ളവർക്ക് പെൻഷൻ നടപ്പാക്കുക

10. സെറ്റിൽമെൻറു കോളനികളിൽ മാസത്തിൽ ഒരു തവണയെങ്കിലും ഡോക്ടറുടെ സന്ദർശനം ഉറപ്പാക്കുക.

11. പരമ്പരാഗത കായിക കലാരൂപങ്ങൾ പുനരുജ്ജീവിപ്പിക്കുക.

12. വീടുകളോട് അനുബന്ധിച്ച് പച്ചക്കറി തോട്ടങ്ങൾ നിർമിക്കാൻ സാമ്പത്തികസൗകര്യവും വിപണനസൗകര്യവും ലഭ്യമാക്കുക.

13. വളർത്തുമൃഗങ്ങളെ പരിപാലിക്കാനുള്ള സാമ്പത്തികസഹായവും പരിശീലനവും വിപണനസൗകര്യവുംഉണ്ടാക്കുക.

14. ഇടയ്ക്കുവച്ച് വിദ്യാഭ്യാസം നിറുത്തേണ്ടിവരുന്ന കുട്ടികൾക്ക് തുടർവിദ്യാഭ്യാസത്തിനുവേണ്ട സൗകര്യങ്ങൾ ചെയ്യുക.

15. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ നൽകുക.

16. പൊതുശ്മശാനം നിർമിക്കുക.

17. ഓ. എൽ. എച്ച് കോളനികളിലെ ഇരുവീടുകൾ ഒറ്റവീടുകളാക്കിമാറ്റുക.

18. ചെറകിട വ്യവസായയൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

19. വിവാഹം, പ്രസവം, മരണാനന്തരക്രിയകൾ എന്നിവയ്ക്കാവശ്യമായ സാമ്പത്തികസഹായം നൽകുക.

1991-ലെ സെൻസസ് പ്രകാരം ജനസംഖ്യ

| | കുടുംബം | പുരു | സ്ത്രീ |
|---|---|---|---|
| പട്ടികജാതി | 92 | 193 | 92 |
| പട്ടികവർഗ്ഗം | 6 | 22 | 6 |

തൊഴിൽ പട്ടിക

സർക്കാർ ജോലി

| | പുരു | സ്ത്രീ |
|---|---|---|
| പട്ടികജാതി | 6 | 3 |
| പട്ടികവർഗ്ഗം | 6 | 2 |

പട്ടികജാതിയിൽ ഒരു എം. ബി. ബി.എസ് ഡോക്ടർ ഉൾപ്പെടുന്നു.

# 5. 12 വിഭവസമാഹരണം

ആസൂത്രണം നിർവഹണം എന്നതുപോലെ വിഭവസമാഹരണത്തിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കണമെന്ന കാഴ്ചപ്പാടാണ് 9-ാം പഞ്ചവത്സരപദ്ധതിയെ സംബന്ധിച്ചുള്ളത്. കാർഷിക വ്യാവസായികമേഖലകളാണ് വിഭവസമാഹരണത്തിൻെറ ഉറവിടം.

നാണ്യവിളകൾ പ്രത്യേകിച്ചും റബർ തോട്ടങ്ങൾ അധികമായുള്ള നമ്മുടെ ഗ്രാമം കാർഷികമേഖലയിൽ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു. പരമ്പരാഗതകൃഷിരീതിയിൽ നിന്നും ഗ്രാമം വ്യതിചലിച്ചതോടെ കായികാദ്ധ്വാനം മാത്രം കൈമുതലായുള്ളവർക്ക് ജീവിതായോധനത്തിന് മറ്റു മാർഗ്ഗങ്ങൾ ആശ്രയിച്ചു. കാർഷികരംഗത്താകെ ഇന്ന് അധ്വാനശീലരുടെ അഭാവം പ്രകടമാകുന്നുണ്ട്. തൂമ്പാപ്പണിയെടുക്കുന്നവർ തെങ്ങുകയറ്റക്കാർ എന്നിവർ കുറഞ്ഞുവരുന്നു. ആധുനിക വിദ്യാഭ്യാസരീതിയും സമൂഹത്തിൻെറ വികലവീക്ഷണവും കായികാദ്ധ്വാനത്തെ വിലകുറച്ചു കാണുന്നു. അധ്വാനത്തിനു മാന്യത നൽകുന്ന തൊഴിൽ സംസ്കാരം വളർത്തേണ്ടിയിരിക്കുന്നു. വിഭവസമാഹരണത്തിനുള്ള മനുഷ്യാദ്ധ്വാനസമ്പാദനത്തിന് ഇതത്യാവശ്യമാണ്.

രാസവളത്തിൻെറ തുടർചയായ ഉപയോഗത്താൽ മണ്ണിൻെറ പോഷണം നഷ്ടപ്പെട്ടതും കാർഷികവിളകളുടെ വിലക്കുറവും കാർഷികരംഗത്തുനിന്നും ആളുകൾ ഒഴിഞ്ഞുപോയതിനു കാരണമായിട്ടുണ്ട്. ഇവയ്ക്കു പരിഹാരം കണ്ടെത്തി കർഷകരേയും കാർഷികരംഗത്ത് പണിയെടുക്കുന്നവരേയും നിലനിറുത്തണം.

വ്യവസായരംഗം ശുഷ്ക്കവും ശോചനീയവുമാണ്. വൻകിടവ്യവസായങ്ങൾ ഇല്ല. നാമമാത്രമായ ചെറുകിട വ്യവസായങ്ങൾ എട്ടുവാർഡുകളിലായി 15 എണ്ണം ഉണ്ട്. തൊഴിൽദായകരാകാൻ ഇവയ്ക്കു കഴിയുന്നില്ല. അതുകൊണ്ട് വിഭവസമാഹരണത്തിലും ഇവരുടെ പങ്ക് ചെറുതായിരിക്കും.

കാർഷികവ്യാവസായികരംഗത്തെ പരിമിതികൾ മൂലം വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ ആരായേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൻെറ 95-96 ലെ വരവ് 232682 രൂപയും ചെലവ് 321115 രൂപയുമാണ്. വരുമാനത്തേക്കാൾ ചെലവ് 38% കൂടുതലായി വരുന്നതുകൊണ്ട് വികസനപ്രവർത്തനങ്ങൾക്ക് ഗവണ്മെൻറ് ഗ്രാൻറുകളേയും ഇതരവരുമാനമാർഗ്ഗങ്ങളേയും ആശ്രയിക്കേണ്ടിവരുന്നു.

## ധനസ്ഥിതി സംബന്ധിച്ച വിവരങ്ങൾ (1995 - 96)

| | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 1,60,000 | 46,000 | 1,14,000 |
| സർവീസ് ചാർജ്ജ് | - | - | - |
| തൊഴിൽ നികുതി | 60,000 | 55,000 | 5,000 |
| വാഹന നികുതി | - | - | - |
| വിനോദ നികുതി | - | - | - |
| അഡീ: വിനോദ നികുതി | - | - | - |
| പ്രദർശന നികുതി | - | - | - |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | - | - | - |
| ചന്ത വരവ് | - | - | - |
| ലാൻറ് സെസ്സ് | - | - | - |
| ലൈസൻസ് ഫീസ് | 1,250 | 1,250 | - |
| കെട്ടിട നികുതി സർചാർജ്ജ് | - | - | - |
| വസ്തുകൈമാറ്റ നികുതി 75 % | 35,902 | 35,902 | - |
| വസ്തുകൈമാറ്റ നികുതി 25 % | - | - | - |
| സർക്കാർഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | - | - | - |
| സംഭാവന | - | 5,000 | - |
| ഡെപ്പോസിറ്റ് | - | 875 | - |
| മറ്റുള്ളവ | 44,452 | 44,452 | - |
| ആകെ | 3,01,604 | 1,88,479 | 1,19,000 |

വാഹനനികുതി, വിനോദനികുതി അഡീഷണൽ വിനോദനികുതി, പ്രദർശന നികുതി, ചന്തവരവ്, ലാൻറ്സെസ്സ്, കെട്ടിടനികുതി സർചാർജ്ജ് തുടങ്ങിയ മറ്റു നികുതികൾ ഈ പഞ്ചായത്തിനു കിട്ടുന്നില്ല.

(ഗ്രാൻറുകൾ സംബന്ധിച്ച വിവരങ്ങൾ)

| വർഷം | VRM രൂപ | MI രൂപ | VTC രൂപ | അടിസ്ഥാന നികുതി 25 % രൂപ | അടിസ്ഥാന നികുതി 75 % രൂപ | Spl Grand രൂപ | JRY രൂപ | അൺ ടൈഡ് ഫണ്ട് രൂപ | ആകെ |
|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | |
| | തുക | | | | | | | | |
| 1991-92 | 10,209 | - | 777 | - | 38655 | 50000 | 127800 | 158300 | 38743 |
| 92 - 93 | 9997 | - | 17366 | - | 38763 | - | 148000 | 161000 | 375126 |
| 93 - 94 | 9590 | - | - | - | 38288 | 100000 | 113600 | 155300 | 416778 |
| 94 - 95 | 9780 | - | 23000 | - | 45883 | - | 78900 | 220100 | 377663 |
| 95 - 96 | 9650 | - | 92360 | - | 47241 | - | 94100 | 200840 | 444991 |

ഏതാണ്ട് 200-ൽ അധികം ഗ്രാമീണർ ഈ ഗ്രാമത്തിൽ നിന്നും വിദേശത്തു ജോലി ചെയ്യുന്നവരായിട്ടുണ്ട്. അവരുടെ സമ്പാദ്യങ്ങൾ ഇവിടെ കെട്ടികിടപ്പുണ്ട്. കുറെ പ്രത്യുല്പാദനപരമായ മേഖലകളിൽ ചെലവഴിക്കുന്നു. ഇവരുടെ നിക്ഷേപങ്ങൾ വ്യവസായരംഗത്തേയ്ക്കു തിരിച്ചുവിടാൻ കഴിഞ്ഞാൽ അതു ഗ്രാമത്തിനും രാജ്യത്തിനും നേട്ടമായിരിക്കും. ഇവരെ വ്യവസായരംഗത്തേയ്ക്കു ആകർഷിക്കാനും പ്രചോദിപ്പിക്കാനും കഴിയണം. ഇവരുടെ വിദേശ ബന്ധവും സാങ്കേതികപരിജ്ഞാനവും അദ്ധ്വാനശേഷിയും മൂലധനത്തോടൊപ്പം ഉപയോഗിക്കാൻ കഴിഞ്ഞാൽ അത് ഏറെ നേട്ടമുണ്ടാക്കും.

തൊഴിൽ എടുക്കുന്ന മുഴുവൻ ആൾക്കാരിൽ നിന്നും നികുതിപിരിക്കാൻ കഴിയുന്നില്ല. സർക്കാർ ജീവനക്കാരിൽ നിന്നും കൃഷിക്കാരിൽ നിന്നും മാത്രമേ നികുതി കൃത്യമായി പിരിക്കുന്നുള്ളൂ. നികുതി പിരിക്കുന്ന മാനദണ്ഡത്തിലും വ്യവസ്ഥയിലും കാലോചിതമായ മാറ്റംവേണം.

കെട്ടിടനികുതി തറവിസ്തീർണ്ണം മാത്രം കണക്കാക്കി പിരിക്കുന്ന ഇന്നത്തെ രീതി മാറ്റണം. കെട്ടിടം നിർമിക്കാനും ആകർഷകമാക്കാനും ഉപയോഗിക്കുന്ന വസ്തുക്കൾകൂടി മാനദണ്ഡമായി സ്വീകരിക്കണം.

നാഷണലൈസ്ഡ് ബാങ്കുകളുടെ പ്രവർത്തനമേഖലയിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ ഒരു ഭാഗം അവിടെത്തന്നെ വികസനപ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താൻ കഴിയണം. നാഷണലൈസ്ഡ് ബാങ്കിൻെറ ഒരു ശാഖ ഇവിടെ തുറക്കുന്നത് ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും.

ഷോപ്പിംഗ് കോംപ്ളക്സിൻെറ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിച്ചാൽ ഇത് നല്ലൊരു വരുമാനമാർഗ്ഗമായിരിക്കും. ഒരു പബ്ളിക് മാർക്കറ്റിൻെറ അഭാവം അനുഭവപ്പെടുന്നുണ്ട്. അതും വരുമാനത്തിനുള്ള മറ്റൊരു മാർഗ്ഗമാണ്. ടാക്സി-ഓട്ടോ സ്റ്റാൻറ് സ്ഥാപിച്ചും വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

മനുഷ്യാദ്ധ്വാനം ആണ് ഏറ്റവും വലിയ വിഭവം. അതു നമുക്കു ധാരാളമുണ്ട്. കായികാധ്വാനത്തോടുള്ള അവജ്ഞമാറ്റി ഇവരുടെ അദ്ധ്വാനം ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ അത് വലിയൊരു നേട്ടമായിരിക്കും. ഓരോ വാർഡിൽ നിന്നും കായികാദ്ധ്വാനം സംഭാവന ചെയ്യാൻ കഴിയുന്ന 20 സന്നദ്ധസേവകരെ കണ്ടെത്തി ഒരു മാസം രണ്ടുദിവസം അവരുടെ സേവനംപ്രയോജനപ്പെടുത്തിയാൽ ഒരു വർഷം 3840 മനുഷ്യദിനം ഉപയോഗപ്പെടുത്താം. ഇത് ഏതാണ്ട് 384000 രൂപയ്ക്കു തുല്യമാണ്. വികസനസംസ്ക്കാരത്തിൽ ഇതിൻെറ സംഭാവന ചെറുതല്ല.

നിർദ്ദേശങ്ങൾ

1. തൊഴിൽ എടുക്കുന്ന എല്ലാവരേയും തൊഴിൽ നികുതിയിൽ ഉൾപ്പെടുത്തുക

2. കാർഷിക നികുതി ശാസ്ത്രീയമായി പരിഷ്ക്കരിക്കുക.

3. കെട്ടിട നികുതി ശാസ്ത്രീയമായി പരിഷ്ക്കരിക്കുക.

4. ബാങ്കുകളുടെ നിക്ഷേപത്തിൻെറ ഒരു ഭാഗം ഗ്രാമവികസനത്തിന് ഉപയോഗപ്പെടുത്തുക

5. നാഷണലൈസ്ഡ് ബാങ്കിൻെറ ഒരു ശാഖ തുടങ്ങുക. ബാങ്കിടപാടുകളിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുക.

6. ഷോപ്പിംഗ് കോംപ്ളക്സ് പണിതീർത്ത് പ്രവർത്തിപ്പിക്കുക

7. ടാക്സി -ഓട്ടോ സ്റ്റാൻഡ് പണിയുക

8. വിദേശ മലയാളി മൂലധനം സാങ്കേതികപരിജ്ഞാനം അദ്ധ്വാനം എന്നിവ വികസനരംഗത്തേയ്ക്ക് ആകർഷിക്കാൻ നപടി സ്വീകരിക്കുക

9. വാർഡുതലത്തിൽ വികസനസേന ഉണ്ടാക്കുക

10. ഗ്രാൻറുകൾ പിരിക്കുന്ന മേഖലയിൽ വെച്ച്തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം

11. ദേശീയസമ്പാദ്യപദ്ധതിയിൽ നിക്ഷേപം വർദ്ധിപ്പിച്ച് ആദായമുണ്ടാക്കുക

12.വസ്തുവിൻെറ താരിപ്പ് വില നിർണ്ണയിക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുക

13. കിണറുകൾ, കുളങ്ങൾ കുഴൽ കിണറുകൾ, പാലങ്ങൾ റോഡുകൾ എന്നിവയുടെ നിർമ്മാണങ്ങൾ പൂർത്തീകരിക്കപ്പെടുമ്പോൾ ഗുണഭോക്താക്കളിൽനിന്നും പ്രത്യേകനികുതി പിരിക്കുക

14. പഞ്ചായത്തിൽ നിന്നും വാടകവീടുകൾ നിർമിച്ച് കൊടുക്കുക.

6

# ഉപസംഹാരം

സാമ്പത്തികാസൂത്രണ ചരിത്രത്തിൽ കേരളം ഒരു പുതിയ ശൈലിക്ക് രൂപം നൽകുകയാണ്. നിലവിലുള്ള ആസൂത്രണ സങ്കല്പത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഈ പുതിയ വികസനതന്ത്രം. കോൺക്രീറ്റ് സൗധങ്ങളും റോഡുകളും പാലങ്ങളും കുടിവെള്ളവുമായാൽ വികസനമായി എന്ന ധാരണ മാറ്റേണ്ട കാലം കഴിഞ്ഞിരിക്കുന്നു. കാർഷിക വ്യാവസായിക മേഖലകളെ ഗ്രസിച്ചിരിക്കുന്ന മുരടിപ്പ് അവസാനിപ്പിക്കാനും സേവനതുറകളിൽ കടന്നുകൂടിയിരിക്കുന്ന നിലവാരത്തകർച്ച തടയാനും നമുക്കു കഴിയണം. വമ്പിച്ച തോതിൽ ജനങ്ങളെ അണി നിരത്തി ജനകീയാസൂത്രണപ്രസ്ഥാനത്തിലൂടെ ഈ ലക്ഷ്യം നേടാൻ കഴിയും. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സന്നദ്ധ സേവകരും ഉദ്യോഗസ്ഥരും വിദഗ്ദ്ധരും കൂട്ടായി പ്രവർത്തിക്കുന്ന ഒരു വികസന സംസ്ക്കാരമാണ് ജനകീയാസൂത്രണപരിപാടികളി ലൂടെ രൂപപ്പെടുന്നത്. ഈ ഭാരിച്ച ഉത്തരവാദിത്വമാണ് തദ്ദേശസ്വ യംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പോകുന്നത്.

വിശ്വാസങ്ങളും കീഴ്വഴക്കങ്ങളും മാമൂലുകളുമെല്ലാം കീഴ്മേൽ മറിച്ച് കൊണ്ടല്ലാതെ വികസനരംഗത്ത് പരിവർത്തനം സാദ്ധ്യമല്ല. കേന്ദ്രീകൃത ആസൂത്രണപരിപടികളും ഉദ്യോഗസ്ഥ മേധാവിത്വവും അവസാനിപ്പിക്കാൻ കഴിയണം. അഴിമതി, ധൂർത്ത് സ്വജനപക്ഷപാതം തുടങ്ങിയ തിന്മകളിൽ നിന്നും വികസനരംഗത്തെ മോചിപ്പിക്കുകയും ജനപങ്കാളിത്തമുറപ്പാക്കുകയും വേണം. സർക്കാർ ഫണ്ടിനെ മാത്രം ആശ്രയിച്ചുള്ള വികസനം ആശാസ്യമില്ല. കൂടുതൽ വിഭവങ്ങൾ കണ്ടെത്തി വികസനരംഗം ഉണർത്തണം. ഈ പ്രവർത്തനങ്ങളിൽ കക്ഷിരാഷ്ട്രീയതാല്പര്യങ്ങൾക്കതീതമായി ജനങ്ങൾ പങ്കെടുക്കണം.

കേരളസർക്കാർ ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചിരിക്കുകയാണ്. പദ്ധതി അടങ്കലിൻെറ 30-40 ശതമാനം വരുന്ന തുക പഞ്ചായത്തുകൾക്കായി നീക്കിവെച്ചിരിക്കുന്നു. ഒരു പഞ്ചായത്തിന് അടുത്ത അഞ്ചുവർഷംകൊണ്ട് ഏതാണ്ട് 5 കോടി യോളംരൂപ വികസനത്തിനുവേണ്ടി വിനിയോഗിക്കാൻ കഴിയും. ഈ തുക ഫലപ്രദമായി വിനിയോഗിക്കാൻ നമുക്കു കഴിയണം. അതിനു സമയബന്ധിതമായ ജനകീയാസൂത്രണപരിപാടികളു ടെ ഓരോ ഘട്ടവും പൂർത്തിയാക്കേണ്ടതുണ്ട്.

ഗ്രാമസഭകൾ കൂടുക എന്ന ആസൂത്രണത്തിൻെറ ആദ്യ ഘട്ടം കഴിഞ്ഞു. ഗ്രാമസഭകളിൽ വമ്പിച്ച ജനപങ്കാളിത്തം ഉണ്ടാ യിരുന്നുവെന്നത് ആവേശകരമായ അനുഭവമായിരുന്നു. ഭാവി പ്രവർത്തനത്തിന് ഇത് പ്രചോദനമായിരുന്നു. ഓരോ വാർഡും നേരിടുന്ന പ്രശ്നങ്ങൾ ഗ്രാമസഭകൾ ചർച്ചചെയ്ത് പരിഹാ രങ്ങൾ നിർദ്ദേശിച്ചു.

ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടേയും വിവിധ ഓഫീസുകളിൽ നിന്നും ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാ

നത്തിൽ വികസനരേഖ തയ്യാറാക്കുക എന്നതായിരുന്നു രണ്ടാം ഘട്ടം. ഇതിനായി 12 കൺവീനർമാരുടെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളെക്കുറിച്ചു പഠിച്ചു റിപ്പോർട്ടു തയ്യാറാക്കാൻ പ്രത്യേകം പ്രത്യേകം കമ്മിറ്റി രൂപീകരിച്ചു. ഏതാണ്ട് അഞ്ഞൂറോളം മനുഷ്യ ദിനങ്ങൾ ഇതിനുവേണ്ടി ചെലവഴിക്കേണ്ടിവന്നു.

മൂന്നാംഘട്ടം വികസന സെമിനാറാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, പഞ്ചായത്തുഭരണസമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ തുടങ്ങിയവർ സെമിനാറിൽ പങ്കെടുക്കുന്നു. വികസന സെമിനാർ ചർച്ച ചെയ്ത് വികസനരേഖ പൂർണ്ണമാക്കുകയും സ്ക്കീം തയ്യാറാക്കുന്നതിന് കർമ്മസമിതികളെ നിയോഗിക്കുകയുംചെയ്യുന്നു.

ഇങ്ങനെ ഉണ്ടാക്കിയിട്ടുള്ള പദ്ധതികൾ (സ്ക്കീമുകൾ) ശാസ്ത്രീയമായി സംയോജിപ്പിച്ച് വികസനപദ്ധതി തയ്യാറാക്കാൻ ഒരു വിദഗ്ദ്ധസമിതിയെ ഗ്രാമപഞ്ചായത്തു നിയോഗിക്കുന്നു. തയ്യാറാക്കപ്പെടുന്ന പദ്ധതി നടപ്പിലാക്കാൻ ജനകീയ സമിതികളെ ഗ്രാമപഞ്ചായത്തിന് ചുമതലപ്പെടുത്താവുന്നതാണ്.

ഇതേ രീതിയിൽ ബ്ളോക്കു വികസനസെമിനാർ ബ്ളോക്കുതല പദ്ധതികളും ജില്ലാ വികസനസെമിനാർ ജില്ലാതലപദ്ധതികളും സംസ്ഥാന വികസന കോൺഗ്രസ് സംസ്ഥാന പദ്ധതികളും തയ്യാറാക്കിനടപ്പാക്കുന്നു.

ജനകീയാസൂത്രണം അടിത്തട്ടിൽ നിന്നും മുകളിലേയ്ക്കു പടുത്തുയർത്തുന്ന പുതിയ സമീപനം ജനാധിപത്യപരമായ നേട്ടങ്ങളോടൊപ്പം വികസനരംഗത്തും ഉണർവുണ്ടാക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

നമ്മുടെ പഞ്ചായത്തിന് അടിസ്ഥാനമാകേണ്ട ഈ രേഖ വിശദമായ ചർച്ചകളിലൂടെ പൂർത്തീകരിക്കാൻ നമുക്കു കഴിയണം. ചർച്ചകളുടെ വെളിച്ചത്തിൽ രൂപംകൊടുക്കുന്ന വികസനപദ്ധതി പഞ്ചായത്തിൻെറ വികസനചരിത്രത്തിൽ ഒരു നാഴികക്കല്ലായി ത്തീരുമെന്നകാര്യത്തിൽ സംശയമില്ല.

ഇന്നലെയുടെ തെറ്റുകൾ മറന്ന്, വ്യത്യസ്തവീക്ഷണങ്ങളോട് സന്ധിചെയ്ത്, പ്രത്യയശാസ്ത്രവൈരുദ്ധ്യങ്ങൾക്ക് അവധി കൊടുത്ത, ഊഷരമായ ഈ മണ്ണിൽ കൂട്ടായ്മയുടെ ശക്തി ആവാഹിച്ച് നമുക്ക് പുത്തൻ ഗ്രാമവികസനത്തിൻെറ നവലോകം സൃഷ്ടിക്കാം.

വികസനരേഖ ചർച്ചകൾക്കും പരിചിന്തനങ്ങൾക്കുമായി പൂഞ്ഞാർ പഞ്ചായത്ത് വികസനസെമിനാറിൽ സമർപ്പിക്കുന്നു.

പരിപൂർണ്ണ ഉത്തരവാദിത്വമുള്ള

22 ct സ്വർണ്ണാഭരണങ്ങൾക്ക്

# വെള്ളിയേപ്പള്ളിൽ ജൂവലറി

ടി.ബി. റോഡ്, പാല.

ഫോൺ : 212100, 214106, 214107.